

# സത്യദൂതൻ

2017 മാർച്ച് | ലക്കം 3

വില ₹ 30

## ദിവ്യ വെളിപാടുകളും യുക്തി ബോധവും

---

## ഏകീകൃത സിവിൽ കോഡ്

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps
or scan the QR code below






The Sathyadoothan Monthly


# സത്യദൂതൻ

2017 മാർച്ച്
ഹി.ശ.1396 - അമാൻ
1438 ജ. ആഖിർ - റജബ്
പുസ്തകം 89 ലക്കം 3
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** ഖുത്ബ സംഗ്രഹം
**ആ്മാവിന്റെ കളങ്കങ്ങളെ സ്ഫുടം ചെയ്തെടുക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഫെബ്രുവരി 3ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11** **ദിവ്യ വെളിപാടുകളും യുക്തി ബോധവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**18** **അനന്തരാവകാശം**
ഡോ. ലുത്ഫുർറഹ്മാൻ

**23** **അബ്ദുസ്സലാമിനെ ഓർക്കുമ്പോൾ**
എ. എം.

**27** **സാർ നിക്കോളസിന്റെ നിഷ്ഠൂരമായ വധം**
എൻ. അബ്ദുർറഹീം

**30** **ഏകീകൃത സിവിൽ കോഡ്**
എ. എം. മുഹമ്മദ് സലിം

**36** **ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ - 5**
ഇബ്നു വഫ കോഴിക്കോട്

**41** കുറിപ്പുകൾ
**ഇന്ത്യയുടെ ആകാശക്കുതിപ്പ്**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



മനുഷ്യ വംശത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദേശിക്കുകയും ചീത്തകാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ഗ്രന്ഥാനുസാരികൾ വിശ്വസിച്ചിരുന്നെങ്കിൽ അവർക്കത് ഗുണകരമായേനെ. ( 3:111)

## നബിവചനം



നിങ്ങളുടെ ഏറ്റവും നല്ല നേതാക്കന്മാർ നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾ അവരെ സ്നേഹിക്കുകയും ചെയ്യുന്നവരാണ്. നിങ്ങൾക്ക് വേണ്ടി അവർ പ്രാർഥിക്കുകയും നിങ്ങൾ അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യും. ഏറ്റവും മോശപ്പെട്ട നിങ്ങളുടെ നേതാക്കന്മാർ നിങ്ങൾ വെറുക്കുന്നവരും അവർ നിങ്ങളെ വെറുക്കുന്നവരുമായിരിക്കും. അവരെ നിങ്ങൾ ശപിക്കുകയും അവർ നിങ്ങളെ ശപിക്കുകയും ചെയ്യും. ( മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം



### പരജനകാംക്ഷ

ഏക ദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിന് വേണ്ടി അത്ര ആവശ്യമില്ലാത്തതിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമല്ല. മതധർമ്മം എന്നാൽ ദൈവം നിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി നിൽക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പകാണിക്കുകയും ലോകത്ത് വന്ന സർവ്വ പ്രവാചകന്മാരും അതത് കാലത്ത് മനുഷ്യരെ നന്നാക്കി തീർക്കുന്നതിന്ന് എഴുന്നേൽപ്പിക്കപ്പെട്ട ദിവ്യദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു (***പൈഗാമെ സുൽഹ്***)

എഡിറ്റോറിയൽ

# മദ്ധ്യമ സമുദായത്തിന്റെ (ഉമ്മത്തൻ വസത്തൻ) പുനരുജ്ജീവനം

**അപ്രകാരം നിങ്ങളെ നാം ഒരു മദ്ധ്യമ സമുദായം ( ഉമ്മത്തൻ വസത്തൻ) ആക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് മേൽ സാക്ഷ്യം വഹിക്കാനും ഈ പ്രവാചകൻ നിങ്ങളുടെ മേൽ സാക്ഷ്യം വഹിക്കുന്നതിനും വേണ്ടി. (2:143)**

രാഷ്ട്രീയമായും മതപരമായും അസഹിഷ്ണുതയോടുകൂടിയ ആത്യന്തിക വാദത്തെയാണ് തീവ്രവാദം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. മുസ്‌ലിം ലോകം ഇത്തരത്തിലുള്ള നിലപാടുകൾ കൊണ്ട് കുപ്രസിദ്ധമാണ്. ബഹുഭൂരിപക്ഷം മുസ്‌ലിം സമൂഹത്തിന്റെ മേലും ഈ അപകീർത്തി മുദ്രിതമാണ്. ശക്തിയിലും അധികാരത്തിലും സംഹാരാത്മകവുമായ ഭരണത്തിലുമാണ് ഇവർ വിശ്വാസമർപ്പിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ ആവിർഭവിച്ച, ഹിംസയിലും വിപ്ലവത്തിലും അധിഷ്ഠിതമായ ചില രാഷ്ട്രീയ ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ ഭൂഗുരുത്വത്തിന്ന് വിധേയരാണ് ഇക്കൂട്ടർ. ഇസ്‌ലാമിന്റെ ഹൃദയാവർജ്ജകമായ നിസ്സർഗ്ഗ സൗന്ദര്യം ഇവരെ സ്വാധീനിച്ചിട്ടില്ല. റസൂൽ തിരുമേനി(സ)യുടെ വിനയത്തിന്റേയും കാരുണ്യത്തിന്റേയും സഹനത്തിന്റെയും സമർപ്പണത്തിന്റേയും ജീവിതമാതൃക അവരെ ആകർഷിച്ചിട്ടില്ല. ഇസ്‌ലാമിന്റെ ആത്മീയ സാന്ദ്രമായ ധാർമികാധ്യാപനങ്ങളോ ദിവ്യാത്മാക്കളുടെ ജീവിതമോ അവരിൽ ചലനം സൃഷ്ടിക്കാറില്ല. പ്രപഞ്ചനാഥന്റെ മുമ്പിൽ അവർ തങ്ങളുടെ ഹൃദയ വിലാപങ്ങളാൽ പ്രണിപതിക്കാറില്ല. റഹ്മാനായ റബ്ബിന്റെ മുമ്പിൽ ഇസ്തിഗ്ഫാറിന്റെയും തൗബയുടെയും അർത്ഥനകൾ അവർ സമർപ്പിക്കാറില്ല. ജീവിത പരീക്ഷണങ്ങളിൽ ആത്മ നിയന്ത്രണത്തിന്റെ ഇസ്‌ലാമിക കീഴ്‌വഴക്കങ്ങൾ അവർ പാലിക്കാറില്ല. ഇക്കൂട്ടരുടെ മനോഗതിയും ആത്സംസ്ക്കാരവും മറ്റൊന്നാണ്. ഐഹിക ലോകത്തിലെ വിഭവങ്ങളും അധികാരങ്ങളും മതത്തിന്റെ പേരിൽ അവർക്ക് ക്ഷിപ്രസാദ്ധ്യമാകണം. അതുകൊണ്ടാണ് വാൾതലപ്പുകളിലും ആയുധങ്ങളിലും പേശീബലത്തിലും അവർ അഭയം തേടുന്നത്. അതിന് വേണ്ടിയാണ് അവർ മസീഹിനെ കാത്തിരിക്കുന്നത്.

ഖുർആൻ പറയുന്നു: ***പറയുക, ഗ്രന്ഥാനുസാരികളെ! നിങ്ങളുടെ മതകാര്യങ്ങളിൽ നിങ്ങൾ അന്യായമായ നിലയിൽ അതിരുകവിയരുത്. മുമ്പ് വഴികേടിലായിപ്പോയ ഒരു ജനതയുടെ സേഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്. (5:77)***

ഉത്കൃഷ്ട സമുദായം, മദ്ധ്യമ സമുദായം എന്നീ അഭിധാനങ്ങളിൽ വാഴ്ത്തപ്പെട്ട മുസ്‌ലിം സമൂഹത്തിന്റെ സ്ഥിതി ഇന്നെന്താണ്?. ഭൗതിക പ്രലോഭനങ്ങളിൽ അവർ ജീർണ്ണിതമായിരിക്കുന്നു!!. സമുദായത്തിന്റെ ആത്മീയവും സാംസ്കാരികവുമായ പുനരുജ്ജീവനം സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സാദ്ധ്യമല്ല. അത് അല്ലാഹുവിന്റെ സമ്പ്രദായവുമല്ല. അല്ലാഹു പണ്ട്കാലങ്ങളിൽ ചെയ്തത് പോലെ അവന്റെ വാഗ്ദാന പ്രകാരമുള്ള ഒരു ഇമാമുസ്സമാനെ അയച്ച്കൊണ്ടാണ് അത് നിർവ്വഹിക്കുക. അപ്രകാരം ആഗതനായ മഹാത്മാവാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ). അദ്ദേഹം പറയുന്നു:

**ഇപ്പോൾ അവശേഷിക്കുന്ന ചോദ്യം ഇതാണ്. സകലമാന മുസ്‌ലിംകളും യോഗി വര്യന്മാരും (സാഹിദ്മാർ) സ്വപ്നദർശികളും ദിവ്യഭാഷണം ലഭിക്കുന്നവരും(മുൽഹം) എല്ലാവരും ആരെ പിന്തുടരാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നുവോ ആ ഇമാമുസ്സമാൻ ആരാണ്? ഞാൻ ഈ അവസരത്തിൽ നിർഭയം പ്രഖ്യാപിക്കുന്നു. ദൈവാനുഗ്രഹത്താലും അവന്റെ വരപ്രസാദത്താലും ആ ഇമാമുസ്സസമാൻ ഞാൻ തന്നെയാകുന്നു. എന്നിൽ ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ദൈവം ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലക്കൽ അവൻ എന്നെ നിയമിക്കുകയും ചെയ്തിരിക്കുന്നു. (സറൂറത്തുൽ ഇമാം)**



**ഹദ്റത്ത് അഹ്മദ് (അ)**

# ഞാൻ ദൈവനിയുക്തനായ മസീഹാണ്

ഓ മുസ്‌ലിംകളെ ഓർത്തുകൊള്ളുക അല്ലാഹു എന്നിലൂടെ നിങ്ങൾക്ക് ഒരു സുവാർത്ത അറിയിച്ചിരിക്കയാണ്. ഞാൻ എന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അത് ശ്രവിക്കുന്നതും ശ്രവിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടം. ഹദ്റത്ത് ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്നത് തികച്ചും സത്യമാണ്. വാഗ്ദാനം ചെയ്യപ്പെട്ട ആൾ താനാണെന്ന് അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ട് പറയുകയാണ്. ഇസ്‌ലാമിന്റെ ജീവിതം ഈസാ നബി (അ) ന്റെ മരണത്തിലാണ് ഉള്ളതെന്നത് ഒരു ഉ റച്ച സത്യമാണ്.

........... ഇനി ചിന്തിച്ചാലും! വാദിയായ ഞാൻ ദജ്ജാലാണെന്നും കള്ളവാദിയെന്നും മുദ്രകുത്തപ്പെടുകയുണ്ടായി. എന്നിട്ടും വ്യാജവാദിയായ എനിക്കായി ഇത്രയധികം അടയാളങ്ങൾ പൂർത്തിയാക്കപ്പെടുക എന്നത് അത്ഭുതകരം തന്നെ. ഞാനല്ലതെ മറ്റൊരാളാണ് വരേണ്ടതെങ്കിൽ പിന്നെ അയാൾക്ക് എന്തടയാളമാണ് അവശേഷിക്കുക. അൽപ്പമെങ്കിലും നീതി കാണിക്കൂ. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു ഏതെങ്കിലും വ്യാജവാദിയെ ഇവ്വിധംസഹായിക്കാറുണ്ടോ? എനിക്കെതിരായി വന്നവരെല്ലാം പരാജിതരായി എന്ന കാര്യം അത്ഭുതമല്ലേ? ഏതെല്ലാം ആപത്തുകളിലും അപകടങ്ങളിലുമാണ് എന്റെ എതിരാളികൾ എന്നെ ചാടിക്കാൻ ശ്രമിച്ചത്. അവയിൽ നിന്നെല്ലാം അല്ലാഹു സുരക്ഷിതനായും ഉദ്ദേശ സാഫല്യം ലഭിച്ചവനായും രക്ഷപ്പെടുത്തി. വ്യാജന്മാരോട് അല്ലാഹു ഇങ്ങിനെയാണോ പെരുമാറുക എന്ന് സത്യം ചെയ്ത് ആരെങ്കിലും പറയട്ടെ.


എന്നെ എതിർത്തു കൊണ്ടിരിക്കുന്ന ഉലമാക്കന്മാർക്ക് എന്തു പറ്റിയെന്ന് ഞാൻ പരിതാപപ്പെടുകയാണ്. അവർ വിശുദ്ധ ഖുർആനും ഹദീസുകളും എന്തുകൊണ്ട് സശ്രദ്ധം പാരായണം ചെയ്യുന്നില്ല. ഇതിന്ന് മുമ്പ് കഴിഞ്ഞുപോയ മഹാത്മാക്കളെല്ലാം തന്നെ വാഗ്ദത്ത് മസീഹിന്റെ ആഗമനം പതിനാലാം നൂറ്റാണ്ടിലാണെന്ന് പറഞ്ഞുകൊണ്ടിരുന്ന കാര്യം അവർ അറിയുന്നില്ലേ? എല്ലാ ദിവ്യ ദർശകരുടെ ദർശനങ്ങളും ഇവിടം വന്നെത്തി നിൽക്കുന്നു. വാഗ്ദത്ത മസീഹിന്റെ ആഗമനം ഹിജ്റ പതിനാലാം നൂറ്റാണ്ടിനപ്പുറം പോകില്ല എന്ന് ഹിജജുൽ കിറാമ എന്ന ഗ്രന്ഥം വ്യക്തമായി രേഖപ്പെടുത്തുന്നു. വന്യമൃഗങ്ങൾകൂടി അഭയം തേടിയ നൂറ്റാണ്ടാണ് പതിമൂന്നാം നൂറ്റാണ്ടെന്നും പതിനാലാം നൂറ്റാണ്ട് അനുഗ്രഹീത നൂറ്റാണ്ടാണെന്നും ഇവർ തന്നെ മിംബറുകളിൽ കയറിനിന്നു കൊണ്ട് പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ എന്താണ് ഉണ്ടായത്? ? പതിനാലാം നൂറ്റാണ്ടിൽ ഇമാമിന് പകരം വന്നത് ഒരു വ്യാജവാദിയാണ്.!! എന്ന് മാത്രമല്ല, അയാളെ പിന്താങ്ങിക്കൊണ്ട് ആയിരക്കണക്കിന്ന് ലക്ഷക്കണക്കിന്ന് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. അല്ലാഹു ഒരോ രംഗത്തും എതിർപ്പിലും അദ്ദേഹത്തെ സഹായിച്ചു കൊണ്ടിരിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് അൽപ്പം ചിന്തിച്ച് മറുപടി പറയുക . വായ കൊണ്ട് എന്തെങ്കിലും പറയുക എന്നത് എളുപ്പമാണ്. അല്ലാഹുവിനെ ഭയന്ന് കൊണ്ട് സംസാരിക്കുക എന്നത് പ്രയാസകരമാണ്..

ഇത് കൂടാതെ ഒരുകാര്യം കൂടി ശ്രദ്ധേയമാണ്. അല്ലാഹു ഒരു വ്യാജവാദിക്കും കുറ്റുകെട്ടുകാരനും ഹദ്റത്ത് റസൂൽ തിരുമേനിക്ക്(സ) ലഭിച്ചയത്ര കാലയളവ് നൽകുകയില്ല. എനിക്ക് ഇപ്പോൾ 67 വയസ്സായി എന്റെ നിയോഗിത കാലഘട്ടം 23 വർഷത്തിലധികമായി. ഞാൻ യഥാർത്ഥത്തിൽ ഒരു വ്യാജ വാദിയായിരുന്നെങ്കിൽ അല്ലാഹു ഈ പ്രസ്ഥാനത്തെ ഇത്രയധികം നീട്ടിക്കൊണ്ടു പോകുമായിരുന്നില്ല.

(ലുധിയാനാ പ്രഭാഷണം) *വിവ: മുഹമ്മദ് ഉമർ*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ഫെബ്രുവരി 3ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ആത്മാവിന്റെ കളങ്കങ്ങളെ സ്ഫുടം ചെയ്തെടുക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് ബംഗ്ലാദേശ് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന(വാർഷിക സമ്മേളനം) ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബംഗ്ലാദേശിലെ ജമാഅത്തും വലിയ ആത്മാർഥമായ ജമാഅത്താണ്. അവിടത്തെ അഹ്മദികൾ ജീവിതം ബലിദാനം ചെയ്തിട്ടുള്ള രാജ്യവുമാണത്. 12, 13 നടുത്ത് ആളുകൾ അവിടെ ശഹീദായിട്ടുണ്ട്. അക്രമങ്ങളും സഹിച്ചു. സഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിലുള്ള വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും അല്ലാഹുവിന്റെ കൃപയാൽ വലിയ ശക്തരാണ് അവർ. അല്ലാഹു അവരുടെ വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും എപ്പോഴും വർധന നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ഇപ്രകാരംതന്നെ സിയറ ലിയോൺ (Sierra Leone) ലും ഇന്ന് ജൽസ സാലാന ആരംഭിച്ചിരിക്കുന്നു.

ഏതു രാജ്യത്താണെങ്കിലും ബംഗ്ലാദേശിലാണെങ്കിലും സിയറ ലിയോണിലാണെങ്കിലും, ആഫ്രിക്കയിലാണെങ്കിലും മറ്റേതുരാജ്യത്താണെങ്കിലുംശരി ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ ഈ ജൽസ സംഘടിപ്പിക്കുന്നത് ആ ഉദ്ദേശ്യത്തിന്റെ ആത്മാവിനെ നാം മനസ്സിലാക്കുന്നവരും സ്വാംശീകരിക്കുന്നവരുമാകണം. ആ ഉദ്ദേശ്യമെന്താണ്? അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവിധ സന്ദർഭങ്ങളിൽ ജൽസയെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിട്ടുള്ള ഉദ്ദേശ്യമാണ്. ജൽസ സാലാനയുടെ ഉൽഘാടനത്തിന്റെ അവസരത്തിൽ ബംഗ്ലാദേശുകാരും സിയറ ലിയോൺകാരും അതിനെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ കേട്ടുകഴിഞ്ഞിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ലോകത്തുള്ള എല്ലാ അഹ്മദികളും എപ്പോഴും ഈ ഉദ്ദേശ്യം തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. കാരണം ഇത് വെറും മൂന്നുദിവസത്തിന്റെ ഉദ്ദേശ്യമല്ല. മറിച്ച് ഒരു അഹ്മദി മുസൽമാന്റെ ജീവിതംമുഴുവനുമുള്ള ഉദ്ദേശ്യമാണ്. അതുകൊണ്ട് എപ്പോഴും ഈ ലക്ഷ്യങ്ങൾ മുമ്പിൽ വെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"ജൽസയുടെ ഒരു ഉദ്ദേശ്യം സ്വാത്മപരിത്യാഗവും ദൈവഭക്തിയും(സുഹ്ദും തഖ്‌വയും)ഉണ്ടാക്കുക എന്നതാണ്. ഇതൊരു താൽക്കാലികമായ കാര്യമല്ല. സ്ഥിരമായി നില്ക്കേണ്ട കാര്യമാണ്. നിങ്ങളുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയത്തിന്റെ യഥാർഥമായ ഗ്രാഹ്യം ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് നിങ്ങൾ ജൽസയിൽ വരികതന്നെ ചെയ്യും. ഇതും സുസ്ഥിരമായൊരു കാര്യമാണ്. അതായത് ഭയം മൂലമാണ്. എങ്ങനെയുള്ള ഭയമെന്നാൽ കേവലം പേടിച്ചിട്ടുള്ള ഭയമല്ല മറിച്ച് സ്വന്തം പ്രിയപ്പെട്ടവന്റെ വെറുപ്പുണ്ടാകുമോ എന്ന ഭയമാണ്. പിന്നീട് ജൽസയിൽ വരിക എന്നത് പരസ്പരം മനസ്സുകളിൽ മൃദുലാവസ്ഥ ഉണ്ടാക്കുന്നതായിരിക്കണം. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് പരസ്പരമുള്ള സ്നേഹത്തിൽ ഒരാൾ മറ്റൊരാളെക്കാൾ ഉയരുന്നവനായിരിക്കണം. ലോകം അസൂയപ്പെടുംവിധം പരസ്പരം സാഹോദര്യബന്ധമുണ്ടാക്കണം. അത്തരം മാതൃകകൾ മാത്രമേ യഥാർഥമായ ഇസ്‌ലാമികാധ്യാപനത്തിന്റെ പ്രകടനമാകുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാര്യത്തിന്റെ ആവശ്യകതയെ കുറിച്ച് നമ്മെ ബോധവാന്മാരാക്കി. അതായത് ആ മഹാത്മാവിനെ വിശ്വസിക്കുന്നവർ വിനയവും എളിമയും കാണിക്കുന്നവരായിരിക്കണം. അഹങ്കാരവും അഹന്തയും തങ്ങളുടെ ഉള്ളിൽനിന്ന് അപ്പാടെ വർജ്ജിക്കണം. ഇന്ന് ഇസ്‌ലാമിന് എല്ലായിടത്തും ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ -മുസ്‌ലിം രാഷ്ട്രങ്ങളിൽത്തന്നെയും മുസ്‌ലിം മുസ്‌ലിമിന്റെ രക്തത്തിനുവേണ്ടി ദാഹിക്കുകയും മുസ്‌ലിമിന്റെ കർമം ഇസ്‌ലാമികാധ്യാപനങ്ങളിൽനിന്ന് അകന്നുപൊയ്ക്കഴിഞ്ഞിരിക്കുകയും ചെയ്തിരിക്കുന്ന ഇത്തരം പരിതഃസ്ഥിതിയിൽ നമ്മൾ അഹ്മദികൾതന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെ കുറിച്ച് പറഞ്ഞുകൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാക്കുക എന്നതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ ജൽസ സംഘടിപ്പിക്കുന്നത് ഈ അന്തരീക്ഷത്തിലിരുന്ന് അതായത് ഈ മൂന്നു ദിവസത്തെ സമ്മേളന സാഹചര്യത്തിൽ സ്വന്തം കളങ്കങ്ങൾ നീക്കം ചെയ്യുക. മനസ്സിൽ പിടിച്ചിരിക്കുന്ന കളങ്കങ്ങൾ സ്പുടം ചെയ്ത് നീക്കുക. വിശ്വാസാദർശപരമായി ഇവിടെ വസിക്കുന്ന അഹ്മദികൾ നിസംശയം വളരെ ശക്തരാണ്. ഞാൻ പറഞ്ഞതുപോലെ ഇതിനായി ബംഗ്ലാദേശിലെ അഹ്മദികൾ ജീവൻ പോലും ബലി അർപിക്കുകയുണ്ടായി. പക്ഷേ, അല്ലാഹു നമ്മളിലുള്ള ഓരോരുത്തരും ഇസ്‌ലാമിന്റെ ഈ പുനരുജ്ജീവന കാലഘട്ടത്തിൽ നമ്മുടെ കർമപരമായ അവസ്ഥകൾ ഏറ്റവും ഉന്നതമായ നിലയിൽ കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നു. അല്ലാഹു പറഞ്ഞ രീതിയനുരിച്ച് നമസ്കാരങ്ങൾ അനുഷ്ഠിക്കുക. സ്വന്തം നമസ്ക്കാരങ്ങളുടെ ഉള്ളിൽ നമസ്കാരങ്ങളുടെ ആത്മാവ് സ്ഥാപിക്കാൻ ശ്രമിക്കുക. ഇതുസംബന്ധമായി കഴിഞ്ഞ രണ്ടു ഖുത്ബകളിൽ വളരെ വിശദീകരിച്ച് ഞാൻ വിവരിച്ചുകഴിഞ്ഞതാണ്. സമസൃഷ്ടികളോടുള്ള കടമകൾ നിങ്ങളുടെ എല്ലാ കഴിവുകളോടും കൂടി നിറവേറ്റുക. പറഞ്ഞതുപോലെ ജൽസയുടെ ഉദ്ദേശ്യങ്ങളിലൊന്ന് സ്വാത്മപരിത്യാഗവും ദൈഭക്തി ഉണ്ടാക്കലുമാണ്. ദൈവഭക്തിയെ സംബന്ധിച്ച് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'തഖ്‌വ എന്നതിന്റെ അർഥം തിന്മയുടെ ലോലമായ വഴികളിൽനിന്നുപോലും മാറി നില്ക്കുക എന്നതാണ്. എന്നാൽ, ഓർമിച്ചുകൊള്ളുക! ഒരാൾ താൻ നല്ലവനാണെന്ന് പറയുക മാത്രമല്ല നന്മ. എന്തെന്നാൽ ഞാൻ ആരുടേയും പണമെടുത്തിട്ടില്ല. ആരേയും കൊളളയടിച്ചിട്ടില്ല. തട്ടിപ്പറിച്ചെടുത്തിട്ടില്ല. അപഹരിച്ചിട്ടില്ല. ആരുടേയും അവകാശങ്ങൾ കൈവശപ്പെടുത്തിയിട്ടില്ല. ആർക്കും തുരങ്കം വച്ചിട്ടില്ല. മോഷ്ടിച്ചിട്ടില്ല. ദുർന്നോട്ടം ചെയ്തിട്ടില്ല. വ്യഭിചരിച്ചിട്ടില്ല. ഇത്തരം നന്മകൾ ദൈവജ്ഞാനികളുടെ പക്കൽ ചിരിക്കു വക നല്കുന്നതാണ്. ഇതൊരു നന്മയുമല്ല. ഇതു തമാശയാണ്. കാരണം അവർ ഈ തിന്മകൾ ചെയ്യുകയായിരുന്നെങ്കിൽ, കൊള്ളയടിക്കുകയോ മോഷ്ടിക്കുകയോ ചെയ്തിരുന്നെങ്കിൽ അവൻ ശിക്ഷിക്കപ്പെടുന്നതാണ്. അതു

കൊണ്ട് ദൈവജ്ഞാനികളുടെ ദൃഷ്ടിയിൽ ഇതൊരു നന്മയല്ല. മറിച്ച് യഥാർഥവും അസലുമായിട്ടുള്ള നന്മ മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ തികവുറ്റ സത്യസന്ധതയും കൂറും കാണിക്കുക. അവന്റെ വഴിയിൽ ജീവൻവരെ നല്കാൻ തയ്യാറായിരിക്കുക. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത് ഇന്നല്ലാഹ മഅല്ലദീനത്തഖവ് വ്വല്ലദീനഹും മ്മുഹ്സിനൂൻ അതായത് അല്ലാഹു തിന്മയിൽനിന്ന് രക്ഷപ്പെട്ടു നില്ക്കുകയും അതിനോടൊപ്പം നന്മ ചെയ്യുകയും ചെയ്തവരുടെ കൂടെയാണ്.'

ദുആയുടെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ദുആ ഒരു ശമനൗഷധമാണ്. ഒരുപിടിമണ്ണിനെ സ്വർണമാക്കിത്തീർക്കുന്ന രസതന്ത്രമാണ് ദുആ. ഒരുപിടി മണ്ണെടുക്കുക. ദുആകൊണ്ട് അത് സ്വർണമായിത്തീരുന്നു. ദുആയിൽ അത്രമാത്രം പ്രഭാവമുണ്ടാകേണ്ടതാണ്. ആന്തരികമായ മാലിന്യങ്ങളെ കഴുകിക്കളയുന്ന ഒരു ജലമാണത്. പക്ഷേ, എങ്ങനെയുള്ള ദുആയാണ്! പറഞ്ഞു:ആ ദുആയോടൊപ്പം ആത്മാവ് ഉരുകുന്നു. മനസ്സിൽനിന്ന് നിർഗ്ഗളിക്കുകയും അതിനേടൊപ്പം ആത്മാവ് ഉരുകുകയും ചെയ്യുന്ന ദുആ. വെള്ളംപോലെ ഒഴുകി ഏകനായ ദൈവത്തിന്റെ തിരുസന്നിധിയിൽ വീഴുന്നു. അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപിക്കപ്പെടുന്നു. അത് അല്ലാഹുവിന്റെ തിരുസന്നിധയിൽ എഴുന്നേറ്റു നല്ക്കുകയും ചെയ്യുന്നു. റുക്കൂഉം ചെയ്യുന്നു. സുജൂദും ചെയ്യുന്നു. ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ള നമസ്കാരം ഇതിന്റെ പ്രതിച്ഛായയാണ്. നമസ്കാരത്തിന്റെ യാഥാർഥ്യം അറിയണമെങ്കിൽ -അതായത് എന്താണ് യാഥാർഥ്യമെന്ന്- അപ്പോൾ പിന്നെ ഇതാണ് നമസ്കാരം. ഇതുമുഖേന അല്ലാഹുവിനെ കിട്ടുന്നു. ഒരുപാട് നമസ്കരിച്ചുവെന്നും പക്ഷേ, അല്ലാഹുവിനെ കിട്ടിയില്ലെന്നും ആളുകൾ പറയുമ്പോൾ ഈ അവസ്ഥ ഉണ്ടാക്കേണ്ട ആവശ്യമാണുള്ളത്. ഭൗതികമായ നസ്കാരം ആത്മീയമായ നമസ്കാരംപോലെ ചലിക്കുന്നതിനുവേണ്ടി ഇസ്‌ലാമിക ശരീഅത്ത് അതിന്റെ ചിത്രം സാധാരണ നമസ്കാരങ്ങളിൽ കോറിയിട്ടിരിക്കുന്നു. കാരണം ആത്മാവിന്റെ സ്വാധീനം ശരീരത്തിലും ശരീരത്തിന്റെ സ്വാധീനം ആത്മാവിലും ഉണ്ടാകുവിധംതന്നെയാണ് അല്ലാഹു മനുഷ്യന്റെ സൃഷ്ടിപ്പുതന്നെ നടത്തിയിട്ടുള്ളത്. ആത്മാവും അതിന്റേതായ നിലയിൽ ഖിയാമിലും റുക്കൂഇലും സുജൂദിലും പങ്കാളിയാകാൻ ശ്രമിക്കാത്തിടത്തോളം ബാഹ്യമായ നിലയിൽ നമസ്കാരങ്ങളിൽ വെറും റുകൂഉം സുജൂദും ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഈ പങ്കെടുക്കുക എന്നത് ദൈവജ്ഞാനത്തിൽ നിമജ്ജനം ചെയ്യുക എന്നതാണ്. . അവിടന്ന് ഒരിടത്ത് ഇതിന് മറ്റൊരു വിശദീകരണം നല്കിയിരിക്കുന്നു.

അതായത് എല്ലാ ഫള്ലും അഥവാ ദൈവകൃപയും കിട്ടുന്നത് അല്ലാഹുവിന്റെ ഫള്ലിൽനിന്നാണ്. അതുകൊണ്ട് ഫള്ൽ കരസ്ഥമാക്കുന്നതിനും അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. അവനോടു ചോദിക്കുക. അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ഈ ദൈവജ്ഞാനം ലഭിക്കുമ്പോൾ യഥാർഖത്ഥമായ നമസ്കാരവും നിറവേറ്റപ്പെടുന്നു. അതിന് മുജാഹദയുടേയും അത്യധ്വാനത്തിന്റേയും ആവശ്യമുണ്ട്. നിരന്തരമായ പരിശ്രമത്തിന്റെ ആവശ്യമുണ്ട്. മുജാഹദ ഉണ്ടാകുമ്പോൾ ജന്മോദ്ദേശ്യവും കരസ്ഥമാകുന്നതായിരിക്കും.

ഹുസൂർ തിരുമനസ്സ് തുടരുന്നു: 'ഏറ്റവും പ്രയാസകരവും ദുർഘടംപിടിച്ചതുമായ ഘട്ടം സൃഷ്ടികളോടുള്ള കടമനിറവേറ്റുക എന്നതാണ്. ഇതാണ് യാഥാർഥ്യം. ആളുകൾ നമസ്കരിക്കും. മസ്ജിദുകളിൽ വരികയും ചെയ്യും. ചന്ദകളും നല്കും. ചിലപ്പോൾ ജീവനും ബലിയർപിക്കും. പക്ഷേ, ജനങ്ങളോടുള്ള കടമ നിറവേറ്റുക എന്നത് വലിയ ബുദ്ധിമുട്ടായിത്തീരുന്ന ചില സന്ദർഭങ്ങൾ വന്നുപെടുന്നു. അതുകൊണ്ട് ഈ ഘട്ടത്തിൽ വളരെ ജാഗ്രതയോടെ ചുവടുവയ്ക്കേണ്ടതാണ്.' പറഞ്ഞു, 'ശത്രുക്കളോടും അതിരുവിട്ട് അക്രമം കാണിക്കരുതെന്നാണ് എന്റെ മതം. ചിലയാളുകൾ ആഗ്രഹിക്കുന്നത് എങ്ങനേയും അവരെ നശിപ്പിക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും ശ്രമിക്കണമെന്നാണ്. പിന്നീട് അവർ ഈ ചിന്തയിൽ മുഴുകി അനുവദനീയവും അല്ലാത്തതുമായ ഏതു കാര്യങ്ങളും ചെയ്യാൻ മടിക്കുന്നില്ല. അവർക്ക് ദുഷ്പേരുണ്ടാക്കുന്നതിന് അപരാധം പറഞ്ഞു പരത്തുന്നു. കറ്റുകെട്ടിപ്പറയുന്നു. പരദൂഷണം പറയുന്നു. മറ്റുള്ളവരെ അവർക്കെതിരിൽ പ്രകോപിപ്പിക്കുന്നു. നിസ്സാരമായ ശത്രുതകൊണ്ട് എത്രമാത്രം തിന്മകളുടേയും ദോഷങ്ങളുടേയും അനന്തരാവകാശിയാണ് ആയതെന്ന് നോക്കുക. പിന്നീട് ഈ തിന്മകൾ അതിന്റെ കുഞ്ഞുങ്ങളെ പ്രസവിക്കുമ്പോൾ കുട്ടികളെ പ്രസവിക്കുന്നതുപോലെ ഒന്നിനു പുറമെ മറ്റൊരു തിന്മ ജന്മംകൊള്ളുന്നു. ഒരു തിന്മ മറ്റൊരു തിന്മയെ സൃഷ്ടിക്കുന്നു. അത് അതിന്റെ കുട്ടികളെ പ്രസവിക്കുമ്പോൾ എവിടംവരെ അവസ്ഥ എത്തും?' ഹുസൂർ തിരുമനസ്സ് പറഞ്ഞു: 'ഞാൻ സത്യം പറയുന്നു. നിങ്ങളാരേയും നിങ്ങളുടെ വ്യക്തിഗത ശത്രുവായി മനസ്സിലാക്കരുത്. ആ പകയുടെ ശീലം തികച്ചും ഉപേക്ഷിച്ചു കളയുക. നിങ്ങളോടൊപ്പം അല്ലാഹു ഉണ്ടെങ്കിൽ നിങ്ങൾ അല്ലാഹുവിന്റേതായിത്തീർന്നാൽ ശത്രുക്കളേയും നിങ്ങളുടെ സേവകരിൽ കൊണ്ടുവരാൻ അവനു കഴിയും. എന്നാൽ, നിങ്ങൾ അല്ലാഹുവിൽനിന്നുതന്നെ ബന്ധം വിച്ഛേദിച്ചിരിക്കുകയും അവനോടു ഒരു സ്നേഹബന്ധവും പുലർത്താതിരിക്കുകയും അവനെ ധിക്കരിക്കുകയും അവന്റെ ഇഷ്ടത്തിന്നെതിരെ നടക്കുകയുമാണെങ്കിൽ പിന്നെ അല്ലാഹുവിനെക്കാൾ വലിയ നിങ്ങ

ളുടെ ശത്രു ആരാകാനാണ്? സൃഷ്ടികളുടെ ശത്രുതയിൽനിന്ന് മനുഷ്യന് രക്ഷപ്പെടാൻ കഴിയും. എന്നാൽ, അല്ലാഹു ശത്രവാകുമ്പോൾ മുഴുവൻ സൃഷ്ടികളും മിത്രങ്ങളായാലും ഒന്നും നടക്കുകയില്ല. അതുകൊണ്ട് നിങ്ങളുടെ മാർഗം പ്രവാചകന്മാരുടെ മാർഗം ആയിരിക്കേണ്ടതാണ്. വ്യക്തപരമായി ശത്രുക്കൾ ഉണ്ടാകരുതെന്നാണ് അല്ലാഹുവിന്റെ ഇച്ഛ.' വ്യക്തിപരമായി ഒരു ശത്രുതയും ഉണ്ടാകരുത്. പറഞ്ഞു: 'നല്ലവണ്ണം ഓർത്തുകൊള്ളുക. മനുഷ്യന് മാന്യതയും സൗഭാഗ്യവും കിട്ടുന്നത് വ്യക്തിപരമായ നിലയിൽ ആരുടേയും ശത്രുവാകാതിരിക്കുമ്പോഴാണ്. അതേ! അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അഭിമാനത്തിന്റെ പ്രശ്നം വരുമ്പോൾ അതുവേറെ കാര്യമാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും പ്രശ്നമുണ്ടാകുമ്പോൾ അവിടെ ശത്രുതയുമുണ്ടാകും. അതായത് ആരാണോ അല്ലാഹുവിനേയും അവന്റെ റസൂലിനേയും ആദരിക്കാത്തത് എന്നല്ല അവരുടെ ശത്രുവാകുന്നത് അവനെ നിങ്ങൾ നിങ്ങളുടെ ശത്രുവായി മനസ്സിലാക്കുക. ശത്രുവായി മനസ്സിലാക്കുന്നതിന്റെ അർഥം അവരുടെമേൽ കുറ്റുകെട്ടിപ്പറയുക എന്നതല്ല. അകാരണമായി അവരെ പീഢിപ്പിക്കാനുള്ള ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതല്ല. മറിച്ച് അവരിൽനിന്ന് വേർപ്പെട്ടുകൊള്ളുക എന്നാണ്. കാര്യം അല്ലാഹുവിൽ അർപിക്കുക എന്നാണ്. സാധ്യമെങ്കിൽ അവരുടെ പരിഷ്കരണത്തിന് ദുആ ചെയ്യുക. സാധ്യമെങ്കിൽ ശത്രുവിന്റെ പരിഷ്കരണത്തിന് ദുആ ചെയ്യുക. സ്വന്തമായ നിലയിൽ പുതിയ ഉപ്പുംമുളകും ചേർക്കാതിരിക്കുക. അതായത് അതൊടൊപ്പം പുതിയ കലഹമൊന്നും തുടങ്ങരുത്.' പറഞ്ഞു, 'ഇക്കാര്യങ്ങളാണ് തദ്കിയെ നഫ്സിനെ(മനഃപരിശുദ്ധിയെ) സംബന്ധിച്ചുള്ളത്. പറയുന്നു, ഹദ്റത്ത് അലി കർറമ്മല്ലാഹുവജ്ഹുഹു ഒരു ശത്രുവുമായി പോരാടുകയായിരുന്നു. അല്ലാഹുവിനുവേണ്ടിമാത്രമാണ് പോരാടിയിരുന്നത്. അവസാനം ഹദ്റത്ത് അലി(റ) അയാളെ താഴെ മറിച്ചിട്ടു. അയാളുടെ നെഞ്ചിൽ കയറി ഇരുന്നു. അയാൾ ഉടനെ ഹദ്റത്ത് അലിയുടെ മുഖത്ത് തുപ്പി. ഹദ്റത്ത് അലി ഉടനെ അയാളുടെ നെഞ്ചിൽനിന്ന് ചാടിയിറങ്ങി. അയാളെ വെറുതെവിട്ടു. ഇതുവരെ ഞാൻ നീയുമായി പോരാടിയത് അല്ലാഹുവിനുവേണ്ടി മാത്രമായിരുന്നു. എന്നാൽ, ഇപ്പോൾ നീ എന്റെ മുഖത്ത് തുപ്പിയപ്പോൾ എന്റേതായ കുറച്ചു ഭാഗവും അതിൽ കൂടിച്ചേരുന്നു. അതുകൊണ്ട് എനിക്കുവേണ്ടി നിന്നെ കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹം തന്റെ ആത്മാവിന്റെ ശത്രുവിനെ ശത്രുവായി കണ്ടില്ല എന്നാണ്. ഇത്തരം പ്രകൃതിയും ശീലവും സ്വന്തം ഉള്ളിലുണ്ടാക്കേണ്ടതാണ്. സ്വാർഥപരമായ അത്യാഗ്രഹത്തിനും ഉദ്ദേശ്യത്തിനുംവേണ്ടി ആരെയെങ്കിലും വിഷമിപ്പിക്കുകയും ശത്രുതയുടെ പരമ്പരയെ വിശാലമാക്കിക്കൊണ്ടു പോകുകയുമാണെങ്കിൽ അതിനെക്കാൾ വലിയ അല്ലാഹുവിനു വെറുപ്പുണ്ടാക്കുന്നകാര്യം എന്തുണ്ടാകാനാണ്.

അതിനാൽ, എന്തെങ്കിലും വ്യക്തിപരമായ കാരണത്താൽ ആരേയും വിഷമിപ്പിക്കരുത്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ശത്രുവിനെ സ്വന്തം ശത്രുവായി മനസ്സിലാക്കുക. അവിടെ നിന്ന് എഴുന്നേറ്റു പോകുക. അവനുവേണ്ടി ദുആ ചെയ്യുക. അവനെ നന്നാക്കാൻ ശ്രമിക്കുക. അയാളുടെ ആക്രമണത്തിന് അനുവദനീയമായ നിലയിൽ മറുപടി നല്കുക. അല്ലാതെ അയാൾ ചെയ്യുന്ന എല്ലാ കാര്യവും മോശമാണെന്ന് മനസ്സിലാക്കി പൂർണമായും തെറ്റായ മാർഗ്ഗത്തിലൂടെ ശത്രുതയിൽ ഇറങ്ങിപുറപ്പെടുക എന്നതല്ല. ഇതും തെറ്റാണ്.

അല്ലാഹു നമുക്ക് തഖ്‌വയുടെ യഥാർഥ അറിവും ഗ്രാഹ്യവും പ്രദാനം ചെയ്യുമാറാകട്ടെ. തന്റെ കൃപ ചൊരിഞ്ഞുകൊണ്ട് നമ്മുടെ നമസ്കാരങ്ങളും ആരാധനകളും അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതാക്കിത്തീർക്കട്ടെ. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് നേർത്തവഴികൾപോലും മനസ്സിലാക്കുന്നവരാക്കിത്തീർക്കട്ടെ. നമ്മുടെ എല്ലാ കർമങ്ങളേയും അതു ഭൗതികമാണെങ്കിലും നമ്മൾ അല്ലാഹുവിന്റെ തൃപ്തിയെ എപ്പോഴും കരസ്ഥമാക്കുന്നതും മുന്തിക്കുന്നതുമാക്കിത്തീർക്കട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

## ജുമാനമസ്ക്കാരം

അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. നമസ്കാരം ജമാഅത്തായി നിർവഹിക്കാതെ ഗ്രാമത്തിലോ കുഗ്രാമത്തിലോ മൂന്നാളുകൾ ഉണ്ടാവുകയില്ല - പിശാച് അവരെ ജയിച്ചടക്കിയിട്ടല്ലാതെ. അതുകൊണ്ട് നിങ്ങൾ ജമാഅത്ത് നിലനിർത്തണം. നിശ്ചയം, ആടുകളിൽ നിന്ന് ഒറ്റപ്പെട്ടുപോയ ആടുകളെയാണ് ചെന്നായ തിന്നുക. (അതുകൊണ്ട് നമസ്കാരത്തിലും മറ്റും ജമാഅത്ത് കൈകൊള്ളണം.) (അബൂദാവൂദ്)

# ദിവ്യ വെളിപാടുകളും യുക്തി ബോധവും

യുക്തിജ്ഞാനത്തിനും കാര്യകാരണബന്ധത്തിനും അങ്ങേയറ്റം പ്രാധാന്യം നൽകിയ മതമാണ് ഇസ്‌ലാം. ശാസ്ത്രത്തിന്റേയും ധൈഷണിക പ്രബുദ്ധതയുടേയും നിരവധി മേഖലകളിൽ അഭൂതപൂർവമായ മുന്നേറ്റമാണ് ഇസ്‌ലാം അനന്തര കാലഘട്ടത്തിൽ ലോകത്ത് സംഭവിച്ചത്. മതവിശ്വാസവും യുക്തിയും പര്യായ പദങ്ങളായി മാറി. ഖുർആന്റെ അദ്ധ്യാപനങ്ങളും നബി തിരുമേനി(സ)യുടെ വചനങ്ങളുമാണ് ഈ മുന്നേറ്റത്തെ പ്രമുഖമായി സ്വാധീനിച്ചത്. ഇസ്‌ലാം ലോകത്ത് അത്ഭുതം സൃഷ്ടിക്കുകയായിരുന്നു. ***(വെളിപാട് യുക്തി ജ്ഞാനം സത്യം എന്ന പുസ്തകത്തിൽ നിന്ന്)***

## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

മനുഷ്യ താൽപര്യമുള്ള നിരവധി മേഖലകളിൽ മുസ്‌ലിം ചിന്തകളുടെ മുന്നേറ്റവും ധൈഷണികാന്വേഷണവും മറ്റൊരദ്ധ്യായത്തിൽ നാം ചുരുങ്ങിയതോതിൽ പ്രതിപാദിക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളും നബി തിരുമേനി (സ)യുടെ വചനങ്ങളുമാണ് മുസ്‌ലിം അന്വേഷണങ്ങളെ പ്രമുഖമായി സ്വാധീനിച്ചത്. അത് മുഴുവനും തന്നെ ഇസ്‌ലാമികമെന്ന് ഗുണനിർണയം ചെയ്യാൻ സാധ്യമല്ല. സമസ്തമേഖലകളിലും ശാസ്ത്രീയമായ മുന്നേറ്റങ്ങൾ അക്കാലത്തുണ്ടായി. മുൻകാലങ്ങളിലെ ഭൗതികവും അക്കാദമീയവും ശാസ്ത്രീയവുമായ നേട്ടങ്ങളിൽ നിന്ന് ധാരാളം പുതിയ തത്ത്വശാസ്ത്രങ്ങളും ശാസ്ത്രങ്ങളും ആവിർഭവിച്ചു. ചില അസാമാന്യരായ മുസ്‌ലിം പ്രതിഭകൾ മതകീയവും ഭൗതികവുമായ നിരവധി പുതിയ വൈജ്ഞാനിക ശാഖകളുടെ ഉപജ്ഞാതാക്കളായി. അങ്ങനെ മതവും യുക്തിയും പരസ്പരം കൈകോർത്തു നിന്നു. വിശുദ്ധ ഖുർആനിലും നബി വചനങ്ങളിലുമുള്ള വിജ്ഞാനാന്വേഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച പ്രതിപാദനങ്ങളിൽ നിന്നുമായിരുന്നു അവർ ആവേശം ഉൾക്കൊണ്ടത്. യുക്തിയുടെ പങ്കിന് അതിശക്തമായ ഊന്നൽ നൽകപ്പെട്ടു. മത വിശ്വാസവും യുക്തിയും പര്യായപദങ്ങളായി മാറി. സാർവജനീന സന്ദേശമുള്ള വിശ്വൈക പ്രവാചകനാണ് മുഹമ്മദ്(സ) എന്ന ഖുർആന്റെ പ്രഖ്യാപനം തന്നെ ഇസ്‌ലാംമതം യുക്തിയിന്മേൽ കെട്ടിപ്പടുത്തതാണെന്ന സ്വയം പ്രഖ്യാപനത്തിന് സമമാണ്. അയുക്തികമായ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു മതവും മനുഷ്യന്റെ വിശ്വൈക മനസ്സാക്ഷിക്ക് സ്വീകരിക്കാൻ സാധ്യമല്ല. ഖുർആൻപറയുന്നു:

***സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ ഞാൻ അയച്ചിട്ടില്ല. പക്ഷേ, മനുഷ്യരിൽ അധികപേരും ഈ യാഥാർഥ്യം അറിയുന്നില്ല.*** (34:29)

വർഗം, വർണം, വിശ്വാസം, ദേശം എന്നീ പരിഗണനകൾക്കതീതമായി മനുഷ്യന്റെ ധാർമികവും സാമൂഹികവും മതപരവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഖുർആൻ അതിന്റെ സാർവ ലൗകികത പ്രകടിപ്പിക്കുന്നത്. ആയതിനാൽ മനുഷ്യന്റെ സാർവ ദേശീയ പ്രകൃതിക്കനുസൃതമായ രീതിയിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് ആഗോളീയമായ പ്രായോഗികക്ഷമത ഉണ്ടായിരിക്കേണ്ടത് ആവശ്യമായി വരുന്നു. എന്നാൽ, ഈയൊരു കാരണം കൊണ്ട് മാത്രമല്ല നാം ഇങ്ങനെയൊരു നിഗമനത്തിലെത്തിച്ചേരുന്നത്.

മത-ഭൗതിക സത്യങ്ങൾക്കിടയിൽ യാതൊരു അതിർത്തി

രേഖയും വരക്കാതെ, സത്യത്തെ പ്രാപിക്കുന്നതിന് യുക്തിക്കുള്ള പങ്ക് ഖുർആൻ വളരെ വ്യക്തമായി വിളംബരം ചെയ്യുന്നു. സത്യമാണ് ഇസ്‌ലാമിന്റെ മതം, ഇസ്‌ലാം സത്യത്തിന്റെ മതവുമാണ്. സത്യത്തിന് അതിന്റെ സന്ദേശം പ്രചരിപ്പിക്കാൻ നിർബന്ധത്തിന്റെ ആവശ്യമില്ല. അതിന് ആവശ്യമായ ഒരേയൊരു ഉപകരണം യുക്തിബോധമാണ്. അപ്രകാരം മനുഷ്യന്റെ പ്രകൃതി, ചരിത്രം, യുക്തിബോധം എന്നിവയെ ആധാരമാക്കിക്കൊണ്ട് ഖുർആനികാദ്ധ്യാപനങ്ങളിലെ സത്യത്തെക്കുറിച്ച് സൂക്ഷ്മ പരിശോധന നടത്താൻ മനുഷ്യ ബുദ്ധിയെ ഖുർആൻ ആഹ്വാനം ചെയ്യുന്നു. മതപരമായ ഗവേഷണം നടത്താൻ മാത്രമല്ല ഭൗതികജ്ഞാനങ്ങൾ ആർജിക്കുവാൻ വേണ്ടിയും ഖുർആൻ മനുഷ്യന്റെ യുക്തിജ്ഞാനത്തേയും അനുമാനജ്ഞാനത്തേയും ജാഗരം കൊള്ളിക്കുന്നു. ജ്ഞാനം ആർജിക്കുവാനുള്ള വിശുദ്ധ ഖുർആന്റെ അസാധാരണമായ ആഹ്വാനത്തിൽ ആകൃഷ്ടനായ പ്രഗല്ഭ നോബൽ സമ്മാന ജേതാവ് ഡോ. അബ്ദുസ്സലാം ആദ്യകാലമുസ്‌ലിം ചിന്തകളിൽ ഖുർആന്റെ ഈ ആഹ്വാനം ഉണ്ടാക്കിയ പ്രബുദ്ധമായ സമീപനത്തിന്റെ ദൂരവ്യാപകമായ ഫലങ്ങളുടെ പ്രത്യാഘാതങ്ങളെപ്പറ്റി പഠിക്കാൻ പ്രേരിതനായി. അദ്ദേഹത്തിന്റെ ഒരു ലേഖനത്തിലെ നിരീക്ഷണം ഇങ്ങനെയാണ്.

***ഡമാസ്ക്കസ് യൂണിവേഴ്സിറ്റിയിലെ ഡോ. അയ്ജാസുൽ ഖാതിബിന്റെ അഭിപ്രായം, വിശുദ്ധ ഖുർആനെക്കാളുപരിയായി മറ്റൊരു ഗ്രന്ഥവും ശാസ്ത്രത്തിന്റെ പ്രാധാന്യത്തിന് ഇത്രയും ഊന്നൽ നൽകിയിട്ടില്ല. നിയമപരമായ കാര്യങ്ങളെപ്പറ്റി ഖുർആനിൽ 250 വചനങ്ങളുള്ളപ്പോൾ, പ്രകൃതിയെപ്പറ്റി പഠിക്കാനും യുക്തിയെ ഉത്തമമായ രീതിയിൽ ഉപയോഗിക്കാനും ശാസ്ത്രീയ പ്രവർത്തനങ്ങളെ സമൂഹ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കാനുമുള്ള ആഹ്വാനങ്ങളടങ്ങിയ 750 വചനങ്ങളാണ് ഖുർആനിലുള്ളത്. ഈ വചനങ്ങൾ ഖുർആന്റെ എട്ടിലൊന്ന് വരും. ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകൻ പറഞ്ഞത് ജ്ഞാനം ആർജിക്കൽ ഓരോ മുസ്‌ലിം സ്ത്രീ പുരുഷന്റെയും നിർബന്ധബാധ്യതയാണെന്നാണ്.***

അന്വേഷണം നടത്തുന്നതുകൊണ്ട് മാത്രം മതിയാകില്ല എന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. ശരിയായ നിഗമനത്തിലെത്തിച്ചേരുന്നതിന് മനുഷ്യന്റെ ആന്തരിക സത്യമാണ് മുന്നുപാധിയായിട്ടുള്ളത്. ഈ മൗലികതത്ത്വം സൂറഃ അൽ ബഖറഃയുടെ ആദ്യ വചനങ്ങളിൽ തന്നെ വിവരിക്കപ്പെട്ടിരിക്കുന്നതായി കാണാം. സൂറഃബഖറഃ ഔപചാരികമായി ഫാതിഹാക്ക് ശേഷമുള്ള രണ്ടാം സൂറഃയായി എണ്ണുന്നുണ്ടെങ്കിലും, ഫലത്തിൽ സൂറഃബഖറഃ ഖുർആന്റെ ആമുഖാദ്ധ്യായമായി കണക്കാക്കാവുന്നതാണ്. അതായത് ഖുർആന്റെ മുഴുപാഠം ആരംഭിക്കുന്നത് സൂറഃബഖറഃയോടെയാണ്. അൽ ബഖറഃ താഴെക്കാണുന്ന വചനത്തോടെയാണ് തുടങ്ങുന്നത്.

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ പരിപൂർണ ജ്ഞാനിയായ അല്ലാഹുവാകുന്നു. ഇത് ആ പരിപൂർണ ഗ്രന്ഥമാണ്. അതിൽ യാതൊരു സംശയവുമില്ല. സത്യാത്മാക്കൾക്ക് (മുത്തഖികൾക്ക്) ഒരു മാർഗദർശനവുമാകുന്നു. **(2:1 3)**

ഈ അത്യഗാധമായ പ്രഖ്യാപനം പ്രത്യക്ഷത്തിൽ ലളിതമായി തോന്നാം. ഈ വചനത്തിലെ അന്തർധാരയായി വർത്തിക്കുന്ന സന്ദേശം മനസ്സിലാകണമെങ്കിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. സത്യാഭിമുഖ്യമില്ലാത്ത ആളുകളെ സത്യപാതയിലേക്ക് നയിക്കാനാണ് ദൈവികാദ്ധ്യാപനങ്ങളെന്ന് വ്യക്തമായും പ്രതീക്ഷിക്കപ്പെടുന്നു. എന്നിരിക്കെ നേരത്തെ തന്നെ സത്യാത്മാക്കളായവരെ മാത്രമേ ഈ ഗ്രന്ഥം നേർമാർഗത്തിലേക്ക് നയിക്കൂ എന്ന അവകാശ വാദത്തിന്റെ പ്രസക്തിയെന്താണ്? സത്യാന്വേഷകർ തീർച്ചയായും അവനോട് സ്വയം സത്യസന്ധനായിരിക്കണം എന്ന് മാത്രമാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്. അല്ലെങ്കിൽ അവന്റെ അന്വേഷണം വ്യർഥാവിലാവും.

ഈ പ്രഖ്യാപന പ്രകാരം സത്യത്തിന്റെ കണ്ടെത്തൽ അടിസ്ഥാനപരമായി അന്വേഷകന്റെ ഉദ്ദേശ്യശുദ്ധിയെ ആശ്രയിച്ചിരിക്കും. ഈ ലളിതമായ കൊച്ചു പ്രസ്താവനയിൽ അഗാധമായ ഒരു ജ്ഞാനം പ്രതിഫലിക്കുന്നു.

***......സത്യാത്മാക്കൾക്ക് ഒരു മാർഗദർശകമാകുന്നു.*** ( 2:3)

ഭൗതിക ജ്ഞാന മണ്ഡലത്തിലെ അന്വേഷണത്തിനും പലപ്പോഴും ഇതേ തത്ത്വം ആരോപിക്കാവുന്നതാണ്. പക്ഷപാതിത്വമുള്ള ഏതൊരു മനസ്സിന്റേയും അന്വേഷണം മിക്കപ്പോഴും അതിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു. സത്യസന്ധവും അർഥവത്തായതുമായ അന്വേഷണങ്ങൾക്ക് എപ്പോഴും ആർജവമുള്ളതും ആരോഗ്യകരവുമായ ഒരു മനസ്സ് മുന്നുപാധിയായുണ്ടാവണം എന്ന വസ്തുതയിലേക്കാണ് ഇത് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്. മുൻവിധിയിൽ കുരുങ്ങിയ മനസ്സിന് ഒരിക്കലും നിഷ്പക്ഷമായ തീരുമാനങ്ങളിൽ എത്തിച്ചേരാൻ കഴിയില്ല. ദൃഷ്ടിവൈകല്യമുള്ള ഒരു നിരീക്ഷകന് ഒരിക്കലും നേർക്കാഴ്ച ലഭിക്കാറില്ലല്ലോ.അതുകൊണ്ട് ഒരാളെ സത്യത്തിലേക്ക് നയിക്കാൻ മാർഗദർശനം കൊണ്ട് മാത്രം സാധ്യമല്ല.

തികച്ചും നിഷ്പക്ഷമായതും ആരോഗ്യമുള്ളതും സത്യസന്ധവുമായ മനസ്സ് മാത്രമേ അതിൽ നിന്ന് ഫലമെടുക്കൂ. ഇവിടെ ഒരു പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ മറ്റൊരു പ്രശ്നം തലപൊക്കാൻ തുടങ്ങുന്നു.

മതപരമായ വിവാദങ്ങളുടെ മണ്ഡലത്തിൽ ഒരാൾ പ്രതീക്ഷിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ലോകത്ത് ഇന്ന് പോരടിച്ചു കൊണ്ടിരിക്കുന്ന മിക്ക മത ഗ്രൂപ്പുകളും അവരുടെ ആന്തര സത്യങ്ങൾ അൽപം മാത്രമേ തുറന്നു കാട്ടുന്നുള്ളൂ. ഒരു മതേതരനേക്കാൾ കൂടുതൽ ദൃഢമായി ഒരു മതവിശ്വാസി സത്യത്തോട് കൂടുതൽ ചേർന്നു നിൽക്കുമെന്നാണ് സാധാരണഗതിയിൽ ഒരാൾ തീർച്ചയായും പ്രതീക്ഷിക്കുക. പക്ഷേ എല്ലാ മതങ്ങളുടേയും പിൽക്കാല ചരിത്രം പരിശോധിക്കുമ്പോൾ ഇതിനു വിപരീതമായതാണ് സംഭവിച്ചിരിക്കുന്നതെന്ന് കാണുന്നു. എല്ലാ മതങ്ങളുടേയും തുടക്കകാലങ്ങളിലുള്ളവർ കറകളഞ്ഞ മതവിശ്വാസികളായിരിക്കും. മതപരമായ വിഷയങ്ങളിലാവട്ടെ, ഭൗതിക വിഷയങ്ങളിലാവട്ടെ സമൂഹത്തിലെ മറ്റുള്ളവരിൽ നിന്ന് വിഭിന്നമായി അവർ സത്യത്തോട് യാതൊരു വിട്ടുവീഴ്ചയുമില്ലാതെയും നിഷ്പക്ഷമായും പ്രതിബദ്ധത പുലർത്തിയിരുന്നു. മതസ്ഥാപകൻമാർ ജീവിച്ചിരുന്ന കാലത്ത് യുക്തിപരതയുടേയും കാര്യകാരണ ചിന്തയുടേയും സത്യത്തിന്റേയും ഗ്രാഫ് ഏറ്റവും ഉച്ചസ്ഥായിയിൽ നിലകൊണ്ടിരുന്നതായും നമുക്ക് കാണാം. നാം ചർച്ചക്ക് വിധേയമാക്കിയ ഖുർആന്റെ വചനത്തിലേക്ക് തന്നെ തിരിച്ചു വരാം. അതിൽ ദൈവം, എല്ലാം ഏറ്റവും സൂക്ഷ്മമായറിയുന്ന സർവജ്ഞാനിയാണെന്ന് പരിചയപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് അവൻ നൽകുന്ന ജ്ഞാനം സമ്പൂർണ്ണവും ഏറ്റവും വിശ്വസനീയവുമായിരിക്കണം. എന്നാൽ, ആ ജ്ഞാനത്തിന്റെ സ്വീകർത്താവിന് ആന്തരികമായ സത്യത്തിന്റെ കുറവുണ്ടെങ്കിൽ അയാൾ അതിൽ നിന്ന് ഫലമെടുക്കുന്നതിൽ പരാജയപ്പെടുന്നു.

മതവിശ്വാസമില്ലാത്ത ഒരാളുടെ സൗകര്യാർത്ഥം, ദൈവമെന്ന ആശയത്തിനു ബദലായി യുക്തി ജ്ഞാനത്തെ പകരം വെക്കുകയാണെങ്കിൽ പ്രസ്തുത പ്രസ്താവന ഇപ്രകാരം വായിക്കാം.

ഒരാൾക്ക് സത്യാഭിമുഖ്യമോ അല്ലെങ്കിൽ അയാളിൽ ആന്തരിക സത്യമോ ഇല്ലാതെ യുക്തിജ്ഞാനം കൊണ്ട് മാത്രം സത്യത്തിലേക്ക് പോവാൻ സാധ്യമല്ല. മതപരമാകട്ടെ ഭൗതികമാകട്ടെ വിശ്വസനീയ ജ്ഞാനം ലഭ്യമാകാൻ ഇത് അനുപേക്ഷണീയമായ മുന്നുപാധിയാണ്. വിവരം നൽകപ്പെടുന്ന സ്രോതസ്സും അതിന്റെ സ്വീകർത്താവും ഒരുപോലെ സത്യസന്ധരായിരിക്കണം.

എന്നാൽ കാര്യങ്ങൾ ഇവിടം കൊണ്ട് അവസാനിക്കുന്നില്ല. വാസ്തവത്തിൽ ഇവിടെ നിന്ന് അങ്ങോട്ടാണ് യാത്രയുടെ ഏറ്റവും പ്രയാസകരമായ ഭാഗം ആരംഭിക്കുന്നത്. ആർക്കാണ് ഒരാളുടെ ആന്തരികമായ സത്യസന്ധതയുടെ ഗുണനിലവാരം നിർണ്ണയിക്കാൻ കഴിയുക? ഒരാളുടെ ആന്തരികമായ സത്യസന്ധതയെക്കുറിച്ച് തന്റെതാണ് ശരിയെന്ന വാദം ആർക്കും ഉന്നയിക്കാവുന്നതാണ്. അതുകൊണ്ട് ഒരാൾ വിശ്വസിക്കുന്നത് അയാളെ സംബന്ധിച്ചിടത്തോളം സത്യമാണ്താനും. ഖുർആൻ എങ്ങനെയാണ് ഈ പ്രശ്നം പരിഹരിക്കുന്നത് എന്നതാണ് ചോദ്യം. അല്ലാഹു മാത്രമാണ് എല്ലാം അറിയുന്നവൻ എന്ന് മാത്രം പ്രഖ്യാപിച്ചു കൊണ്ട് മനുഷ്യരുടെ വിതാനത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധ്യമല്ല. ഈ പ്രശ്നം പരിഹരിക്കാൻ ഖുർആൻ മുന്നോട്ട് വെക്കുന്ന പരിഹാരവും ഇതല്ല. ഖുർആൻ പറയുന്നത് പ്രകാരം, ഒരാളുടെ ആന്തരിക സത്യത്തിന്റെ ഗുണനിലവാരം അയാളുടെ ദൈനംദിന ജീവിതത്തിലെ പ്രത്യക്ഷമായ പെരുമാറ്റത്തിൽ നിന്ന് നിർണ്ണയിക്കാവുന്നതാണ്. ഒരാൾ അയാളുടെ ദൈനംദിന ജീവിതത്തിൽ സത്യസന്ധനായിരിക്കുന്നുവെങ്കിൽ അയാളുടെ അദൃശ്യമായ ആന്തരിക സത്യവും സത്യസന്ധമായിരിക്കുമെന്ന് നമുക്ക് നിർണ്ണയിക്കാം. ഇതേ മാനദണ്ഡം വെച്ച് കൊണ്ട് തന്നെ പ്രവാചകൻമാരുടെ സത്യസന്ധതയും നമുക്ക് അളക്കാവുന്നതാണ്. പ്രകൃത്യാ തന്നെ കള്ളം പറയുന്ന ഒരാൾക്ക് അയാൾ വെളിപ്പെടുത്തുന്ന വാക്കുകളിലും വെളിപ്പെടുത്താത്ത ഉദ്ദേശ്യങ്ങളിലും ഇടക്കെങ്കിലും സത്യസന്ധനായിരിക്കുക എന്നത് അസാധ്യമായ കാര്യമല്ല. എന്നാൽ അയാൾക്ക് സ്ഥിരമായി സത്യസന്ധനായിരിക്കുക എന്നത് അസാധ്യമായ കാര്യമാണ്. അതിനാൽ, പ്രവാചക വാദത്തിന് മുമ്പേ കളവ് പറയുന്നവരായിരുന്നു പ്രവാചകൻമാർ എന്ന് സമൂഹം ഒരിക്കലും അവരെ കുറ്റപ്പെടുത്തിയിരുന്നില്ല, എന്ന

ഒരാൾക്ക് സത്യാഭിമുഖ്യമോ അല്ലെങ്കിൽ അയാളിൽ ആന്തരിക സത്യമോ ഇല്ലാതെ യുക്തിജ്ഞാനം കൊണ്ട് മാത്രം സത്യത്തിലേക്ക് പോവാൻ സാധ്യമല്ല. മതപരമാകട്ടെ ഭൗതികമാകട്ടെ വിശ്വസനീയ ജ്ഞാനം ലഭ്യമാകാൻ ഇത് അനുപേക്ഷണീയമായ മുന്നുപാധിയാണ്. വിവരം നൽകപ്പെടുന്ന സ്രോതസ്സും അതിന്റെ സ്വീകർത്താവും ഒരുപോലെ സത്യസന്ധരായിരിക്കണം.

അവരുടെ വാദം തികച്ചും യുക്തി സഹമാണ്. കളവിന്റെ ഒരു ലാഞ്ചന പോലും അവരിൽ ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള പ്രവാചകൻമാർ ദൈവത്തിനെതിരെ കളവ് കെട്ടിച്ചമച്ചുണ്ടാക്കി അതിനെ വെളിപാടുകൾ എന്ന് വിളിക്കുകയാണെന്ന് അവർക്കെതിരെ ആരോപണം ഉന്നയിക്കുന്നത് ഒരിക്കലും നീതീകരിക്കാൻ സാധ്യമല്ല.

ആന്തരിക സത്യം അളക്കുന്ന ഈ രീതി ജീവിതത്തിലുടനീളം മാതൃകാപരമായ സൽസ്വഭാവത്തിൽ ഉറച്ച് നിന്ന പ്രവാചകൻമാരുടെ കാര്യത്തിൽ തെറ്റുപറ്റാത്ത രീതിയിൽ പ്രയോഗിക്കാവുന്നതാണ്. പക്ഷേ, പ്രവാചകന്റെ നിലവാരത്തിൽ കുറഞ്ഞ ഒരു വ്യക്തിയെ സംബന്ധിച്ച് സമാനമായ ഉറപ്പ് നൽകാൻ സാധ്യമല്ല. സാഹചര്യം ഓരോ വ്യക്തിയിലും പലവിധമാണ്. വീക്ഷണകോണുകൾ വ്യത്യസ്തമാണ്. ഗ്രഹിക്കാനുള്ള കഴിവും എല്ലാവരിലും തുല്യമല്ല. പൊയ് വാക്കുകളുടെയോ വ്യാജ ചമയങ്ങളുടെയോ മുഖാവരണം ഭേദിച്ചു ഉള്ളിലേക്കിറങ്ങിച്ചെല്ലാനുള്ള അപൂർവ്വസിദ്ധി എല്ലാവർക്കും നൽകപ്പെട്ടിട്ടില്ല. നിരീക്ഷകന്റെ കഴിവുകളും നിരീക്ഷിക്കപ്പെടുന്നയാളുടെ കഴിവുകളും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾ നിരവധി സാധ്യതകളിലേക്ക് നയിക്കുന്നു. ചിലർക്ക് തങ്ങളുടെ നിഗൂഢമായ ഉദ്ദേശ്യം യാതൊരു സംശയത്തിനും ഇടം കൊടുക്കാത്തവിധം പരിപൂർണ്ണമായും മറച്ചുവെക്കാൻ കഴിഞ്ഞേക്കാം. മറ്റു ചിലർക്ക് അങ്ങനെ മറച്ചുവെക്കാൻ സാധ്യമല്ല. അതിനാൽ മറ്റൊരാളുടെ ആന്തരിക സത്യത്തെക്കുറിച്ചോ വ്യാജത്തെക്കുറിച്ചോ വിശ്വസനീയമായ അളവുകോലുപയോഗിച്ചു കൊണ്ടു എങ്ങനെയാണ് ഒരാൾക്ക് വിധി പറയാൻ കഴിയുക? മതത്തിന്റെയും വിശ്വാസത്തിന്റെയും കാര്യത്തിൽ പ്രശ്നം കൂടുതൽ കൂടുതൽ ആഴമുള്ളതായിത്തീരുന്നു. ഭ്രാന്തമായ വിശ്വാസങ്ങളും അന്ധമായ മത സിദ്ധാന്തങ്ങളും വിശ്വസിക്കുന്ന ആളുകൾ മത ലോകത്ത് കുറവല്ല. അങ്ങനെ വിശ്വസിക്കുന്നവരായാൽ പോലും അന്തിമമായി അവർ ബോധപൂർവ്വം കളവ് പറയുന്നവരാണെന്ന് നമുക്ക് വിധി പറയാൻ സാധ്യമല്ല. അവരുടെ വങ്കത്തരങ്ങൾ മറ്റുള്ളവർക്ക് വളരെ പ്രകടമായി മനസ്സിലാക്കാൻ കഴിയാമെങ്കിലും അത് സ്വയം തിരിച്ചറിയാൻ കഴിയാത്ത വിധം നിഷ്കളങ്കരോ വിഡ്ഢികളോ ആയിരിക്കാമവർ. എങ്കിലും അവർക്ക് തങ്ങളുടെ വിശ്വാസം ശരിയാണെന്ന് വിശ്വസിക്കാനും വാദിക്കാനുമുള്ള അവകാശമുണ്ട്. മറ്റുള്ളവരുടെ വിശ്വാസം അത് എത്രതന്നെ യുക്തിപരവും ശക്തവുമായിക്കൊള്ളട്ടെ അത് വ്യാജമാണെന്നും അവർ വാദിച്ചേക്കാം.

ഇതിനുള്ള ഏറ്റവും ശരിയായ ഉത്തരം ഖുർആൻ മുന്നോട്ടു വെക്കുന്നു. ഓരോരുത്തർക്കും അയാൾക്ക് ഇഷ്ടമുള്ളത് വിശ്വസിക്കാനും തന്റെ വിശ്വാസം ശരിയാണെന്ന് വാദിക്കാനുമുള്ള അവകാശം നൽകുന്നു. എന്നാൽ അയാളുടെ വ്യക്തിപരമായ ബോധ്യങ്ങൾ അന്യരിൽ അടിച്ചേൽപ്പിക്കാൻ അത് ഒരിക്കലും അനുവാദം നൽകുന്നില്ല. അപ്രകാരം ഒരാളുടെ തെറ്റായ വിശ്വാസത്തിന്റെ പേരിൽ അയാളെ ശിക്ഷിക്കാനും ഖുർആൻ ആർക്കും അധികാരം നൽകുന്നില്ല. മനുഷ്യൻ ദൈവത്തോടു മാത്രമാണ് ഉത്തരം പറയേണ്ടത്. മനുഷ്യ ഹൃദയത്തിലെ നിഗൂഢ രഹസ്യങ്ങളും സങ്കീർണ്ണതകളും അറിയുന്നവൻ അവൻ മാത്രമാണ്. സത്യം തിരിച്ചറിയുന്നതിൽ വന്നുഭവിക്കുന്ന പരാജയങ്ങൾ ഒരിക്കലും ശിക്ഷക്ക് കാരണമാകുന്നില്ല. താൻ സ്വയം കളവിലാണെന്നറിഞ്ഞു കൊണ്ട് സത്യത്തെ നിഷേധിക്കുന്നവരുടെ വ്യാജമാണ് ശിക്ഷാവിധേയമാവുന്നത്. മനുഷ്യഗവേഷണങ്ങൾക്കും അന്വേഷണങ്ങൾക്കും എത്തിപ്പിടിക്കാൻ കഴിയുന്നതിനു പുറമെയുള്ള ഒരു രഹസ്യ കുറ്റമാണ് ഇത് എന്ന കാര്യം സ്പഷ്ടമാണ്. നിർണ്ണായകമായ കാര്യം കുറ്റവാളി ആ കുറ്റം തിരിച്ചറിയുന്നില്ല എന്നതാണ്. സർവ്വജ്ഞാനിയും സർവ്വവ്യാപിയും മാറ്റമില്ലാത്തവനും സർവ്വ വിവേകിയുമായ ദൈവത്തിന്റെ വീക്ഷണകോണാണ് ഏറ്റവും വിശ്വസനീയമായിട്ടുള്ളത്.അതാണ് വിശുദ്ധ ഖുർആൻ ഊന്നിപ്പറയുകയും ആവർത്തിക്കുകയും ചെയ്യുന്ന പ്രധാന ഘടകം. വിശ്വാസത്തിന്റെയും ആരാധനാ സമ്പ്രദായങ്ങളുടെയും കാര്യത്തിൽ താൻ സ്വയം ഒരു വിധികർത്താവോ ആ വിധിയുടെ നിർവ്വാഹകനോ ആയിത്തീരരുതെന്ന് മനുഷ്യനെ അത് താക്കീത് ചെയ്യുന്നു. ഇസ്‌ലാം മതസ്ഥാപകനായ നബി തിരുമേനി(സ)യോടു പോലും ഇപ്രകാരം താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു.

> ***......നീ ഒരു ഉപദേശകൻ മാത്രമാണ്,***
> ***നീ അവരുടെ മേൽ ഒരു മജിസ്ട്രേറ്റൊന്നുമല്ല. ( 88: 22,23)***

വിഗ്രഹാരാധകരുടെ സാങ്കൽപിക ദൈവങ്ങളെപ്പോലും നിന്ദിക്കുന്നത് നിരോധിച്ചിരിക്കുന്നു. അതാകട്ടെ അവരുടെ ഭാവനാവിലാസം മാത്രവുമാണ്.

> ***അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനങ്ങളെ നാം അലങ്കാരമാക്കി കാണിച്ചു കൊടുത്തു. പിന്നീട് അവരുടെ നാഥന്റെ അടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അവർക്ക് അവൻ***

***വിവരം നൽകുന്നതാണ്. ( 6: 109)***

ഒരാളുടെ അവസാന ശ്വാസത്തിനു മുമ്പേ സത്യം അറിയാനും അത് കൈക്കൊള്ളാനുമുള്ള അയാളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യത്തെ എന്തായിരുന്നാലും ഇത് തടയുന്നില്ല. വിശ്വാസം എന്ത് തന്നെയായിരുന്നാലും അത് വിശ്വസിക്കാനുള്ള അവകാശം ഒരു കാര്യമാണ്. എന്നാൽ, തന്റെ വിശ്വാസത്തിന്റെ അനന്തരഫലത്തിൽ നിന്ന് രക്ഷപ്പെടൽ മറ്റൊരു കാര്യമാണ്. ഒരാൾക്ക് ഇഷ്ടമുള്ള വിശ്വാസം കൈക്കൊള്ളാനുള്ള മൗലികാവകാശം സത്യത്തിന്റെ പവിത്രത ലംഘിക്കാനുള്ള ലൈസൻസല്ല. മനുഷ്യമനഃസാക്ഷിയുടെ ചിന്തകൾക്കനുസരിച്ച് പ്രവർത്തിക്കാൻ അത് ആവശ്യമാണ് എന്നുള്ളത് കൊണ്ടാണ് ആ സ്വാതന്ത്ര്യം നൽകപ്പെട്ടത്. മതവിശ്വാസ കാര്യത്തിൽ ഈയൊരു സ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നില്ലെങ്കിൽ സത്യത്തിന്റെ പേരിൽ അപരന്റെ വീക്ഷണമോ വിശ്വാസമോ ശക്തി ഉപയോഗിച്ച് മാറ്റിയെടുക്കാമെന്ന് ധരിച്ചേക്കാനിടയുണ്ട്. ആരുംതന്നെ തെറ്റായ വിശ്വാസത്തിലിരിക്കാൻ പാടില്ലെന്ന് ഒരാൾക്ക് തന്റെ വികലയുക്തി ഉപയോഗിച്ച് കണ്ടെത്താവുന്നതാണ്. ശരിയായ വിശ്വാസത്തിലുള്ളവർക്ക് തെറ്റായ വിശ്വാസമുള്ളയാളുകളെ നിർബന്ധിച്ചു ചേർക്കാൻ അവകാശമുണ്ടെന്നും അയാൾക്ക് ധരിക്കാം. ഓരോരുത്തനും കണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന തത്ത്വത്തെ ഈ വിശ്വാസ സ്വാതന്ത്ര്യം യാതൊരു തരത്തിലും ലംഘിക്കുന്നില്ല. ഈയൊരു തത്ത്വവുമായി കൂട്ടി ചേർത്താൽ മാത്രമേ സ്വാതന്ത്ര്യത്തിന്റെ അവകാശം ശരിയായ രീതിയിൽ ബോധ്യമാവൂ. ഒരുപറ്റം പർവ്വതാരോഹകരോട് തങ്ങൾക്ക് ഇഷ്ടമുള്ള ദിശയിലേക്കുള്ള നടപ്പാതകൾ പിന്തുടരാവുന്നതാണെന്ന് പറഞ്ഞുവെന്നിരിക്കട്ടെ. അതേ സമയം ചില പാതകൾ അവരെ സർവ്വനാശത്തിന്റെ ചെങ്കുത്തിലേക്കായിരിക്കും നയിക്കുക എന്നും മുന്നറിയിപ്പ് നൽകപ്പെട്ടു. അവർക്ക് നൽകപ്പെട്ട ആജ്ഞകൾക്കനുസരിച്ച് തീർച്ചയായും അവരുടെ ഓരോ കാൽവെപ്പും വളരെ സൂക്ഷ്മതയോടെ ആയിരിക്കും. എന്നാൽ ചില അതിസാഹസികൻമാർ അവരുടെ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് തങ്ങൾക്ക് നൽകപ്പെട്ട മുന്നറിയിപ്പുകൾ അവഗണിക്കുകയും അവരുടെ തന്നെ ആത്യന്തിക നാശത്തിലേക്ക് അവരുടെ സ്വാതന്ത്ര്യത്തിന്റെ അവകാശം ഉപയോഗിക്കുകയും ചെയ്തേക്കാം. ഇതാണ് വിശ്വാസ സ്വാതന്ത്ര്യത്തിനും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിനും ഖുർആൻ നൽകുന്ന അർത്ഥം. ഖുർആൻ പറയുന്നു:

> ***മതത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അതൊരിക്കലും മുറിഞ്ഞു പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ല വണ്ണം അറിയുന്നവനുമാണ്. (22:257)***

ശക്തി ഉപയോഗിച്ച് ഒരാളുടെ വിശ്വാസത്തെ യാതൊരർത്ഥത്തിലും മാറ്റുവാൻ പാടില്ലെന്ന് നിസ്സന്ദേഹം നിരോധിച്ചിട്ടുണ്ടെങ്കിലും ഭീഷണിയുടെ നേരിയ ലാഞ്ചന പോലുമില്ലാതെ അനുനയ രൂപേണയും വാദപ്രതിവാദത്തിലൂടെയും/സംവാദത്തിലൂടെയും മറ്റൊരാളുടെ വിശ്വാസം മാറ്റിയെടുക്കാനുള്ള ഒരാളുടെ അവകാശത്തെ അത് നിരാകരിക്കുന്നില്ല. വെറും അനുവാദം മാത്രമല്ല, മനുഷ്യകുലത്തെ ദൈവമാർഗ്ഗത്തിലേക്ക് ബുദ്ധിപൂർവ്വം സദുപദേശത്തോടെ ക്ഷണിക്കുക എന്നത് എല്ലാ വിശ്വാസികളുടേയും നിർബന്ധ കടമയാണ്.

> ***തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. (16: 126)***

മനുഷ്യകൃതമായ ആശയങ്ങളേയും മറ്റു പ്രത്യയ ശാസ്ത്രങ്ങളേയും ജയിച്ചടക്കാനുള്ള ഇസ്‌ലാമികമായ ഒരു ആഗോള പദ്ധതിയാണിത്. ഇതിൽ ആർക്കെങ്കിലും അയുക്തികതയുടെ ഒരു കണിക പോലും കണ്ടുപിടിക്കാൻ സാധിക്കുമോ? അവിശ്വാസികൾക്കെതിരെരക്തരൂക്ഷിതമായ യുദ്ധം നടത്താൻ മുസ്‌ലിം പൊതുജനങ്ങളുടെ വികാരത്തെ ഉത്തേജിപ്പിച്ചു കൊണ്ടുള്ള മുസ്‌ലിം മതാധികാര വാദികളുടെ ദുഷിച്ചു നാറിയ വാചോടാപം പ്രവാചകൻമാരുടെ സ്വഭാവത്തിലോ അവരെ തുടർന്ന് വന്നവരിലോ കാണുവാൻ സാധ്യമല്ല. മതാധികാര മൗലികവാദി അയാളുടെ സ്വന്തം വികല ദർശനത്തിൽ നിന്നാണ് അധികാരശക്തി ആർജ്ജിക്കുന്നത്. രോഗത്തിന് രോഗശാന്തിയും, കൊടും വിഷത്തിന് മൃതസഞ്ജീവനിയും ഏതു പോലെ വൈരുദ്ധ്യമായി നിൽക്കുന്നുവോ അതു പോലെ അയാളുടെ സമീപനം ഖുർആന് തികച്ചും വിരുദ്ധമാണ്. യുക്തിജ്ഞാനം, കാരണപരത, ശാസ്ത്രീയ ഗവേഷണം എന്നിവ ഏറ്റവും നല്ല വചനങ്ങളിൽ ഖുർആൻ രേഖപ്പെടുത്തുന്നു. ഡമാസ്കസിലെ മുഹമ്മദ് അയ്ജാസുൽ ഖാതിബ് പറഞ്ഞത് പോലെ അത് 750 ഓളം വരും. ഇതിനെതിരിൽ ആശയലോകത്തെ അയുക്തികതയിലും സിദ്ധാന്തവാശിയിലുമധിഷ്ഠിതമായ അധിനിവേശങ്ങളിലൂടെ

കീഴടക്കാൻ ആഹ്വാനം ചെയ്യുന്ന ഒരൊറ്റ വചനം പോലും ഖുർആനിലില്ല. ആശയ രംഗത്തും വിശ്വാസ രംഗത്തും യുക്തി ജ്ഞാനത്തിനും, കാര്യകാരണ ചിന്തക്കും ഖുർആൻ എത്രമാത്രം ഊന്നൽ നൽകുന്നു എന്ന് കാണിക്കാൻ ഏതാനും ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഇത് ഉപസംഹരിക്കാം.

*നിങ്ങൾ ജനങ്ങളോട് നന്മ ഉപദേശിക്കുകയും നിങ്ങളെ സ്വയം വിസ്മരിക്കുകയുമാണോ ചെയ്യുന്നത്? നിങ്ങൾ ഗ്രന്ഥം വായിക്കുന്നുണ്ടുതാനും. എന്നിട്ടും നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ. (2:45)*

*വിശ്വാസികളെ കാണുമ്പോൾ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നവർ പറയും. അവരിൽ ചിലർ മറ്റു ചിലരുമായി തനിച്ചാകുമ്പോൾ അവർ പറയും: അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തി തന്നിട്ടുള്ളത് നിങ്ങൾ അവർക്ക് പറഞ്ഞു കൊടുക്കുകയാണോ? അതിന്റെ ഫലമിതായിരിക്കും, നിങ്ങളുടെ നാഥന്റെ സന്നിധിയിൽ അതു മുഖേന, നിങ്ങൾക്കെതിരായി അവർ ന്യായവാദം ചെയ്യും. നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ? (2:27)*

*യഹൂദരോ ക്രൈസ്തവരോ അല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അവർ പറയുന്നു. അതവരുടെ വ്യാമോഹങ്ങളാണ്. പറയുക നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക. (2:212)*

*ജനങ്ങളേ, നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് പ്രകടമായ ഒരു തെളിവ് വന്നു കഴിഞ്ഞിരിക്കുന്നു. അവൻ നിങ്ങൾക്ക് വ്യക്തമായ ഒരു പ്രകാശം ഇറക്കിത്തരികയും ചെയ്തിട്ടുണ്ട്. (4:175)*

*ഐഹിക ജീവിതം കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് തീർച്ചയായും പാരത്രിക ഭവനമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. അപ്പോൾ നിങ്ങൾ ബുദ്ധിപൂർവ്വം പ്രവൃത്തിക്കുന്നില്ലേ. (6:33)*

*പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാൻ അറിയിന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം ചെയ്യപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത് . പറയുക: അന്ധനും കാഴ്ചയുള്ളവനും ഒരു പോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ? (6:51)*

*പറയുക: നിങ്ങളുടെ മേൽ ഭാഗത്ത് നിന്നോ നിങ്ങളുടെ കാലിനടിയിൽ നിന്നോ നിങ്ങളുടെ മേൽ ഒരു ശിക്ഷ അയക്കാൻ കഴിവുള്ളവനാണ് അവൻ. അല്ലെങ്കിൽ നിങ്ങളെ വിവിധ കക്ഷികളാക്കി ഭിന്നിപ്പിക്കുവാനും അങ്ങനെ നിങ്ങളിൽ ചിലരുടെ ദ്രോഹകൃത്യങ്ങളുടെ രുചി മറ്റുചിലരെ അനുഭവിപ്പിക്കാനും (അവനു കഴിവുണ്ട്). നോക്കൂ, അവർ ഗ്രഹിക്കുന്നതിനായി നാം എങ്ങനെയെല്ലാമാണ് ദൃഷ്ടാന്തങ്ങൾ വിവിധ രൂപത്തിൽ വിശദീകരിക്കുന്നത്? (6:66)*

*പറയുക, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഇത് (ഖുർആൻ) നിങ്ങൾക്ക് ഞാൻ ഓതിക്കേൾപ്പിക്കുമായിരുന്നില്ല. അവൻ നിങ്ങൾക്ക് അതിനെ സംബന്ധിച്ച് അറിവ് തരുകയുമില്ലായിരുന്നു. ഇതിന് മുമ്പേ ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ? എന്റെ ജനമേ, അതിനായി ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എനിക്ക് പ്രതിഫലം നൽകാനുള്ള ബാധ്യത എന്നെ സൃഷ്ടിച്ചവന്റെ മേൽ മാത്രമാണ്. അപ്പോൾ നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ. (10:17)*

*എന്റെ ജനമേ, അതിനായി ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എനിക്ക് പ്രതിഫലം നൽകാനുള്ള ബാധ്യത എന്നെ സൃഷ്ടിച്ചവന്റെ മേൽ മാത്രമാണ്. അപ്പോൾ നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ.(11:52)*

*അവനു പുറമെ മറ്റു ദൈവങ്ങളെ അവർ സ്വീകരിച്ചുവോ? പറ*

*യുക: നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക. ഈ ഗ്രന്ഥം എന്റെ കൂടെയുള്ളവർക്ക് ബഹുമതിക്ക് കാരണമാണ്, എന്റെ മുമ്പേയുള്ളവർക്കും ബഹുമതിക്ക് കാരണമാണ്. പക്ഷേ അവരിൽ അധികമാളുകളും സത്യം അറിയുന്നില്ല. അതിനാൽ അവർ മുഖം തിരിച്ചു കളയുന്നു. (21:25)*

*അവനത്രെ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്. രാവും പകലും മാറിമാറി വരുന്നത് അവന്റെ നിയന്ത്രണത്തിൽ ഉള്ളതാണ്. എന്നിട്ട് നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ? (23:81)*

*അല്ലാഹുവിന്റെ കൂടെ മറ്റൊരു ദൈവത്തെ ആരെങ്കിലും വിളിച്ചു പ്രാർത്ഥിക്കുന്നതായാൽ ആ ദൈവത്തെ സംബന്ധിച്ച് അവന് ഒരു തെളിവുമില്ല. അവന്റെ വിചാരണ അവന്റെ നാഥന്റെ അടുക്കലാകുന്നു. യഥാർത്ഥമിതാണ്. തീർച്ചയായും അവിശ്വാസികൾ വിജയം പ്രാപിക്കുകയില്ല. (23:118)*

*സൃഷ്ടികളെ ഒന്നാമതായി സൃഷ്ടിക്കുകയും പിന്നീട് (സൃഷ്ടിപ്പിന്റെ പരമ്പരയെ) ആവർത്തിച്ച് നടത്തിക്കൊണ്ട് പോകുകയും ചെയ്യുന്നതാരാണ്? ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം തരുന്നതുമാരാണ്? അല്ലാഹുവിന്റെ കൂടെ മറ്റു വല്ല ദൈവവുമുണ്ടോ? പറയുക, നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങളുടെ തെളിവ് കൊണ്ടുവരിക. (27:65)*

*നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള ഏതൊരു വസ്തുവും ഐഹിക ജീവിതത്തിന്റെ വിഭവങ്ങളും അതിന്റെ അലങ്കാരങ്ങളുമാണ്. അല്ലാഹുവിന്റെ പക്കലുള്ളത് ഏറ്റവും ഗുണകരവും ശാശ്വതവുമത്രെ. അപ്പോൾ നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ.(28:61)*

*ഓരോ സമുദായത്തിനും ഓരോ സാക്ഷിയെ നാം പുറത്തു കൊണ്ടുവരും. എന്നിട്ട്, നിങ്ങളുടെ തെളിവ് കൊണ്ടുവരിക എന്ന് നാം പറയും. അപ്പോൾ സത്യം അല്ലാഹുവിന് തന്നെയാണെന്ന് അവർ അറിയും. അവർ വ്യാജമായി നിർമ്മിച്ചിരുന്ന വസ്തുക്കളെല്ലാം അവരിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യും. (28:76)*

*നിങ്ങളിൽ നിന്ന് നിരവധി ആളുകളെ അവൻ വഴിതെറ്റിച്ചിട്ടുണ്ട്. എന്നിട്ട്, നിങ്ങൾ ചിന്തിക്കുന്നവരായിട്ടില്ലേ? (36:63)*

*നാം ഈ ഖുർആനെ ഒരു പർവ്വതത്തിനു മേൽ ഇറക്കിയിരുന്നെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിമിത്തം അത് നമ്രമായും പൊട്ടിക്കീറുന്നതായും നീ കാണുമായിരുന്നു. ആ ഉദാഹരണങ്ങൾ മനുഷ്യർക്കായി നാം വിവരിച്ചു കൊടുക്കുന്നു; അവർ ചിന്തിക്കാൻ വേണ്ടി. (59:22)*

# വിരക്തിയും ഇഷ്ടവും

സഹലുബ്നു സഅദ് (റ) നിവേദനം: ഒരാൾ വന്ന് നബി (സ)യോട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, അല്ലാഹുവും മനുഷ്യരും എന്നെ ഇഷ്ടപ്പെടാൻ സഹായകരമായ പ്രവൃത്തി ഏതാണെന്ന് പറഞ്ഞു തരിക. തിരുമേനി (സ) പറഞ്ഞു നീ ഇഹത്തിൽ വിരക്തനാകുക. എന്നാൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടും. മനുഷ്യരുടെ പക്കലുള്ള വസ്തുക്കളിൽ വിരക്തനാകുക. എന്നാൽ മനുഷ്യർ നിന്നെ ഇഷ്ടപ്പെടും (തിർമിദി, ഇബ്നു മാജ)

# അനന്തരാവകാശം

നീതിക്ക് പരമ പ്രാധാന്യം നൽകുന്ന ഇസ്‌ലാം മതത്തിൽ മരിച്ചയാളുടെ സ്വത്തുക്കൾ അനന്തരാവകാശികൾക്കിടയിൽ എങ്ങനെ പങ്കിടണം എന്നതിനെ സംബന്ധിച്ച് ചില വ്യവസ്ഥകളും നിയമങ്ങളുമുണ്ട്. ഇസ്‌ലാമിക പ്രമാണങ്ങളുടെയും നീതിതത്ത്വങ്ങളുടെയും വെളിച്ചത്തിൽ ലേഖകൻ അത് ലളിതമായി വിശദീകരിക്കുന്നു. MUSLIM SUNRISE WINTER 2013 നിന്നെടുത്തതാണ് ഈ ലേഖനം

## ഡോ. ലുത്ഫുർറഹ്മാൻ

ഒരാളുടെ മേൽ മരണം വന്നണയുന്നതോടെ അയാളുടെ സ്വത്തുക്കൾ മരിച്ചയാളുടെ അനന്തരസ്വത്തായി മാറുന്നു. ഈ സ്വത്ത്‌വകകളെല്ലാം ജീവിച്ചിരിക്കുന്ന ബന്ധുക്കളിലേക്കും സ്നേഹിതന്മാരിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു. വിവിധ ഗവൺമെന്റുകൾക്കും മതങ്ങൾക്കും ഈ വിഷയത്തിൽ വിവിധങ്ങളായ നിയമങ്ങളും ചട്ടങ്ങളുമുണ്ട്. ബൈബിൾ പഴയ നിയമത്തിൽ ഇപ്രകാരം കാണാം.:

***അതു കൊണ്ട് ഇസ്റായേൽ ക്കാരോട് പറയണം ഇസ്റയേൽ ക്കാരോട് നീ പറയണം പുത്രനില്ലാതെ മരിക്കുന്നയാളുടെ പിന്തുടർച്ചാവകാശം പുത്രിക്ക് ലഭിക്കുമാറാക്കണം. അയാൾക്ക് പുത്രിയില്ലെങ്കിൽ പിന്തുടർച്ചാവകാശം അയാളുടെ സഹോദരന്മാർക്ക് കൊടുക്കണം. സഹോദരന്മാരും ഇല്ലെങ്കിൽ അയാളുടെ പിതൃസഹോദരന്മാർക്ക് കൊടുക്കണം. പിതൃസഹേദരന്മാരാരും ഇല്ലെങ്കിൽ പിന്തുർടച്ചാവകാശം അയാളുടെ കുടുംബത്തിലെ ഏറ്റവും അടുത്ത ചാർച്ചക്കാരനു നൽകണം. അയാൾ അത് അവകാശമാക്കണം. (സംഖ്യാ പുസ്തകം 27: 8 11)***

പിന്തുടർച്ചാവകാശം കുടുംബ നിയമങ്ങളിൽ പെട്ടതാണ്. ലോകത്തിലെ മിക്ക ഭരണകൂടങ്ങളും അവരുടെ പൗരന്മാർക്ക് ഇത്തരം കാര്യങ്ങൾ അവരുടെ അഭീഷ്ടങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസരിച്ച് നിർവ്വഹിക്കാൻ അനുവാദം നൽകുന്നു. അപ്രകാരം ഏതൊരു മുസ്‌ലിമിനും ഇസ്‌ലാം മതത്തിന്റെ നിയമങ്ങൾക്കനുസരിച്ച് വസിയത്ത് എഴുതാനുള്ള അനുവാദമുണ്ട്.

പിന്തുടർച്ചാവകാശ കാര്യത്തിൽ വിശുദ്ധ ഖുർആൻ ഒരു സമ്പൂർണ്ണ മാർഗ്ഗ ദർശിയാണ്. പിന്തുടർച്ചാവകാശ കാര്യത്തിൽ മരിച്ച വ്യക്തിയുടെ അനന്തര സ്വത്തുക്കൾ തുല്യതയോടെയും നീതി പൂർവ്വകമായും അവകാശികൾക്കിടയിൽ വിതരണം ചെയ്യാൻ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

***മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ ധനത്തിൽ നിന്നും പുരുഷന്മാർക്ക് ഒരു ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ ധനത്തിൽ നിന്ന് സ്ത്രീകൾക്ക് ഒരു ഓഹരിയുണ്ട്. അത്കുറവോ കൂടുതലോ ആകട്ടെ നിശ്ചിതമായ ഓഹരി (4:8)***

ജീവിക്കുന്ന അവകാശികൾക്കിടയിൽ പിന്തുടർച്ചാവകാശത്തിന്റെ നിശ്ചിതതോത് നിർണ്ണയിച്ചിട്ടുണ്ട്. ഇത് സ്വത്ത് വിഭജനം എളുപ്പവും ലളിതവുമാക്കുന്നു. തീർച്ചയായും ചില കാര്യങ്ങലിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

### വിൽപത്രം എഴുതൽ

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***നിങ്ങളിലൊരാൾക്ക് മരണം ആസന്നമായാൽ അയാൾ ധാരാളം ധനം അവശേഷിപ്പിക്കുന്നുവെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കുമായി ന്യായമായതു പ്രവർത്തിക്കാൻ അയാൾ വസിയത്ത് ചെയ്യേണ്ടതാണെന്ന് നിങ്ങൾക്ക് നിർബന്ധ കൽപ്പന നൽകപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പാലിക്കുന്നവർക്ക് ഒരു ബാദ്ധ്യതയാണിത്. (2:181)***

ഒസ്യത്ത് എഴുതുന്ന ആൾക്ക് എന്തെങ്കിലും സ്വത്തുണ്ടായിരിക്കണം. ആ വ്യക്തി മാനസികമായി ആരോഗ്യമുള്ള ആളായിരിക്കണം.

മാനസിക രോഗി ആകാൻ പാടില്ല. നിയമ പരമായി ഭാഷക്ക് വ്യക്തത ഉണ്ടാകാനും അവരുടെ ഒസ്യത്തിന് നിയമ സാധുത്വം നഷ്ടപ്പെടാതിരിക്കാനും പലരും ഒസ്യത്ത് എഴുതാൻ നിയമജ്ഞരെയാണ് ഉപയോഗിക്കാറ്. അല്ലാഹു ഖുർആനിൽ പറയുന്നു:

***വിശ്വസിച്ചവരേ, നിങ്ങളിലൊരാൾക്ക് മരണം ആസന്നമായാൽ വസിയ്യത്ത് ചെയ്യുന്ന സമയം നിങ്ങളിൽനിന്നുള്ള നീതിമാന്മാരായ രണ്ടു പേർ നിങ്ങളുടെയിടയിൽ സാക്ഷ്യം വഹിക്കേണ്ടതാണ്. ( 5: 107)***

ഇസ്‌ലാമിൽ ഒസ്യത്ത് എഴുതുക എന്നത് ഒരാളുടെ ഇഷ്ട പ്രകാരം ചെയ്യുന്ന കാര്യമോ ഐഛിക വിഷയമോ അല്ല. മരണത്തിന് മുമ്പായി സമ്പത്തുള്ളവർ ഒസ്യത്ത് എഴുതുക എന്നത് അത്യാവശ്യമായ കാര്യമാണ്. (2: 281)

***റസൂൽ തിരുമേനി (സ) പറഞ്ഞു: ഒരു മനുഷ്യൻ ഒസ്യത്ത് കൂടാതെ രണ്ടു രാത്രി കടന്നു പോകരുത്. (അബൂദാവൂദ് , കിതാബുൽ വസിയത്ത്)***

ഒരാൾ വിൽ പത്രം എഴുതി വെക്കാതെ മരിക്കുകയാണെങ്കിൽ വിവിധ ഗവൺമെന്റുകൾ അവരവരുടെ നിയമമനുസരിച്ച് മരിച്ചയാളുടെ സ്വത്തുക്കൾ വീതം വെക്കുന്നതായിരിക്കും. അത് മരിച്ചയാളുടെ ഇച്ഛക്കും ഇഷ്ടത്തിനും വ്യത്യസ്തമായിരുന്നേക്കാം. അതുകൊണ്ട് വിൽപത്രം അഥവാ ഒസിയത്ത് തയ്യാറാക്കുക എന്നത് സ്വത്ത് വിഭജനത്തിന്റെ മാത്രം പ്രശ്നമല്ല. കുട്ടികളുടെ പരിലാപനവും മറ്റു കാര്യങ്ങളിലും ഇത് മൂലം ഒരു വ്യക്തത കൈവരുന്നു.

## സ്വത്ത് വിതരണം

ഒരാളുടെ സ്വത്ത് വലുതാകട്ടെ ചെറുതാകട്ടെ അത് താഴെ പറയുന്ന പ്രകാരമാണ് വീതം വെക്കേണ്ടത്.

1. കബറടക്കത്തിന് വേണ്ടി.

2. കടത്തിലേക്ക്

3. ഇഷ്ടദാനം (വിശുദ്ധ ഖുർആനിൽ പറഞ്ഞ വസിയത്ത് പ്രകാരമുള്ള ധനം കൊടുക്കൽ) ഇതിൽ ഏതെങ്കിലും തരത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള വസിയത്തുംപെടും. അത് പോലെ അനന്തരാവകാശി എന്ന് ഇസ്‌ലാമിൽ നിർവ്വചിക്കപ്പെട്ടിട്ടില്ലാത്ത കുടുംബത്തിലെ ബന്ധുക്കളും ഉൾപ്പെടും. ദരിദ്രർക്ക് നൽകുന്നതും സേവകന്മാർ, മറ്റ് ആവശ്യക്കാർ മുതലായവർക്ക് വേണ്ടി കരുതുന്ന ധനവും അതിൽപെടും. അങ്ങനെ ഒസ്യത്ത് ചെയ്യാവുന്ന സ്വത്ത് മരിച്ചയാളുടെ മൊത്തം സ്വത്തിന്റെ പരമാവധി മൂന്നിൽ ഒന്നാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഹിസ്സ ജദീദുകൾ ഈ വകുപ്പിലാണ് പെടുക.

4. സ്വത്തിലെ അവശേഷിക്കുന്ന ഭാഗം അനന്തരാവകാശികൾക്ക് നിശ്ചിത നിയമ പ്രകാരം വിതരണം ചെയ്യപെടും.

## അവകാശികൾ ഇസ്‌ലാമിൽ

**മാതാപിതാക്കന്മാർ:** മരിച്ചയാൾക്ക് കുട്ടികളുണ്ടെങ്കിൽ മാതാപിതാക്കന്മാർക്ക് 6 ൽ 1 ഭാഗമാണ് ലഭിക്കുക. മരിച്ചയാൾക്ക് കുട്ടികളും വിവാഹ പങ്കാളിയും ഇല്ലെങ്കിൽ മാതാവിന് 3 ൽ 1 ലഭിക്കും, പിതാവിന് 3ൽ 2 ഭാഗം ലഭിക്കും. മരിച്ചയാൾക്ക് കുട്ടികളു ണ്ടെങ്കിൽ മാതാവിന് 6 ൽ 1 ലഭിക്കും. (ഖുർആൻ 4: 12)

**ഭർത്താവ്:** കുട്ടികളില്ലാതെ ഭാര്യ മരിച്ചാൽ ഭർത്താവിന് 2 ൽ 1 ഭാഗം ലഭിക്കും. ഭാര്യക്ക് കുട്ടികളുണ്ടെങ്കിൽ ഭർത്താവിന് 4ൽ 1 ഭാഗം ലഭിക്കും. ( വി. ഖു. 4: 13)

**ഭാര്യ:** ഭർത്താവ് കുട്ടികളില്ലതെ മരിക്കുകയാ ണെങ്കിൽ ഭാര്യക്ക് 4ൽ 1 ഭാഗം ലഭിക്കും. കുട്ടികളുണ്ടെങ്കിൽ ഭാര്യക്ക് 8 ൽ ഒന്നാണ് ലഭിക്കുക.

**പെൺകുട്ടികൾ:** മരിച്ചയാൾക്ക് രണ്ടോ അതിലധികമോ പെൺകുട്ടികളാണ്. അദ്ദേഹത്തിന് ആൺകുട്ടികളില്ല. എങ്കിൽ അവർക്ക് മൊത്തം സ്വത്തിന്റെ 3 ൽ 2 ഭാഗം ലഭിക്കും. മരിച്ചയാൾക്ക് ഒരു പുത്രി മാത്രമാണ് ഉള്ളത്, അയാൾക്ക് ആൺ കുട്ടികളില്ല എങ്കിൽ അവൾക്ക് 2 ൽ 1 ഭാഗം ലഭിക്കും. (ഖുർആൻ 4: 12)

**ആൺകുട്ടികൾ:** ആൺകുട്ടിക്ക് പെൺകുട്ടിയുടെ ഇരട്ടിയുണ്ടാകും (വി. ഖുർആൻ 4: 12)

മേൽ പറഞ്ഞ എല്ലാ ഓഹരികളും കബറടക്കത്തിനുള്ള ചിലവും കടങ്ങളും ദാന ഒസ്യത്തുകൾക്കും ശേഷമുള്ള സ്വത്തുക്കളിലായിരിക്കും നൽകുക.

മരണപ്പെട്ടയാളുടെ ജീവിച്ചിരിക്കുന്ന മേൽപ്പറഞ്ഞ ബന്ധുക്കളെല്ലാം അദ്ദേഹത്തിന്റെ അനന്തരാവകാശികളാണ്. ജനിക്കാത്ത ഗർഭത്തിലിരിക്കുന്ന കുഞ്ഞും അനന്തരാവകാശിയാണ്. അവരുടെ യാതൊരാളുടെയും ഓഹരികളും തടയപ്പെടാൻ പാടില്ല. അതു കൂടാതെ മറ്റു അനന്തരാവകാശികളുമുണ്ട്. പക്ഷേ അവരുടെ അനന്തരാവകാശം മേൽ പറഞ്ഞ അനന്തരാവകാശികളുടെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ ആശ്രയിച്ചാണ് നിർണ്ണയിക്കപ്പെടുക.

## സ്ത്രീകളുടെ ഓഹരി

ഇസ്‌ലാമിൽ പൊതു തത്ത്വമനുസരിച്ച് അനന്തരാവകാശ നിയമ പ്രകാരം പുരുഷന്റെ പകുതിയാണ് സ്ത്രീക്ക്. പലരും ഇത് ഇസ്‌ലാമിൽ സ്ത്രീകളോടുള്ള അനീതിപരമായ സമീപനമാണെന്ന് വിമർശിക്കാറുണ്ട്. മനുഷ്യൻ എന്ന നിലക്ക് ഇസ്‌ലാമിൽ പുരുഷനും സ്ത്രീയും തുല്യരാണ്. . പക്ഷേ അവർ വ്യക്തിത്വത്തിൽ വ്യത്യസ്തരാണ്. ജീവിതത്തിൽ അവരുടെ പങ്കും വ്യത്യസ്തമാണ്. ഉദാഹരണത്തിന് സ്ത്രീകൾക്ക് മാത്രമേ മാതാവാകാൻ സാദ്ധ്യമാകൂ. അതു സംബ

ഇസ്‌ലാമിൽ പൊതുതത്ത്വമനുസരിച്ച് അനന്തരാവകാശ നിയമ പ്രകാരം പുരുഷന്റെ പകുതിയാണ് സ്ത്രീക്ക്. പലരും ഇത് ഇസ്‌ലാമിൽ സ്ത്രീകളോടുള്ള അനീതിപരമായ സമീപനമാണെന്ന് വിമർശിക്കാറുണ്ട്. മനുഷ്യൻ എന്ന നിലക്ക് ഇസ്‌ലാമിൽ പുരുഷനും സ്ത്രീയും തുല്യരാണ്. പക്ഷേ അവർ വ്യക്തിത്വത്തിൽ വ്യത്യസ്തരാണ്. ജീവിതത്തിൽ അവരുടെ പങ്കും വ്യത്യസ്തമാണ്. ഉദാഹരണത്തിന് സ്ത്രീകൾക്ക് മാത്രമേ മാതാവാകാൻ സാദ്ധ്യമാകൂ. അതു സംബന്ധിച്ച് അവകാശങ്ങളും ബാദ്ധ്യതകളും സ്ത്രീകൾക്ക് മാത്രമേ ബാധകമാവൂ. കുടുംബകാര്യത്തിൽ പുരുഷനാണ് ഇസ്‌ലാം സാമ്പത്തിക ബാദ്ധ്യത നൽകിയിരിക്കുന്നത്. സ്ത്രീ സമ്പന്നയാണെങ്കിൽ പോലും കുടുംബത്തിന്റെ സാമ്പത്തിക ബാദ്ധ്യത പുരുഷന്റെ മാത്രം ബാദ്ധ്യതയാണ്. സാമ്പത്തികമായ വീക്ഷണകോണിൽ പുരുഷനാണ് കൂടുതൽ സമ്പത്ത് ആവശ്യമായി വരുന്നത്. അതുകൊണ്ട് ഇസ്‌ലാം അവർക്ക് ധാരാളമായി നൽകുന്നു. എന്നാൽ ഇസ്‌ലാം ഒരിക്കലും സ്ത്രീയിൽ നിന്ന് സമ്പത്ത് നഷ്ടപ്പെടുവാൻ അനുവദിക്കുന്നില്ല. മറിച്ച് അയാളുടെ എല്ലാ സ്ത്രീ ബന്ധുക്കൾക്കും ഇസ്‌ലാം അനന്തരാവകാശത്തിന്റെ ഓഹരി നൽകിയിട്ടുണ്ട്.

---

ന്ധിച്ച് അവകാശങ്ങളും ബാദ്ധ്യതകളും സ്ത്രീകൾക്ക് മാത്രമേ ബാധകമാവൂ. കുടുംബകാര്യത്തിൽ പുരുഷനാണ് ഇസ്‌ലാം സാമ്പത്തിക ബാദ്ധ്യത നൽകിയിരിക്കുന്നത്. സ്ത്രീ സമ്പന്നയാണെങ്കിൽ പോലും കുടുംബത്തിന്റെ സാമ്പത്തിക ബാദ്ധ്യത പുരുഷന്റെ മാത്രം ബാദ്ധ്യതയാണ്. സാമ്പത്തികമായ വീക്ഷണകോണിൽ പുരുഷനാണ് കൂടുതൽ സമ്പത്ത് ആവശ്യമായി വരുന്നത്. അതുകൊണ്ട് ഇസ്‌ലാം അവർക്ക് ധാരാളമായി നൽകുന്നു. എന്നാൽ ഇസ്‌ലാം ഒരിക്കലും സ്ത്രീയിൽ നിന്ന് സമ്പത്ത് നഷ്ടപ്പെടുവാൻ അനുവദിക്കുന്നില്ല. മറിച്ച് അയാളുടെ എല്ലാ സ്ത്രീ ബന്ധുക്കൾക്കും ഇസ്‌ലാം അനന്തരാവകാശത്തിന്റെ ഓഹരി നൽകിയിട്ടുണ്ട്.

**മറ്റുചില സാഹചര്യങ്ങൾ:** എന്ത് തന്നെ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും ഉണ്ടായിരുന്നാലും ശരി. ചില പ്രത്യേക പരിഗണനകൾ അർഹിക്കുന്ന അസാധാരണമായ സാഹചര്യങ്ങൾ ഉടലെടുക്കാറുണ്ട്. ഈ പ്രശ്നങ്ങൾ സാധാരണ നിയമങ്ങൾകൊണ്ട് പരിഹരിക്കാൻ സാദ്ധ്യമല്ല. ഞാൻ അത്തരം ചില സാഹചര്യങ്ങൾ വിവരിക്കാം. മറ്റുള്ളവക്ക് മാർഗ്ഗദർശകമായ ഒരു സാഹചര്യം മാത്രം ഞാൻ വിവരിക്കാം.

**പ്രശ്നം:** പിതാവ് മരിച്ച ഒരു കുഞ്ഞിന് അവന്റെ (ആ പേരക്കുട്ടിയുടെ) മാതാമഹന്റെയോ പിതാമഹന്റെയോ അനന്തരവകാശിയാകുന്നില്ല. . ഇത് അന്യായമായ ഒരു പ്രശ്നമായിട്ടാണ് പലരും കാണുന്നത്. കുഞ്ഞിന് ചെലവിന് നൽകിയിരുന്ന അവന്റെ ആശ്രയമായ പിതാവാണ് മരിച്ചത്. അവന്റെ മാതാവിന് അവന്റെ ചിലവ് വഹിക്കാനുള്ള സാമ്പത്തിക ശേഷിയുമില്ല. ഇത് അന്യായമല്ലേ? എന്നതാണ് ചോദ്യം

**പരിഹാരം:** ഇത്തരത്തിലുള്ള അവസ്ഥകൾ ഇസ്‌ലാമിക നിയമം തിരിച്ചറിയുകയും പരിഹാരം നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: അനന്തരാവകാശ സ്വത്ത് ***ഓഹരി വെക്കുന്ന അവസരത്തിൽ (അവകാശികളല്ലാത്ത മറ്റു) അടുത്ത ബന്ധുക്കളും അനാഥരും അഗതികളും അവിടെ ഹാജരുണ്ടെങ്കിൽ അവർക്കും അതിൽ നിന്നും വല്ലതു കൊടുക്കുക. അവരോട് നല്ല വാക്കുകൾ പറയുകയും ചെയ്യുക (ഖുർആൻ 4:9.).*** അല്ലാഹു 3 ൽ 1 ഭാഗം ഒസ്യത്ത് മുഖേന ഇഷ്ടദാനം ചെയ്യാൻ അനുവദിച്ചിരിക്കുന്നു. ഈ ഭാഗം സാധാരണ നിയമാനുസാരം അനന്തരാവകാശം ലഭിക്കാത്തവർക്ക് ഒസിയ്യത്ത് ചെയ്യണം. ഇങ്ങനെ ഒരവസരം സംജാതമായാൽ കുട്ടിയുടെ മാതാമഹനോ പിതാമഹനോ അത് പേരക്കുട്ടിക്ക് ഒസിയ്യത്ത് ചെയ്ത് നൽകണം. വാഗ്ദത്ത മസീഹ് പറഞ്ഞത്: ***പിതാമഹൻ അത്തരം സന്ദർഭങ്ങളിൽ തന്റെ പേരക്കുട്ടിക്ക് വേണ്ടി ഒസ്യത്ത് എഴു തിവെക്കണം .അനാഥയായ ആ കുട്ടി മറ്റാരെക്കാളും കാരുണ്യം അർഹിക്കുന്നവനാണ്. (മൽഫൂസാത്ത് വോല്യം 4 പേജ് 279)***

1950 ൽ ഈജിപ്ഷ്യൻ ഗവൺമെന്റ് ഈ പ്രശ്നം

പഠിക്കാൻ ഒരു പണ്ഡിത സഭയെ നിയോഗിക്കുകയുണ്ടായി. അവരുടെ ശുപാർശ ഇപ്രകാരമായിരുന്നു: തന്റെ അനാഥയായ പേരക്കുട്ടിക്ക് മുത്തച്ഛൻ തന്റെ സ്വത്തിന്റെ 3 ൽ 1 ഭാഗം ഒസിയത്ത് ചെയ്യേണ്ടതാണ്. അദ്ദേഹം ഇത് അവഗണിക്കുന്ന പക്ഷം അപ്രകാരം കണക്കാക്കി പേരകുട്ടിക്ക് നൽകണം. ഗവൺമെന്റ് ഇതിനായി ഒരു നിയമം നിർമിക്കേണ്ടതാണ്. (AL Muwaris -Ul- Islamiyyah, Rule 137& 138)

ഇസ്ലാമിക നിയമ പ്രകാരം പിതാവ് മരിച്ചാൽ മരിച്ചയാളുടെ മകന് മുത്തഛനാണ് പിതാവിന്റെ സ്ഥാനത്തു വരിക. അപ്രകാരം മകൻ മരിക്കുകയാണെങ്കിൽ പേരക്കുട്ടി മകന്റെ സ്ഥാനത്ത് വരും. ഭൂരിപക്ഷ മുസ്ലിം പണ്ഡിതന്മാരും ഇതിനോട് യോജിക്കുന്നു. അതു കൊണ്ട് പിതാവ് മരിച്ചതിനാൽ പിതാവിന്റെ അഭാവത്തിൽ പൗത്രന് മകനായി അനന്തരാവകാശിയാവാം. പിതാവ് മരിച്ചതിനാൽ മുത്തച്ഛന്റെ സ്വത്തിന് പേരക്കുട്ടിക്ക് അവകാശം ലഭിക്കാതെ പോയ ഒരൊറ്റ സംഭവം പോലും ആധികാരികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**പ്രശ്നം** : ഒരാൾക്ക് ഒരു മകനും ഒരു മകളുമുണ്ട്. മകന് മകളുടെ രണ്ടിരട്ടി അനന്തരാവകാശം ലഭിക്കും. മകൾക്ക് ഭർത്താവില്ല. തന്റെ കുട്ടികളുടെ രക്ഷിതാവായി അവർ മാത്രമാണുള്ളത്. അവരുടെ മാതാപിതാക്കന്മാരുടെ പിൻബലത്തിലാണ് അവർ ജീവിക്കുന്നത് മകനാകട്ടെ ധനികനും അവരെ നോക്കാത്ത ആളുമാണ്.

**പരിഹാരം:** തികച്ചും അന്യായമായ ഒരു അവസ്ഥയാണിത്. ഇവിടെ 3 ൽ 1 ഭാഗം തന്റെ പേരമക്കൾക്ക് ഒസിയത്ത് ചെയ്യാം. അങ്ങനെ ഈ അവസ്ഥക്ക് ഒരു പരിഹാരം കാണാം.

### അയോഗ്യരായ ബന്ധുക്കൾ

സാധാരണഗതിയിൽ താഴെ ക്കാണുന്ന പട്ടികയിലുള്ളവർ അനന്തരാവകാശത്തിന് അർഹരായവരല്ല. അവരെ വസിയത്തിൽ ഇഷ്ടദാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

♦ മകളുടെ മക്കൾ

♦ സഹോദരിയുടെ മക്കൾ

♦ സഹോദരന്റെ മക്കൾ

♦ മാതാവിന്റെ സഹോദരന്മാർ

♦ മാതാവിന്റെ സഹോദരികൾ

♦ പിതാവിന്റെ സഹോദരിമാർ

♦ മാതാവിന്റെ പിതാവ്

♦ ഭാര്യയുടെ സ്വത്തിൽ അവകാശമുള്ള ഭർത്താവിന്റെ ബന്ധുത്വത്തിലുള്ള എല്ലാവരും

♦ ഭർത്താവിന്റെ സ്വത്തിൽ അവകാശമുള്ള ഭാര്യയുടെ ബന്ധുത്വത്തിലുള്ള എല്ലാവരും.

♦ തനിക്ക് പിറക്കാത്ത കുട്ടികൾ

♦ രണ്ടാനച്ഛന്റെ അമ്മക്കും പിറക്കാത്ത മക്കൾക്ക്

♦ അനന്തരാവകാശികളല്ലാത്ത ദത്തെടുത്ത കുട്ടികൾ

♦ അമുസ്ലിംകളായ ബന്ധുക്കൾ.

അമുസ്ലിംകളായ മാതാപിതാക്കന്മാരും അമുസ് ലിംകളായ കുട്ടികളും ഇസ്ലാമിക നിയമത്തിൽ അനന്തരാവാകശികളായി വരില്ല. പാശ്ചാത്യ രാജ്യങ്ങളിൽ ജീവിക്കുന്ന നമുക്ക് ഇത് പലപ്പോഴും അഭിമുഖീകരിക്കുന്ന ഒരു പൊതു പ്രശ്നമാണ്. പല മുസ്ലിംകളും അമുസ്ലിംകളെ വിവാഹം കഴിക്കുന്നു. ഒരു മുസ്ലിമിനും ***അമുസ്ലിമിന്റെ സ്വത്തിൽ അനന്തരാവകാശമില്ല. അതുപോലെ ഒരു അമുസ്ലിമിനും മുസ്ലിമിന്റെ സ്വത്തിൽ അനന്തരാവകാശമില്ല. ( ബുഖാരി & മുസ്‌ലിം ബാബുൽ ഫറായിദ )***

♦ ആദ്യഭാര്യ

♦ നിയമ വിധേയമല്ലാതെ ഉണ്ടായ കുട്ടികൾ (വിവാഹബന്ധത്തിലല്ലാതെ ഗർഭിണി ആവുകയും പിറക്കുകയും ചെയ്ത കുട്ടികൾ)

♦ ഒരു കൊലയാളി അയാളാൽ കൊല്ലപ്പെട്ടയാളുടെ അനന്തരാവകാശിയല്ല. (സുനൻ ഇബ്നു മാജ വാല്യം 2 ബാബുൽ ഫറായിദ്)

മകന്റെ ദുസ്സ്വഭാവം കാരണം പിതാവ് അവനുമായി യാതൊരു ബന്ധവുമില്ല എന്ന് പ്രഖ്യാപിക്കുന്ന സമ്പ്രദായം ലോകത്തിലെ ചില ഭാഗങ്ങളിൽ നടന്നു വരുന്നു. പിതാവ് മകനെ തന്റെ അനന്തരാവകാശികളുടെ പട്ടികയിൽ നിന്നും പുറത്താക്കുകയും ചെയ്യും. ഇത് ഇസ്ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. അനന്തരാവകാശികളെ നിശ്ചയിക്കുന്നത് സർവ ശക്തനായ അല്ലാഹുവാണ്. അത്തരം ഒരു ഒസ്യത്ത് ചോദ്യം ചെയ്യപ്പെടാവുന്നതാണ്. അത് ഇസ്ലാമിക കുടുംബ നിയമ പ്രകാരം സാധുവാകില്ല.

വസിയത്തിലോ ഇഷ്ടദാനത്തിലോ അനന്തരാവകാശികളിൽപ്പെട്ട ഒരാൾക്ക് മാത്രം അധികം നൽകാൻ പാടുള്ളതല്ല. ഉദാഹരണത്തിന് ഒരു പിതാവിന് നിർദിഷ്ട് ഓഹരിയിൽ കൂടിയോ കുറഞ്ഞോ തന്റെ പുത്രനോ പുത്രിക്കോ നൽകാൻ പാടുള്ളതല്ല. (തിർമിദി , ബാബുൽ വസിയ്യത്ത്)

ഇതാണ് ഇസ്ലാമിലെ അനന്തരാവകാശ നിയമത്തിന്റെ ലളിതമായ രൂപം. മരണ സമയത്ത് ബന്ധുക്കൾക്കിടയിൽ കൂടുതൽ സങ്കീർണമായ അവസ്ഥകളും നിയമ പ്രശ്നങ്ങളുമുണ്ടാകാം. അങ്ങനെ വന്നാൽ പരിഹാരവും കൂടുതൽ സങ്കീർണമാകും. ഏറ്റവും ലളിതമായി ഇസ്ലാമിക അനന്തരാവകാശം നിർണയി ച്ചെടുക്കാൻ പറ്റിയ നിരവധി ഗണന ക്രിയകൾ ലഭ്യമാണ്.

### കടങ്ങൾ

കടങ്ങൾ വാങ്ങുന്നത് ഇസ്ലാം നിരോധിക്കുന്നില്ല.

ഈ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് കടം കൊടുത്ത് വീട്ടുന്നതിന് റസൂൽ തിരുമേനി(സ) വൻ പ്രാധാന്യമാണ് നൽകിയത്. ഒരാളുടെ കടം അയാളുടെ സ്വത്തിനേക്കാൾ കൂടിയതാണെങ്കിൽ റസൂൽ തിരുമേനി(സ) അയാളുടെ ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകിയിരുന്നില്ല.

ഇക്കാലത്ത് പണയവും കടം വാങ്ങലും സാധാരണമാണ്. നാം നമുക്ക് ലഭിക്കുന്ന വരുമാനത്തി നുള്ളിൽ ഒതുങ്ങിനിന്ന് ജീവിക്കാൻ ശ്രമിക്കണം. മരണ സമയത്ത് എന്തെങ്കിലും സമ്പാദിച്ച് വെക്കുക യും വേണം. നമ്മുടെ കടബാദ്ധ്യത കൾ തീർക്കാൻ മാത്രമല്ല നമ്മുടെ അനന്തരാവകാശികൾക്ക് നൽകാനും കാരുണ്യ പ്രവർത്ത നങ്ങൾക്ക് നൽകാനുമായി എന്തെ ങ്കിലും സ്വത്തു കൂടി സമ്പാദി ക്കണം.

ആവശ്യം വരുന്ന ഘട്ടത്തിൽ ഒരാൾക്ക് കടം വാങ്ങാവുന്നതാണ്. ഇസ്ലാം അതിന്റെ അനുയായി കളേട് മിതവ്യയം ശീലിക്കാനാണ് ആവശ്യപ്പെടുന്നത്. ഉള്ളതിനനു സരിച്ച് ചെലവ് ചെയ്യാനും ആവശ്യപ്പെടുന്നു. *റസൂൽ തിരുമേ നി(സ) പറഞ്ഞു: ഒരാൾ തിരിച്ചടക്കണമെന്ന ഉദ്ദേശത്തോടെ മറ്റൊരാളിൽ നിന്നും കടം വാങ്ങിയാൽ അല്ലാഹു അവനെ സഹായിക്കുന്നതാണ്. ഒരാൾ കടം വാങ്ങുകയും തിരിച്ചടക്കാതിരി ക്കുകയും ചെയ്താൽ അല്ലാഹു അവനെ പാഴ്വസ്തുവെപ്പോലെ യാക്കും. (ബുഖാരി)*

***ഹദ്റത്ത് സൽമാൻ(റ) നിന്ന് നിവേദനം; ഒരിക്കൽ ഞങ്ങൾ പ്രവാചക സവിധത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു മയ്യത്ത് അവിടെ കൊണ്ടു വരപ്പെട്ടു. ആളുകൾ അവിടു ത്തോട് മയ്യിത്ത് നമസ്ക്കാര ത്തിന് നേതൃത്വം നൽകാൻ അപേക്ഷിച്ചു. പ്രവാചകർ (സ) അവരോട് ചോദിച്ചു ഇദ്ദേഹം ആർക്കെങ്കിലും കടബാദ്ധ്യത കൾ ബാക്കിവെച്ചിട്ടുണ്ടോ? ആളുകൾ പറഞ്ഞു; ഇല്ല. അദ്ദേഹം എന്തെങ്കിലും സ്വത്ത് ബാക്കി വെച്ചിട്ടുണ്ടോ? ഇല്ല. അപ്പോൾ റസൂൽ തിരുമേനി (സ) പറഞ്ഞു. എന്നാൽ മയ്യത്ത് നമസ്ക്കരിക്കാം. മറ്റൊരു മയ്യത്ത് അവിടുത്തെ മുമ്പിൽ കൊണ്ടു വരപ്പെടുകയും ആളുകൾ മയ്യത്ത് നമസ്ക്കാരത്തിനായി അവിടുത്തോട് അഭ്യർഥിക്കുക യും ചെയ്തു. അവിടുന്ന് ചോദിച്ചു മരിച്ചയാൾക്ക് എന്തെ ങ്കിലും കടങ്ങളുണ്ടോ? ആളുകൾ പറഞ്ഞു: അതേ. റസൂൽ തിരു മേനി(സ) ചോദിച്ചു ഇദ്ദേഹത്തിന് എന്തെങ്കിലും സ്വത്ത് ബാക്കി യുണ്ടോ? ആളുകൾ പറഞ്ഞു: അതേ. റസൂൽ തിരുമേനി മയ്യത്ത് നമസ്ക്കാരത്തിന് നേതൃത്വം നൽകി. മൂന്നാമതൊരു മയ്യത്ത് അവിടെ കൊണ്ടുവരപ്പെട്ടു. ആളുകൾ മയ്യത്ത് നമസ്ക്കാര ത്തിന് നേതൃത്വം നൽകാൻ റസൂൽ തിരുമേനിയോട് അഭ്യർഥിച്ചു. അവിടുന്ന് ചോദിച്ചു ഇദ്ദേഹം എന്തെങ്കിലും സ്വത്ത് ബാക്കിവെച്ചിട്ടുണ്ടോ? ആളുകൾ പറഞ്ഞു. ഇല്ല. തുടർന്ന് അവിടുന്ന് ചോദിച്ചു ഇദ്ദേഹത്തിന് എന്തെ ങ്കിലും കടങ്ങളുണ്ടോ? ആളുകൾ പറഞ്ഞു: അതേ. റസൂൽ തിരു മേനി(സ) പറഞ്ഞു: നിങ്ങളുടെ കൂട്ടുകാരന്റെ ജനാസ നമസ്ക്കാരം നിങ്ങൾ തന്നെ നിർവഹിക്കുക. അബൂഖതാദ പറഞ്ഞു: ഞാൻ അദ്ദേഹത്തിന്റെ കടബാദ്ധ്യത ഏറ്റെടുക്കുന്നു. അതിന് ശേഷമാണ് റസൂൽ തിരുമേനി ജനാസ നിർവഹിച്ചത്***
*(ബുഖാരി, മുസ്ലിം)*


# വിധവക്ക് വേണ്ടി ചിലവഴിക്കൽ

ഹദ്റത്ത് സുറാക്കത്ത് ബിൻ മാലിക്ക് (റ) നിവേദനം ചെയ്യുന്നു. നബി(സ) ചോദിച്ചു: ഞാൻ നിനക്ക് ഏറ്റവും നല്ല ദാന ധർമ്മത്തെ സംബന്ധിച്ച് പറഞ്ഞുതരട്ടയോ? അത് മൊഴി ചൊല്ലപ്പെട്ടതോ, വിധവയോ ആയ നിന്റെ മകളുടെ ആവശ്യങ്ങൾക്ക് വേണ്ടി ചിലവഴിക്കലാണ്. അവൾക്ക് നീയല്ലാതെ മറ്റാരും സമ്പാദിച്ചു കൊടുക്കാനില്ല. (ഇബ്നുമാജ)

# അബ്ദുസ്സലാമിനെ ഓർക്കുമ്പോൾ

**മഹാനായ ഒരു ശാസ്ത്ര പ്രതിഭയെ അവഗണിച്ച് സ്വയം അപമാനിതയായി തീർന്ന ഒരു രാജ്യമാണ് പാകിസ്താൻ. ഇന്ന് പാകിസ്താൻ ശാസ്ത്ര വൈജ്ഞാനിക രംഗത്ത് ഏറ്റവും പിന്നോക്കവും ജിഹാദികളുടെ പറുദീസയുമാണ്.**

**എ. എം.**



ഭൗതിക ശാസ്ത്രത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ കുലപതികളിലൊരാളും ലോകം ആദരിക്കുന്ന മഹാശാസ്ത്ര പ്രതിഭയും നോബേൽ പുരസ്കാര ജേതാവുമായ ഈ വിശ്വപൗരൻ പിറന്ന നാട് പാകിസ്താനാണ്. പാകിസ്താനിലും മൂന്നാം ലോകത്തും ശാസ്ത്ര പുരോഗതിക്ക് വേണ്ടി അബ്ദുസ്സലാമിനെ പോലെ പ്രയത്നിച്ചവരില്ല എന്നല്ല മറ്റാരും പ്രവർത്തിച്ചിരുന്നില്ല എന്നതാണ് വാസ്തവം. മതരാഷ്ട്ര മൗലിക വാദത്തിന്റെ പിടിയിലമർന്ന പാകിസ്താൻ ഉജ്ജ്വല തേജസ്സിയായ ഈ മഹാ പ്രതിഭ ജീവിച്ചിരുന്നപ്പോഴും മരിച്ചുകഴിഞ്ഞതിന് ശേഷവും അദ്ദേഹത്തോട് കാണിച്ച ക്രൂരമായ അവഗണനയും നന്ദികേടും കൊണ്ട്, ആ രാജ്യം ലോകത്തിന് മുമ്പിൽ നിന്ദിതരും പരിഹാസ്യരുമായി മാറിയിരിക്കുകയാണ്. സലാം സാഹിബിന് മത രാഷ്ട്രമായ പാകിസ്താൻ കണ്ട അയോഗ്യത അദ്ദേഹം ഒരു അഹ്മദിയായിപ്പോയി എന്നതാണ്. ഇപ്പോൾ തങ്ങളെ ബാധിച്ച മതഭ്രാന്തിന്റെ രോഗമൂർച്ഛ കഴിഞ്ഞ് ആ രാജ്യത്തിന് വെളിവുണ്ടാകുമ്പോൾ ഈ അപരാധം തിരിച്ചറിയപ്പെടാതിരിക്കില്ല.

ശാസ്ത്ര ലോകത്തിലെ തന്നെ പ്രവരവും അഭിജാതവുമായ തിയററ്റിക്കൽ ഫിസിക്സ് ആയിരുന്നു പ്രൊഫ: അബ്ദുസ്സലാമിന്റെ കർമമേഖല. അടിസ്ഥാനബലങ്ങളുടെ ഏകീകരണത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾ ശാസ്ത്രത്തിന്റെ സൈദ്ധാന്തികവും സാങ്കേതികവുമായ രംഗങ്ങളിൽ മാത്രമല്ല മാനവീയ ദർശനങ്ങളിലും ജനപ്രിയ ശാസ്ത്ര സാഹിത്യങ്ങളിലും വ്യാപകമായി ചർച്ചചെയ്യപ്പെടുകയും ഉദ്ധരിക്കപ്പെടുകയും ചെയ്യുന്നു.

തന്റെ ഭീമമായ നോബേൽ സമ്മാന തുകയിൽ നിന്ന് ഒരു ചില്ലിക്കാശുപോലും എടുക്കാതെ മുഴുവനും അവിടുത്തെ ശാസ്ത്ര വിദ്യാർഥികളുടെ പഠനത്തിന് വേണ്ടി സംഭാവന ചെയ്ത വിശ്വപൗരനായ ഈ മനുഷ്യസ്നേഹിയോടായിരുന്നു ഈ അവഗണന. പ്രൊഫ: സലാം ദന്തഗോപുരവാസിയായ ഒരു ശാസ്ത്രജ്ഞനായിരുന്നില്ല. പട്ടിണിപ്പാവങ്ങൾ അധിവസിക്കുന്ന മൂന്നാം ലോക രാജ്യങ്ങളിൽ ഭൗതിക ശാസ്ത്രം പ്രചരിപ്പിക്കാനും അവരുടെ ജീവിതത്തിന് അതുവഴി ആശ്വാസമരുളുവാനും, സമ്പന്ന രാജ്യങ്ങളിലെ ശാസ്ത്ര വൈഷണിക വേദികളിൽ അവർക്ക് വേണ്ടി ഏകനായി പൊരുതിയ ഒരു വിജ്ഞാന പോരാളിയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഇന്റർ നാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ

സയൻസ് (ICTP) വികസിത രാജ്യങ്ങളുടെ സാമ്പത്തിക സഹായത്തോടെ ഏറെക്കുറെ ഒറ്റക്കാണ് അദ്ദേഹം സ്ഥാപിച്ചത്. ദരിദ്ര ലോകത്ത് നിന്നുള്ള ശാസ്ത്ര വിദ്യാർഥികൾക്ക് ഏറ്റവും ചെലവേറിയ ഉന്നത ഭൗതിക ശാസ്ത്ര വിജ്ഞാനം ഇവിടെ നിന്ന് ലഭ്യമാണ്. ആ മഹാശാസ്ത്രപ്രതിഭയോടുള്ള ആദര സൂചകമായി അദ്ദേഹത്തിന്റെ മരണശേഷം ഇറ്റലിയിലെ ഈ അന്തർദേശീയ സ്ഥാപനത്തിന് ഡോ: സലാം ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ് എന്ന് ഇപ്പോൾ പുനർനാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഔന്നത്യത്തിന് ഇതിനേക്കാൾ വലിയ പുരസ്ക്കാരമില്ല. ആയിരം നോബേൽ സമ്മാനത്തേക്കാൾ ഉന്നതമാണ് ഈ ബഹുമതി. മൂന്നാം ലോകത്ത് ശാസ്ത്രം പ്രചരിപ്പിക്കാൻ അദ്ദേഹം സ്ഥാപിച്ച മറ്റൊരു സ്ഥാപനമാണ് തേർഡ് വേൾഡ് അക്കാഡമി ഓഫ് സയൻസ്. മൂന്നാം ലോകരാജ്യങ്ങളിലെ സ്ത്രീകളിൽ ശാസ്ത്ര ബോധവും ശാസ്ത്ര പ്രവർത്തനങ്ങൾ വർധിപ്പിക്കാനും വേണ്ടി സ്ഥാപിച്ച തേർഡ് വേൾഡ് ഓർഗനൈസേഷൻ ഫോർ വുമൺ ഇൻ സയൻസ്(TWOWS)മുതലായ അന്തർദേശീയ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ മാത്രം പരിശ്രമ ഫലമാണ്. മരണം വരെ പ്രതിഫലേച്ഛ കൂടാതെ യുഎന്നിന് വേണ്ടിയായിരുന്നു അദ്ദേഹം പ്രവർത്തിച്ചത്.

പ്രൊഫ: അബ്ദുസ്സലാം പാകിസ്താനിലെ രാഷ്ട്രീയക്കാരുടെ കാപട്യം തുറന്നു കാട്ടിയ ഒരു സംഭവം വാഷിങ്ങ്ടണിലെ Daily times ന്റെ ലേഖകൻ ഖാലിദ് ഹസനെ ഉദ്ധരിച്ച് The Hindu വിന്റെ ലേഖിക നിരുപമാ സുബ്രഹ്മണ്യം എഴുതുന്നു. ഹസൻ അക്കാലത്ത് ഭൂട്ടോയുടെ പ്രസ് സെക്രട്ടറിയായിരുന്നു. താങ്കൾ എന്തുകൊണ്ടാണ് പാകിസ്താനിലെ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ രാജിവെച്ചത്? സുൽഫിക്കർ ഭൂട്ടോ സലാമിനോട് ചോദിക്കുകയുണ്ടായി. സലാമിന്റെ മറുപടി എന്റെ സമുദായത്തെ മുഴുവൻ അമുസ്‌ലിം കളായി പ്രഖ്യാപിച്ച ഒരിടത്ത് തുടരാൻ എനിക്ക് സാധ്യമല്ല എന്നായിരുന്നു ഭൂട്ടോ പറഞ്ഞു: സലാം അതെല്ലാം രാഷ്ട്രീയമാണ്. എനിക്ക് സമയം തരിക. ഞാനത് മാറ്റുന്നതാണ്. എന്നെ വിശ്വസിക്കൂ. സലാമിന്റെ മറുപടി: അതെ ശരിതന്നെ സുൽഫി. താങ്കൾ പറഞ്ഞകാര്യം ഒരു കടലാസിൽ എഴുതി തരിക. നമുക്കിടയിൽ ആ ലിഖിതം എന്നേക്കും എപ്പോഴും ഉണ്ടായിരിക്കുമല്ലോ. ഹസ്സൻ എഴുതുന്നു: ഭൂട്ടോയുടെ മറുപടി വളരെ ക്ലാസിക്കലായിരുന്നു. ഭൂട്ടോ പറഞ്ഞു: സലാം എനിക്ക് അത് സാധ്യമല്ല. അതായത് ഞാനൊരു രാഷ്ട്രീയക്കാരനാണ്! (The Hindu 2006 Nov 30)

ധീരനായ സലാം സാഹിബ് ആത്മാഭിമാനിയായിരുന്നു. ഒരിക്കൽ ന്യൂജഴ്സിയിലുള്ള പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ വെച്ച് വിഖ്യാതനായ ആൽബർട്ട് ഐൻസ്റ്റീനുമായി അദ്ദേഹം കണ്ടുമുട്ടി. ഐൻസ്റ്റീൻ സലാം സാഹിബിനോട് ചോദിച്ചു. എന്ത് തരത്തിലുള്ള ഗവേഷണമാണ് താങ്കൾ നടത്തിക്കൊണ്ടിരിക്കുന്നത്? ഞാൻ റീനോർമലൈസേഷൻ തിയറിയലാണ് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. ഐൻസ്റ്റീൻ പറഞ്ഞു എനിക്കതിൽ താൽപര്യമില്ല. അതിന് ശേഷം സലാമിനോട് താങ്കൾ എന്റെ റിലേറ്റിവിറ്റി തിയറി പഠിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു അപ്പോൾ സലാം സാഹിബ് പറഞ്ഞു: എനിക്കതിനെക്കുറിച്ചു അറിയാൻ ഒട്ടും താൽപര്യമില്ല. ഐൻസ്റ്റീനുമായി സംസാരിക്കാൻ ലഭിച്ച സന്ദർഭങ്ങളിലെല്ലാം ഇസ്‌ലാമിലെ തൗഹീദിനെ അദ്ദേഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയുണ്ടായി. ലോകപ്രശസ്തനായ നാസ്തികവാദിയും മനുഷ്യസ്നേഹിയുമായിരുന്ന ബട്രന്റ് റസ്സലുമായി കേംബ്രിഡ്ജിൽ വെച്ച് സലാം സാഹിബ് പലതവണ സംസാരിക്കുകയുണ്ടായി. ദൈവവിശ്വാസമില്ലാത്ത ഒരാൾ അടിസ്ഥാനപരമായി നിരവധി വൈകല്യങ്ങൾക്ക് വിധേയനാകാവുന്നതാണ്. മതവിശ്വാസമില്ലാത്ത ഒരാളേക്കാൾ മതവിശ്വാസി കൂടുതൽ ത്യാഗങ്ങൾ അനുഷ്ടിക്കാനും സേവനങ്ങൾ ചെയ്യുവാനും സാധിക്കുന്നു എന്നത് ഒരു ചരിത്ര സത്യമാണെന്നും സലാം സാഹിബ് റസ്സലിനോട് പറയുകയുണ്ടായി. ("Dr. Salam - Champion of science in third world"-Zakariyya Virk)

1952 ൽ അദ്ദേഹം ലണ്ടനിൽ നിന്ന് തന്റെ രാജ്യത്തെ സേവിക്കാൻ ലാഹോർ കോളേജിൽ മാത്തമാറ്റിക്ക്സ് വകുപ്പിന്റെ തലവനായി വന്നപ്പോൾ അദ്ദേഹത്തിന് ഔദ്യോഗിക വസതി നിഷേധിക്കുകയുണ്ടായി. ഇതിൽ പരാതിപ്പെട്ടുകൊണ്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് അദ്ദേഹം പരാതി അയക്കുകയുണ്ടായി. താങ്കൾക്ക് ജോലിയിൽ തുടരാൻ ഇഷ്ടമില്ലെങ്കിൽ രാജി വെച്ചൊഴിയാമെന്നായിരുന്നു മന്ത്രിയുടെ നിലപാട്. പിന്നീട് കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ. സിറാജുദ്ദീൻ അബ്ദുസ്സലാം സാഹിബിനോട് ഫുട്ബോൾ ടീമിന്റെ മേൽനോട്ടം വഹിക്കാനാണ് നിർദേശിച്ചത്. ഭാഗ്യത്തിന് നോബേൽ സമ്മാന ജേതാവും കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ വോൾഫ്ഗാംങ്ങ് പോളി ഇന്ത്യ സന്ദർശിക്കുകയായിരുന്നപ്പോൾ അദ്ദേഹത്തെ ബോംബേയിലേക്ക് വിളിപ്പിക്കുകയും ആ കൂടിക്കാഴ്ചയിൽ കാംബ്രിഡ്ജിലേക്ക് വീണ്ടും ക്ഷണിക്കുകയുമായിരുന്നു.

ദരിദ്ര പിന്നോക്ക രാജ്യമായ പാകിസ്താനിലേക്ക് 1979ൽ നോബേൽ സമ്മാനം ആദ്യമായി കൊണ്ടുവന്ന അബ്ദുസ്സലാം തുടർന്ന് ജന്മനാടായ പാകിസ്താൻ

സന്ദർശിച്ചു. ക്രൂരവും നിന്ദ്യവുമായ അവഗണനയായിരുന്നു അദ്ദേഹത്തെ എതിരേറ്റത്. ഇസ്ലാമാബാദിലും ലാഹോറിലും പെഷവാറിലും നോബേൽ സമ്മാന ജേതാവിനെ സ്വീകരിക്കാൻ പട്ടാളക്കാരായ ജൂനിയർ ഓഫീസർമാരെ നിയമിച്ചു കൊണ്ടാണ് ജനറൽ സിയാഉൽ ഹക്ക് തന്റെ അൽപ്പത്വവും മുട്ടാളത്തരവും കാട്ടിയത്. അദ്ദേഹത്തിന്റെ ബഹുമാനാർഥം ഇസ്ലാമാബാദിലെ ഖായിദേ അഅ്സം യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ സ്വീകരണ ചടങ്ങിൽ അദ്ദേഹത്തിന് ഡോക്ടറേറ്റ് ബിരുദം നൽകാൻ തീരുമാനിച്ചിരുന്നു. ആ പരിപാടിക്കെതിരെ മതരാഷ്ട്ര മൗലികവാദ സംഘടനയായ ജമാഅത്തെ ഇസ്ലാമിയുടെ വിദ്യാർഥി സംഘടന മുഴക്കിയ ഭീഷണിയെ തുടർന്ന് കാൻസൽ ചെയ്തു. പിന്നീട് നാഷണൽ അസംബ്ലി ഹാളിലാണ് പരിപാടി നടന്നത്. ലാഹോറിലെ പഞ്ചാബ് യൂണിവേഴ്സിറ്റിയിലും ഇതേ വിദ്യാർഥി സംഘടന പ്രശ്നമുണ്ടാക്കുകയും പരിപാടി സെനറ്റ് ഹാളിലേക്ക് മാറ്റുകയുമുണ്ടായി. ചില മുസ്‌ലിം തീവ്രവാദി സംഘടനകൾ സലാം സാഹിബ് വധാർഹനാണെന്ന് മുദ്രാവാക്യം വിളിച്ച് കാമ്പസിൽ പ്രകടനം നടത്തി. സലാം സാഹിബിന്റെ പ്രസംഗത്തിലെ ഖുർആൻ വചനങ്ങളും ഇസ്‌ലാമിക പരാമർശങ്ങളും പത്രത്തിലും ടിവിയിലും സെൻസർ ചെയ്യാൻ ഇസ്‌ലാം മതത്തിന്റെ രക്ഷകനായിരുന്ന പട്ടാളക്കാരൻ സിയാഉൽ ഹക്ക് പ്രത്യേകം ഏർപ്പാടുകൾ ചെയ്തിരുന്നു. ഏതായാലും നമുക്കാശ്വസിക്കാം. പ്രസംഗത്തിൽ ഖുർആൻ ഓതിയതിന്റെ പേരിൽ നോബേൽ സമ്മാന ജേതാവിനെ സിയായുടെ ഇസ്‌ലാമിക ഭരണ കൂടം ആറ് മാസം ജയിലിലടച്ചില്ല. കാരണം അഹ്മദികൾ ഖുർആനോതിയാൽ 6 മാസം കഠിന ശിക്ഷയാണ് പാകിസ്താനിൽ സിയാ കൊണ്ടുവന്ന നിയമം.

1986ൽ UNESCO യുടെ ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് ഒഴിവുവന്നു. ഐക്യരാഷ്ട്ര സഭയുടെ വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനമായ യുനെസ്കോയിലേക്ക് അന്താരാഷ്ട്ര പ്രശസ്തനും ആ സ്ഥാനത്തേക്ക് സർവഥാ യോഗ്യനുമായ പ്രൊഫ: സലാം മത്സരിക്കണമെന്ന് നിരവധി രാജ്യങ്ങളിലെ പ്രതിനിധികൾ ആഗ്രഹിച്ചിരുന്നു. സലാം സാഹിബ് മത്സരിക്കുകയാണെങ്കിൽ വിജയം സുനിശ്ചിതവുമായിരുന്നു. പക്ഷേ അഹ്മദിയെന്നു കേട്ടാൽ കലിതുള്ളുന്ന സിയാ, അബ്ദുസ്സലാമിനെ നോമിനിയായി പ്രഖ്യാപിച്ചില്ല. പകരം തന്റെ വർഗത്തിൽപെട്ട ഒരു പട്ടാള ലഫ്റ്റനന്റ് ജനറലായ യാഖൂബ് ഖാനെ പ്രസ്തുത സ്ഥാനത്തേക്ക് നോമിനേറ്റ് ചെയ്തു. മത്സരം നടന്നപ്പോൾ പാകിസ്ഥാൻ പ്രതിനിധിക്ക് ലഭിച്ചത് ഒരേയൊരു വോട്ട്. പാകിസ്താന്റെ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാൻ ഫ്രാൻസിന്റെ പ്രതിനിധിക്ക് സ്വന്തം രാജ്യത്തു നിന്നും സമ്മർദമേറിയപ്പോൾ തന്റെ ശവത്തിൽ കയറി മാത്രമേ ഒരു പട്ടാളക്കാരന് യുനെസ്ക്കോ ഭരിക്കാൻ സാധിക്കൂ എന്നായിരുന്നു അദ്ദേഹം പ്രതികരിച്ചത്.

ശാസ്ത്ര രംഗത്ത് ഏറ്റവും പിന്നോക്കക്കാരായി കഴിയുന്ന മുസ്‌ലിം ലോകത്തോട് ശാസ്ത്ര വിദ്യാഭ്യാസം നേടാനും വിവിധ അന്തർദേശീയ ശാസ്ത്ര സംരംഭങ്ങളിൽ പങ്കാളികളാകാനും പദ്ധതികളുമായി ഒരു ഭിക്ഷാം ദേഹിയെപ്പോലെ മുസ്‌ലിം രാജ്യങ്ങളിലെ ഭരണാധികാരികളുടെ കൊട്ടാര വാതിലുകളിൽ ചെന്ന് അദ്ദേഹം അഭ്യർഥനകൾ നടത്തി. എല്ലായിട

---

ദരിദ്ര പിന്നോക്ക രാജ്യമായ പാകിസ്താനിലേക്ക് 1979ൽ നോബേൽ സമ്മാനം ആദ്യമായി കൊണ്ടുവന്ന അബ്ദുസ്സലാം തുടർന്ന് ജന്മനാടായ പാകിസ്താൻ സന്ദർശിച്ചു. ക്രൂരവും നിന്ദ്യവുമായ അവഗണനയായിരുന്നു അദ്ദേഹത്തെ എതിരേറ്റത്. ഇസ്ലാമാബാദിലും ലാഹോറിലും പെഷവാറിലും നോബേൽ സമ്മാന ജേതാവിനെ സ്വീകരിക്കാൻ പട്ടാളക്കാരായ ജൂനിയർ ഓഫീസർമാരെ നിയമിച്ചു കൊണ്ടാണ് ജനറൽ സിയാഉൽ ഹക്ക് തന്റെ അൽപ്പത്തവും മുട്ടാളത്തരവും കാട്ടിയത്. അദ്ദേഹത്തിന്റെ ബഹുമാനാർഥം ഇസ്ലാമാബാദിലെ ഖായിദേ അഅ്സം യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ സ്വീകരണ ചടങ്ങിൽ അദ്ദേഹത്തിന് ഡോക്ടറേറ്റ് ബിരുദം നൽകാൻ തീരുമാനിച്ചിരുന്നു. ആ പരിപാടിക്കെതിരെ മതരാഷ്ട്ര മൗലികവാദ സംഘടനയായ ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി സംഘടന മുഴക്കിയ ഭീഷണിയെ തുടർന്ന് കാൻസൽ ചെയ്തു. പിന്നീട് നാഷണൽ അസംബ്ലി ഹാളിലാണ് പരിപാടി നടന്നത്.

ത്തുനിന്നും നിസ്സംഗതയും അവഗണനയുമായിരുന്നു ഫലം. പാശ്ചാത്യ ലോകം കനിഞ്ഞു നൽകുന്ന സാങ്കേതിക ശാസ്ത്രം ഇരുകൈയും നീട്ടി സ്വീകരിക്കുന്ന മാനസികാടിമത്തം ബാധിച്ച മുസ്‌ലിം രാജ്യങ്ങളിലെ യാഥാസ്ഥിതികരായ ഭരണാധികാരികളുടെ ബധിര കർണങ്ങളിൽ ആ അഭ്യർഥനയെല്ലാം വനരോദനമായി മാറി. അവർക്ക് സൈദ്ധാന്തിക ശാസ്ത്ര പഠനങ്ങളിലേർ പെടാത്തതിന്റെ അപകടം ഇനിയും ബോദ്ധ്യപ്പെട്ടിട്ടില്ല. മൂല്യ ഗർഭിതവും ആശയധാരകളുമുള്ള സൈദ്ധാന്തിക ശാസ്ത്രം പഠിക്കാൻ പ്രബുദ്ധതയില്ലാത്ത മതനേതൃത്വം നയിക്കുന്ന മുസ്‌ലിം രാജ്യങ്ങൾ ഭയപ്പെടുന്നു എന്നതാണ് വാസ്തവം. സൈദ്ധാന്തിക ശാസ്ത്രമേഖലയോടുള്ള യാഥാസ്ഥിതികരുടെ നിഷേധാത്മക നിലപാടും സംശയങ്ങളും അവരെ ബഹുദൂരം പിന്നോക്കക്കാരാക്കിയിരിക്കുന്നു. സലാം സാഹിബിന്റെ വിശ്വപ്രശസ്തമായ അടിസ്ഥാന ബലങ്ങളുടെ ഏകീകരണ സിദ്ധാന്തത്തെ പറ്റി മുസ്‌ലിം രാജ്യത്തുനിന്ന് യാതൊരു പ്രതികരണവുമുണ്ടായില്ല. എങ്കിലും ചില ഉലമാക്കന്മാർ പ്രതികരിച്ചു. അതായത് അടിസ്ഥാന ബലങ്ങളുടെ ഏകീകരണ സിദ്ധാന്തം വഹ്ദത്തുൽ വുജൂദിന്റെ പുനരാവിഷ്ക്കാരമെന്നാണ് അവർ പ്രതികരിച്ചതെന്ന് സലാം സാഹിബ് തന്നെ ഒരിടത്ത് അൽപ്പം പരിഹാസത്തോടെയും വേദനയോടെയും പറഞ്ഞിട്ടുണ്ട്.

1981 ൽ പ്രൊഫ: സലാം ഇന്ത്യ സന്ദർശിക്കുകയുണ്ടായി. പാകിസ്താനിൽ നിന്നുള്ള ശാസ്ത്ര ലോകത്തെ ഈ മഹാപ്രതിഭയെ നമ്മുടെ ഭാരതം സമുചിതം ആദരിക്കുകയുണ്ടായി. പഞ്ചാബിലെ ഗുരുനാനാക്ക് യൂണിവേഴ്സിറ്റിയടക്കം അഞ്ച് യൂണിവേഴ്സിറ്റികളാണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് നൽകിയത്. പഞ്ചാബിൽ വെച്ച് തന്റെ മാതൃഭാഷയായ പഞ്ചാബിയിൽ ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം പ്രസംഗിച്ചപ്പോൾ നോബേൽ സമ്മാന ജേതാവ് തങ്ങളുടെ സഹോദരനാണെന്ന് ഇന്ത്യയിലെ പഞ്ചാബികൾ തിരിച്ചറിയുകയായിരുന്നു. ഇന്ത്യയിൽ തന്നെ പഠിപ്പിച്ച അദ്ധ്യാപകരെയെല്ലാം പോയിക്കണ്ട് അവരുടെയെല്ലാം അനുഗ്രഹം അദ്ദേഹം വാങ്ങുകയുണ്ടായി.

2010 ഡിസംബർ 19-ാം തീയതി നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ഡോ: മൻമോഹൻ സിങ്ങ് തേർഡ് വേൾഡ് അക്കാഡമി ഓഫ് സയൻസിന്റെ 21-ാമത് ജനറൽ മീറ്റിംഗ് പ്രഫ: സലാമിന് ആദരാഞ്ജലികളർപ്പിച്ചുകൊണ്ടായിരുന്നു ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്തത്. ഐക്യ രാഷ്ട്ര സഭയുടെ കീഴിലുള്ള ഈ സ്ഥാപനത്തിന്റെ സ്ഥാപകൻ കൂടിയായ പ്രൊഫ: അബ്ദുസ്സാലാമുമായി ഒന്നിച്ച് പ്രവർത്തിച്ച കാംബ്രിഡ്ജിലെ ദിനങ്ങൾ മൻമോഹൻസിങ്ങ് ഗൃഹാതുരത്വത്തോടെ അനുസ്മരിക്കുകയുണ്ടായി. മൂന്നാം ലോകരാജ്യത്തെ ശാസ്ത്രജ്ഞന്മാരിൽ സലാം സാഹിബിന് അത്യഗാധമായ വിശ്വാസമുണ്ടായിരുന്നതായി തദവസരത്തിൽ അദ്ദേഹം പറഞ്ഞു. 1950ൽ താൻ കാംബ്രിഡ്ജിലെ ജോൺസ് കോളേജിൽ ബിരുദ വിദ്യാർഥിയായിരിക്കുമ്പോൾ സലാം അവിടെ ഫെല്ലോ ആയിരുന്നു. അദ്ദേഹവും താനും വളരെ അടുത്ത് പ്രവർത്തിക്കുകയുണ്ടായിട്ടുണ്ടെന്നും അത് ഒരു മഹാഭാഗ്യമായി താൻ കരുതുന്നുവെന്നും മൻമോഹൻസിങ്ങ് പറഞ്ഞു. മുൻ താൻസാനിയൻ പ്രസിഡന്റ് പ്രൊഫ: ജൂലിയസ്സ് നരേരയുടെ കീഴിൽ സൗത്ത് കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കാൻ നിരവധി തവണ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്നും മൻമോഹൻസിങ്ങ് പറഞ്ഞു. സലാമിനെ പോലെയുള്ള വ്യക്തികളെയാണ് മൂന്നാം ലോകത്തിനാവശ്യമെന്നും അദ്ദേഹം പറഞ്ഞു. (www.sifynews.com)

# വിഭാഗീയത

നബി (സ) വിഭാഗീയതയിലേക്ക് ക്ഷണിച്ചവൻ നമ്മിൽ പെട്ടവനല്ല, വിഭാഗീയതയുടെ പേരിൽ യുദ്ധത്തിലേർപ്പെട്ടവൻ നമ്മിൽ പെട്ടവനല്ല. വിഭാഗീയതയുടെ പേരിൽ മരിച്ചവനും നമ്മിൽ പെട്ടവനല്ല. (അബൂദവൂദ്)

# സാർ നിക്കോളസിന്റെ നിഷ്ഠൂരമായ വധം

കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന് ശേഷം റഷ്യൻ ചക്രവർത്തി സാർ നിക്കോളസ് രണ്ടാമൻ അതിക്രൂരവും ഭീഭത്സവുമായ രീതിയിൽ കൊല ചെയ്യപ്പെടുകയുണ്ടായി. ലൗകിക പ്രതാപത്തിന്റെ കൊടുമുടിയിൽ വിരാചിച്ചിരുന്ന സാർ ചക്രവർത്തിക്ക് ഇങ്ങനെയൊരു ദുർവിധി വരുമെന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) മുൻകൂട്ടി പ്രവചിച്ചത് ഒരു ദിവ്യാത്ഭുതമായി ഇന്നും നിലനിൽക്കുന്നു.

**എൻ. അബ്ദുർറഹീം**

***മുസ് മഹിൽ ഹോജായേ ൻഗേ ഉസ് ഖൗഫ്സെ സബ് ജിന്നോ ഇൻസ് സാർ ഭീ ഹോഗാ തൊ ഹോഗാ ഉസ് ഘഡീ ബാഹാലെ സാർ***

*(ആ ഭയം നിമിത്തം ആ വേളയിൽ ജിന്നും ഇൻസും ഉന്നതന്മാരും എളിയവരുമെല്ലാം കിടിലം കൊള്ളുന്നതായിരിക്കും. സാർ ചക്രവർത്തിയായാലെന്ത്, അദ്ദേഹവും ആ സമയത്ത് അത്യന്തം ദാരുണ നിലയിലായിരിക്കും)*

ഇരുപതാം നൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയ സംഭവങ്ങളിൽ അതി പ്രധാനമായിട്ടുള്ളതാണ് റഷ്യയിലെ വിപ്ലവം. വിപ്ലവത്തോടനുബന്ധിച്ച് നടന്ന സാർ ചക്രവർത്തിയുടെയും കുടുംബത്തിന്റേയും ദാരുണമായ



കൂട്ടക്കൊല. 1917 ലെ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് സാർ നിക്കോളസ് രണ്ടാമനെയും കുടുംബത്തേയും കൊല്ലുവാൻ ലെനിൻ കല്പിക്കുകയായിരുന്നു. നിരായുധരായ ചക്രവർത്തി സാർ നിക്കോളസ് രണ്ടാമന്റെയും സാറിന അലക്സാൻഡ്രയുടേയും കൺമുന്നിൽവെച്ച് അവരുടെ പോന്നോമന മക്കളെ റെഡ് ഗാർഡുകൾ പൈശാചികമായ തരത്തിൽ ഭേദ്യം ചെയ്തശേഷം വെടിവെച്ചുകൊന്നുവെന്നാണ് ചരിത്രം. കമ്യൂണിസ്റ്റ് പൈശാചികത്വത്തിന്റെ അതിബീഭത്സമായ ദുർമുഖം ലോകത്തിന് കാട്ടിക്കൊടുത്ത പ്രസ്തുത സംഭവം മനുഷ്യത്വമുള്ളവരെയെല്ലാം ഞെട്ടിക്കുന്ന ഒന്നാകയാൽ കമ്മ്യൂണിസ്റ്റുകൾ ഇത് പിന്നീട് നിഷേധിക്കുകയും ചക്രവർത്തിയും കുടുംബവും കൂട്ട ആത്മഹത്യ ചെയ്യുകയാണുണ്ടായതെന്ന് പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ നടന്ന ഈ ഏറ്റവും ബീഭത്സമായ കൂട്ടക്കൊല നടക്കുന്നതിന് പന്ത്രണ്ടുകൊല്ലം മുമ്പ് സാർ ചക്രവർത്തിക്ക് അനുഭവപ്പെടാനിരുന്ന ഈ അതിദാരുണമായ ശാരീരിക മാനസികപീഡനങ്ങളെപ്പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)ന് സർവജ്ഞനായ

അല്ലാഹു അറിയിച്ചു കൊടുത്തത നുസരിച്ച് പ്രവചനം ചെയ്യുകയായി രുന്നു. ലോകത്ത് നടക്കാനിരുന്ന ലോകമഹായുദ്ധങ്ങളെ കുറിച്ചുള്ള പ്രവചനങ്ങളുടെ കൂട്ടത്തിലാണ് ഇതും അറിയിച്ചത്.

സാറിനും കുടുംബത്തിനും ഉണ്ടായ ദുരന്തത്തിന് ലോകം മുഴുവനും സാക്ഷ്യംനിന്നു. സാറിനേയും കുടുംബത്തേയും ഹീനമായി അപമാനിച്ച ശേഷമാണ് അവരെ വധിച്ചത്. പ്രവചനം പുറപ്പെടുവിക്കുന്നകാലത്ത് സാർ ചക്രവർത്തി ലോകത്ത് ജീവിച്ചി രുന്ന ചക്രവർത്തിമാരിലും ഭരണ കർത്താക്കളിലും വച്ച് ഏറ്റവും പ്രതാപവാനും സുഖസന്തുഷ്ടനു മായിരുന്നു.

സാർ ചക്രവർത്തിയെ കാണപ്പെട്ട ദൈവം എന്ന നിലയിൽ ജനം പൂജിച്ചിരുന്നു. ലോകത്തിൽ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗ ത്തിന്റെ അതിശക്തനായ അധിപതി യായിരുന്ന അദ്ദേഹത്തിന്റെ അധികാരത്തിനും ആസ്തിക്കും പരിധിയില്ലായിരുന്നു. ഇങ്ങനെ പ്രതാപത്തിന്റെയും സന്തുഷ്ടിയു ടേയും ജീവൽ പ്രതീകമായി വിരാജിച്ച സാർ ചക്രവർത്തിയെ പറ്റിയാണ് അദ്ദേഹം പ്രതാപത്തിന്റെ കൊടുമുടിയിൽ കഴിയുന്ന അവസ രത്തിൽ, ഏറ്റവും പിന്നണിയിൽ കിടന്ന പരാധീനനായ ഇന്ത്യാരാജ്യ ത്തിലെ ഏറ്റവും പിന്നോക്കത്തി ലായിരുന്ന പ്രവിശ്യയിലെ അജ്ഞാ തമായ ഒരു കുഗ്രാമത്തിൽ ആരാ ലും അറിയപ്പെടാതെ കഴിഞ്ഞു പോന്ന ഒരു വ്യക്തി, അതേ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഈ പ്രവചനം പ്രസിദ്ധം ചെയ്തതെന്ന വസ്തുത വിസ്മയജനകമാണ്. പ്രവചനത്തിൽ പറഞ്ഞ പ്രകാരം തന്നെ സാർ ചക്രവർത്തിക്ക് ലോകരാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും ഹീനവും പൈശാചികവു മായ ഒരു കൂട്ടക്കൊലയുടെ ദാരുണാനുഭവങ്ങൾ (ഹാലെ സാർ) തന്നെയുണ്ടായി എന്നത് അതിലും വിസ്മയനീയം തന്നെ.



സാർ ചക്രവർത്തിക്ക് 50 വയസ്സായിരുന്നപ്പോഴാണ് റഷ്യ യിൽ ഒക്ടോബർ വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. 1917 ൽ വിപ്ലവകാരികൾ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കൊയാലോ കൊട്ടാരത്തിൽ വിപ്ലവകാരികൾ അദ്ദേഹത്തെ തടങ്കലിൽ വെച്ചു പിന്നീട് ടോബോൾസ്കിൽ കൊണ്ടു പോയി തുറങ്കിലിട്ടു. അതിനുശേഷ മാണ് എക്കാട്ടറിൻബർഗിൽവെച്ച് വെടിവെച്ചുകൊന്നത്. ആ വധസംഭ വത്തിലെ ഓരോ രംഗവും കിടിലം കൊള്ളിക്കുന്നതായിരുന്നു.

വിപ്ലവം പൊട്ടിപ്പുറപ്പെടു മ്പോൾ സാർ ചക്രവർത്തി തലസ്ഥാനത്ത് ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു യുദ്ധനിര പരിശോധി ച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ വിപ്ലവത്തിന്റെ യാതൊരു സൂചനയും ഉണ്ടായിരുന്നില്ല. ഒരു ഗവർണറുടെ നടപടിയിൽ പ്രതിഷേ ധിച്ച് സാധാരണ ഗതിയിലുള്ള ചെറിയൊരു കലാപം ഉണ്ടായപ്പോൾ ശക്തിയായ തിരിച്ചടി നല്കണമെന്ന് സാർ കല്പന പുറപ്പെടുവിച്ചു. അതിനുശേഷം തലസ്ഥാനത്തേ യ്ക്ക് മടങ്ങി. കലാപം ശക്തി പ്പെട്ടതായും തലസ്ഥാനത്തേയ്ക്ക് മടങ്ങുന്നത് ആപൽകരമാണെന്നും ചക്രവർത്തിക്ക് വിവരം ലഭിച്ചു. അദ്ദേഹം തലസ്ഥാനത്തെ സമീപി ച്ചപ്പോൾ വിപ്ലവകാരികൾ സെക്രട്ട റിയേറ്റ് പിടിച്ചടക്കിയതായും ജനകീയ സർക്കാർ രൂപീകരിച്ച

തായും അറിവ് നല്കപ്പെട്ടു. 1917 മാർച്ച് 12 നു സാർ എല്ലാവരെയും ഭരിക്കുന്ന ആരാലും ഭരിക്കപ്പെടാത്ത വൻ എന്നാണ് സാർ **(Czar)** എന്ന പദത്തിന്റെ അർഥം. ലോകത്ത്വെച്ച് ഏറ്റവും അധ്യക്ഷനും അധികാര ശക്തിയുള്ളവനുമായ സാർ ചക്ര വർത്തി കേവലം ഒരു പ്രജയായി മാറി. താനും കുടുംബവും റഷ്യൻ സിംഹാസനം ഇനി ഒരിക്കലും അവകാശപ്പെടുകയില്ലെന്ന ഒരു പ്രഖ്യാപനത്തിൽ അദ്ദേഹത്തിന് ഒപ്പുവെക്കേണ്ടിവന്നു. ഇതോടെ വാഗ്ദത്ത മസീഹിന്റെ പ്രവചന ത്തിന്റെ ഒരു വംശം പൂർത്തിയായി. താനും സാറീനയും മക്കളും ഇതോടെ സാധാരണ പൗരന്മാരായി ജീവിക്കാൻ അനുവദിക്കപ്പെടുമെന്ന് സാർ നിക്കോളാസ് രണ്ടാമൻ എന്തായാലും കരുതിയിരുന്നു. മാർച്ച് 21ന് അദ്ദേഹം തടവുകാര നാക്കപ്പെട്ട നിലയിൽ സ്കോസിലോ **(Skosilo)** എന്നിടത്തേക്ക് നീക്ക പ്പെടുകയാണുണ്ടായത്. മാർച്ച് 22 ന് തന്നെ അമേരിക്ക പുതിയ വിപ്ലവ ഗവൺമെന്റിനെ അംഗീകരിച്ച തോടെ സാറിന്റെ അവസാനത്തെ പ്രത്യാശയും നഷ്ടപ്പെട്ടു. രണ്ടു ദിവസം കഴിഞ്ഞ് ഇംഗ്ലണ്ടും, ഫ്രാൻസും, ഇറ്റലിയും പുതിയ ഗവൺമെന്റിന് അംഗീകാരം നല്കി. ഈ സഖ്യരാഷ്ട്രങ്ങൾ നേരിയ പ്രതിഷേധം പോലും പുറപ്പെടുവി ച്ചില്ലെന്ന ആധി നിക്കോളാസിനെ പിടികൂടിയിരുന്നു. അത് അദ്ദേഹ ത്തെ ആകപ്പാടെ ഉലച്ചു കളഞ്ഞു. ഇപ്പോഴും ഭരണത്തിന്റെ സൂത്രധാര ത്വം ഒരു രാജകുടുംബാംഗമായ ദിൽവാവൊ **(Dilvavo)** വിന്റെ കയ്യിലായിരുന്നുവെങ്കിലും അതു കെരൻസ്കിയുടെ കൈകളിലേക്കു മാറി. അപ്പോഴും നിക്കോളോസിന്റെ നില സഹനീയതയുടെ സീമ കടന്നിരുന്നില്ല. നവംബർ 7 ന് ബോൾഷവിക്ക് വിപ്ലവകാരികൾ കെരൻസ്കി ഗവൺമെന്റിനെ അധികാരത്തിൽ നിന്ന് നീക്കി. സാർ നിക്കോളോസിനെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് സ്ഥലമാറ്റം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ, എക്കാട്ടറിൻബർഗിൽ പാർപിച്ചു. ഇവിടെ സൈബീരിയയിൽ തടവിൽ പാർപിക്കപ്പെട്ടവരോട് നടത്തപ്പെട്ട എല്ലാ ക്രൂരതകളുടേയും രുചി അദ്ദേഹത്തെക്കൊണ്ട് അനുഭവിപ്പി ക്കുകയായിരുന്നു. കിഴക്ക് യൂറാൾ പർവതത്തിനടുത്ത് മോസ്കോവിൽ നിന്നും 1400 നാഴികയകലെ ഒരു നഗരത്തിൽ അദ്ദേഹത്തെ താമസി പ്പിച്ചു. രാഷ്ട്രീയ തടവുകാർക്ക് സൈബീരിയയിൽ സാർ ചക്രവർ ത്തി നല്കിയ കടുത്ത പീഡന ങ്ങളെ അനുസ്മരിപ്പിക്കുന്ന ചുറ്റു പാടിൽ അദ്ദേഹം കഴിയേണ്ടിവന്നു.

കഴിഞ്ഞില്ല, അദ്ദേഹത്തിന്റെ റേഷൻ വെട്ടിക്കുറച്ചു. സാധാരണ നിലയിലുള്ള ആശ്വാസനടപടികളും പിൻവലിച്ചു. അസുഖമുള്ള ഒരു കുട്ടിയെ അദ്ദേഹത്തിന്റെ കൺ മുന്നിൽവെച്ച് ക്രൂരമായി റെഡ് ഗാർഡുകൾ മർദിച്ചു. പെൺമക്കൾ അപമാനിക്കപ്പെടുന്നത് മാതാപിതാ ക്കൾക്ക് നിസ്സഹായരായി നോക്കി നില്ക്കേണ്ടിവന്നു. ഒരു ദിവസം സ്വന്തം പുത്രിമാർ ബലാത്സംഗം ചെയ്യപ്പെടുന്നത് നോക്കിക്കാണാൻ സാറീന അലക്സാൻഡ്രെ നിർബ ന്ധിക്കപ്പെട്ടു. മുഖം തിരിച്ചപ്പോൾ ഈ പൈശാചിക കൃത്യം നോക്കി ക്കൊണ്ടിരിക്കാൻ പട്ടാളക്കാർ ബലം പ്രയോഗിച്ചുവത്രെ. ജീവിച്ചിരിക്കുന്ന ഒരു മനുഷ്യ ജീവിക്ക് അനുഭവി ക്കാവുന്നതിലുമേറെ നോവുകളും മനോവേദനകളും കടിച്ചിറക്കി ക്കൊണ്ട് സാർ ചക്രവർത്തി അന്ത്യം വരിച്ചു. 1918 ജൂലായ് 16ന് കുടുംബാഗങ്ങളോടൊപ്പം സാറിനെ വെടിവെച്ചുകൊല്ലുകയാണ് ചെയ്തത്. ''സാർ ചക്രവർത്തി തന്നെയായാലും ആ നാളുകളിൽ പരമദയനീയമായ ദുരന്തത്തിലായി രിക്കും'' എന്നുള്ള വാഗ്ദത്ത മസീഹിന്റെ പ്രവചനം അക്ഷരം പ്രതി പൂർത്തിയായി.

പ്രവചനം പ്രസിദ്ധം ചെയ്ത പ്പോൾ സാർ ചക്രവർത്തിയെ കുറിച്ചുള്ള ആ പരാമർശം അങ്ങേയറ്റം അസംബന്ധമായി ചിത്രീകരിക്കപ്പെടുകയും പ്രവചനം ചെയ്തയാൾ മാനസികരോഗിയായി വിവരിക്കപ്പെടുകയും ചെയ്തിരു ന്നു. എന്നാൽ വാഗ്ദത്ത മസീഹ് ഇതാവർത്തിച്ചു പറയുകയും ഈ പ്രവചനം തന്റെ സത്യത്തിലേക്കു ള്ള ഉജ്ജ്വലമായ ഒരു അടയാളമായി രിക്കുമെന്നു ഉറപ്പിച്ച് പറയുകയുമു ണ്ടായി. 12 കൊല്ലത്തിന് ശേഷം 1917 ൽ വാഗ്ദത്ത മസീഹിന്റെ അഭാവ ത്തിൽ അത്യത്ഭുതകരവും അത്യു ജ്ജ്വലവുമായ രൂപത്തിൽ പ്രവചനം പുലർന്നു. ആ ദുരന്തത്തെ മറച്ചു വെക്കാനുള്ള ശ്രമങ്ങളൊന്നും ഫലിച്ചില്ല. അതിന്റെ വിശദവിവര ങ്ങൾ ഇനിയും പുറത്തുവന്നു കൊണ്ടിരിക്കാം. ഇതോടെ റഷ്യയിൽ സാറിന്റെ പദവിയും **(Czardom)** എന്നന്നേക്കുമായി അവസാനിക്കു കയും സോവിയറ്റ് യൂണിയൻ പിറവിയെടുക്കുകയും ചെയ്തു. സാറിന്റെ നാശത്തോടെ ഈ ലോകത്ത് സോഷ്യലിസ്റ്റ് യുഗം പിറന്നു.

## അല്ലാഹുവും മാതാപിതാക്കളും

നാഥന്റെ തൃപ്തി മാതാപിതാക്കളുടെ തൃപ്തിയിലും നാഥന്റെ കോപം മാതപിതാ ക്കളുടെ കോപത്തിലുമാകുന്നു. (തിർമിദി)

# ഏകീകൃത സിവിൽ കോഡ്

കേരള യുക്തിവാദിസംഘം 2017 ഫെബ്രവരി 4-ാം തീയതി കരുനാഗപ്പള്ളിയിൽ വെച്ച് ഏകീകൃത സിവിൽ കോഡ് എന്ന വിഷയത്തെ അധികരിച്ച് നടത്തിയ സെമിനാറിൽ അവതരിപ്പിച്ച പ്രസംഗം

**എ. എം. മുഹമ്മദ് സലിം**

ഒരു രാജ്യത്തെ ജനസമൂഹത്തിൽ എല്ലാവർക്കും സ്വീകാര്യമായ വിശാലമായ ഏകീകൃത പൗരനിയമം ഉണ്ടാവുന്നത് നല്ല കാര്യം തന്നെയാണ്. നീതിയിലും മനുഷ്യത്വത്തിലും വിശ്വസിക്കുന്ന യുക്തിവാദികളും വിശ്വാസികളും ഇതിനായി കൈകോർക്കേണ്ടതാണ്. ഭാരതീയ സമൂഹത്തിന്റെ നീതി വ്യവസ്ഥയും ക്ഷേമവും ഉറപ്പു വരുത്തുന്നതിനായി നിലകൊള്ളുന്ന സ്ഥാപനമാണ് നമ്മുടെ ഭരണഘടന. അത് ഏറ്റവും പ്രമാണികമായ ലിഖിത രേഖയാണ്. ആ ഭരണഘടനക്ക് കീഴിൽ അനായാസം പ്രാവർത്തികമാക്കാവുന്നതാണ് ഇസ്‌ലാമിക ജീവിതം. ഇസ്‌ലാം മതത്തിന്റെ സർവസ്വവുമായ ആധികാരിക മൂലപ്രമാണമായ വിശുദ്ധ ഖുർആൻ. പറയുന്നു.

***ഇന്നല്ലാഹ യഅ്മുറു ബിൽ അദ്ൽ - നിശ്ചയമായും നീതി പുലർത്തു ന്നതിന് അല്ലാഹു കൽപ്പിക്കുന്നു. (സൂറ: അന്നഹൽ 16:91)*** നീതിയെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ ഭരണഘടനയുടെയും ഇസ്‌ലാം മതത്തിന്റെയും താൽപര്യം ഒന്നു തന്നെയാണ്. ഭരണഘടന പോലെ ഖുർആൻ ഒരു നിയമ പുസ്തകമല്ല. നീതി പുലർത്തുവാൻ കൽപ്പിക്കു ന്ന സനാതനമായ വിശുദ്ധ ഖുർ ആൻ അതിന്റെ അനുയായികളെ നിയമങ്ങളിൽ വരിഞ്ഞ് കെട്ടുകയോ ബന്ധിക്കുകയോ ചെയ്തിട്ടില്ല. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചും മനുഷ്യന്റെ പുരോഗതിക്കുമായി അല്ലാഹു ഒരു പാട് കാര്യങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു എന്നാണ് ഖുർആൻ പറയുന്നത്. അത് കാലകാലത്തേക്കുമായി പൂരിപ്പിച്ച് മനുഷ്യ ജീവിതം ദുസ്സഹമാക്കാൻ ദൈവം ഉദ്ദേശിച്ചിട്ടില്ല. അത് ചെയ്തത് മതപണ്ഡിതന്മാരാണ്. അനാവശ്യമായ നിയമ നിർമാണ പ്രവണതയെ നിരുത്സാഹപ്പെടുത്തി കൊണ്ട് ഖുർആൻ പറയുന്നു: **'അല്ലയോ വിശ്വാസികളെ വെളിപ്പെടുത്തിതന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദിക്കായ്‌വീൻ. അല്ലാഹു തന്നെ അവയെ വിട്ടുകളഞ്ഞിരിക്കയാണ്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനുമത്രെ. നിങ്ങൾക്ക് മുമ്പുള്ള ഒരു ജനം നിശ്ചയമായും അപ്രകാരം ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അവർ പിന്നീട് നിഷേധകരായി തീരുകയാണുണ്ടായത്.' (സൂറ: അൽമായിദ, 5: 102,103)**

വിശുദ്ധ ഖുർആൻ ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് മുന്നോട്ടു വെക്കുന്നത്. നീതിയാണ് ഖുർആൻ എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുള്ളത്. നിയമത്തെയല്ല. മനുഷ്യ ഹൃദയവുമായി ബന്ധപ്പെട്ട നീതി വിട്ടുവീഴ്ച്ചയും കനിവും കാരുണ്യവും നിറഞ്ഞതും സാഹചര്യങ്ങൾക്കനുസരിച്ചു നിർവചിക്കപ്പെടുന്നതുമാണ്. അധികാരത്തിന്റെ ബലത്താൽ പ്രാവർത്തികമാക്കുന്ന നിയമത്തിന്റെ കാർക്കശ്യസ്വരമോ നിയമ ഭാഷയിലുള്ള ഒരു പ്രതിപാദനമോ ഖുർആനിലില്ല. വിശുദ്ധ ഖുർആൻ ആരംഭിക്കുന്നത് തന്നെ ബിസ്മില്ലാഹിർറഹ് മാനിർറഹീം പരമ കാരുണികനും കരുണാനിധിയുമായ ദൈവത്തിന്റെ തിരുനാമത്തിൽ എന്ന ദൈവകാരുണ്യത്തിന്റെ അഭിധാനം വാഴ്ത്തിക്കൊണ്ടാണ്. എല്ലാ ഖുർആൻ അദ്ധ്യായത്തിന്റെ ആരംഭത്തിലും ഇത് ആവർത്തിക്കുന്നു. റഹ്മ എന്ന് പദം 339 തവണ വിശുദ്ധ ഖുർആനിൽ ആവർത്തിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

***റഹ്മത്തീ വസിയ ത്ത് കുല്ലു ശൈഇൗൻ*** എന്റെ കാരുണ്യം എല്ലാറ്റിനേയും വലയം ചെയ്തിരിക്കുന്നു.

ഇസ്‌ലാമിന് മുമ്പുണ്ടായിരുന്ന യഹൂദ സമുദായ ത്തിന്റെ ചരിത്രം പരിശോധിച്ചാലറിയാം പുരോഹിതന്മാർ നിർമിച്ച കാലോചിതമല്ലാത്ത തൽമൂദിയൻ

നിയമങ്ങൾക്കൊണ്ട് മനുഷ്യ ജീവിതത്തെ അവർ വരിഞ്ഞു കെട്ടി. നിർഭാഗ്യവശാൽ ഇന്ന് മുസ്‌ലിംകൾ കാലഹരണപ്പെട്ട പല ശരീഅത്ത് നിയമങ്ങളുടെയും തടവറയിലാണ്. മതപണ്ഡിതന്മാരാണ് അവ നിർമിച്ചത്. സ്ഥലകാല പരിമിതമാണ് അവയിൽ മിക്കതും. ഇന്ത്യൻ ശരീഅത്ത് നിയമമായ മുഹമ്മദൻ ലോ അത്തരം നിയമങ്ങളുടെ ഒരു രാവണൻ കോട്ടയാണ്. അഹ്മദികൾ അത്തരം നിയമങ്ങളുടെ വക്താക്കളല്ല. നീതിരഹിതമായ അത്തരം നിയമങ്ങൾ മാറ്റുക തന്നെ വേണം. പാകിസ്താനിൽ മതപണ്ഡി തന്മാരും സങ്കുചിത രാഷ്ട്രീയ നേതൃത്വവും ചേർന്ന് നിർമിച്ച ഇത്തരം കിരാത നിയമങ്ങളുടെ ഇരകൾ കൂടിയാണ് അഹ്മദികൾ. 1984 ൽ പാകിസ്താനിൽ പട്ടാള സ്വേച്ഛാധിപതി സിയാഉൽ ഹഖ് നിർമിച്ച പാക് മുല്ലാശരീഅത്ത് നിയമ പ്രകാരം അഹ്മദികൾക്ക് നമസ്ക്കരിക്കാനോ ഖുർആൻ ഓതാനോ നോമ്പ് നോൽക്കാനോ എന്തിനധികം അസ്സലാമു അലൈക്കും എന്ന് പറയൽ പോലും ക്രിമിനൽ കുറ്റമാണ്. ആ കിരാത നിയമമാണ് ഇന്നും പാകിസ്താനിൽ തുടരുന്നത് എന്ന കാര്യം സാന്ദർഭികമായി ഉണർത്തുകയാണ്.

ശരീഅത്ത് നിയമത്തോടൊപ്പം തന്നെ സാർവത്രിക നീതി പ്രതിഫലിക്കുന്ന ഇസ്‌ലാമിക നിയമങ്ങളുടെ യാഥാർഥ്യവും നാം മനസ്സിലാക്കേണ്ടതുണ്ട്. നീതി നിയമ വ്യവസ്ഥ പരിണാമാത്മ കമാണ്. നമ്മുടെ നീതി നിയമ വ്യവസ്ഥ ഒരു ദിവസം കൊണ്ടോ ഒരു നൂറ്റാണ്ടുകൊണ്ടോ ഉണ്ടായത ല്ല. തെറ്റിയും തിരുത്തിയുമാണ് സഹസ്രാബ്ദങ്ങളിലൂടെ അവ വളർന്നു വികസിച്ചത്. ആയിരത്തി നാനൂറ് വർഷമായി മുസ്‌ലിം ലോകം നിയമ വിജ്ഞാനത്തിന് നൽകിയ സംഭാവനകൾ നാം മറന്നുകൂടാ. കോടതി ഭാഷകളിലും നിയമങ്ങളിലും ഇന്നും കാണുന്ന നിരവധി അറബി സാങ്കേതിക പദങ്ങൾ ആ ഇസ്‌ലാമിക സംഭാവനകളുടെ പരിശിഷ്ടങ്ങളാണ്.

## ഏകീകൃത സിവിൽ കോഡ്: വിവാദ പശ്ചാത്തലം

2011 ഒക്ടോബർ മാസത്തിൽ ബഹുമാനപ്പെട്ട സുപ്രിം കോടതി ഒരു കേസിൽ മുസ്‌ലിം വ്യക്തി നിയമത്തിനെതിരെ നടത്തിയതിയ ഒരു പരാമർശമാണ് ഏകീകൃത സിവിൽ കോഡ് ഇന്ന് വ്യാപകമായി ചർച്ച ചെയ്യുന്നതിനുണ്ടായ കാരണം. ഹിന്ദുപിന്തുടർച്ചാവകാശ നിയമം മൂലം കുടുംബത്തിൽ പിന്തുടർച്ചാവകാശം നിഷേധിക്കപ്പെട്ട ഒരു പെൺകുട്ടിക്ക് സ്വത്തവകാശം നൽകികൊണ്ടുള്ള വിധിന്യായത്തിലാണ് ആ കേസുമായി നേരിട്ട് യാതൊരു ബന്ധവുമില്ലാത്ത മുസ്‌ലിം വ്യക്തിനിയമത്തിനെതിരെ പരാമർശമുണ്ടായത്. ഹിന്ദു കോഡിനെതിരെയുള്ള വിധിയെ തുലനപ്പെടുത്താനായിരിക്കാം രണ്ടാമതൊരു വിധിന്യായമുണ്ടാക്കിയാണ് ബഹുമാനപ്പെട്ട സുപ്രിം കോടതി ബെഞ്ച് മുസ്‌ലിം നിയമത്തെ വിമർശിച്ചത്. അതിൽ ബഹുഭാര്യാത്വത്തെയും മുസ്‌ലിം സ്ത്രീകളുടെ ലിംഗ വിവേചനത്തിനേയും ത്വലാഖിനേയും വിമർശിക്കുന്നുണ്ട്. ഇവയെല്ലാം സതിപോലെ വർജ്യമാണെന്ന് വിമർശിച്ച സുപ്രിം കോടതി എല്ലാ പൗരന്മാരും മതവിശ്വാസങ്ങൾക്കതീതമായി പൊതു സിവിൽ കോഡിന് കീഴിൽ വരണമെന്നും മതപരമായ വ്യക്തി നിയമങ്ങൾ ഭരണ ഘടനയുടെ നിർദേശക തത്ത്വങ്ങൾ വിഭാവനം ചെയ്ത ഏകീകൃത സിവിൽ കോഡ് രാജ്യത്ത് വരുന്നതിന് തടസ്സമാണെന്നും മാത്രമല്ല അത് അന്താരാഷ്ട്ര കരാറുകളുടെയും ധാരണകളുടെയും ലംഘനമാണെന്നും ആ വിധിയിൽ പറയുന്നു. വാദവും പ്രതി വാദവുമൊന്നും നടത്താതെ കേന്ദ്ര സർക്കാറിനെയും ദേശീയ നിയമ സേവന അതോറിറ്റിയേയും കക്ഷികളാക്കി സുപ്രിം കോടതി ബഞ്ച് സ്വയം തന്നെ ഒരു Suo Motu കേസ് ഫയൽ ചെയ്ത് ഈ വിധിയോടൊപ്പം നോട്ടീസ് അയക്കുകയുണ്ടായി. തുടർന്ന് കേന്ദ്ര സർക്കാർ ലോ കമ്മീഷനോട് ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ പൊതു ജനങ്ങൾക്കിടയിൽ അഭിപ്രായമാരായാൻ നിർദേശിച്ചു. 1985 ൽ വിവാദപരമായ ഷാബാനു കേസ് കഴിഞ്ഞു 30 വർഷത്തിന് ശേഷം ഇപ്പോൾ വീണ്ടും ഏകീകൃത സിവിൽ കോഡ് സജീവമായ പൊതു ചർച്ചക്ക് വിധേയമാകുന്നത് അങ്ങനെയാണ്.

വിവിധ മതങ്ങളും ജാതികളും അടങ്ങിയതാണ് ഇന്ത്യൻ ജനത. ഓരോ ജാതി മതസ്ഥരും അവരുടെ മതഗ്രന്ഥങ്ങൾക്കും ആചാര വിശ്വാസങ്ങൾക്കും അനുസൃതമായി പാലിക്കുന്ന കുടുംബ നിയമങ്ങളെയാണ് വ്യക്തി നിയമങ്ങൾ (പേഴ്സണൽ ലോ) എന്ന് പറയുന്നത്. തൊഴിൽ നിയമങ്ങൾ, രാജ്യരക്ഷാ നിയമങ്ങൾ, ട്രാഫിക്ക് നിയമങ്ങൾ എന്ന് തുടങ്ങി 95% സിവിൽ നിയമങ്ങളും നാം ഇന്ത്യൻ ജനത ജാതിമത ഭേദമില്ലാതെ അനുസരിക്കുന്നു. വിവാഹം, വിവാഹ മോചനം, സ്വത്ത് പിന്തുടർച്ച, ദത്തെടുക്കൽ ജീവനാംശം എന്നീ പരിമിതമായമേഖലയിൽ മാത്രമാണ് വ്യക്തി നിയമങ്ങൾ ഉള്ളത്.

നമ്മുടെ രാഷ്ട്രത്തിന് മതമില്ല. അത് സെക്കുലറാണ് അഥവാ മതേതരമാണ്. എങ്കിലും എല്ലാ മതത്തേയും ആദരവോടെ കാണുകയും അവർക്ക് അവരുടെ മതാചാര നിയമമനുസരിച്ച് ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. അതായത് അധികാരത്തിന്റെ മൂർത്ത രൂപമായ രാഷ്ട്രത്തിന് മതം ഉണ്ടാവാൻ പാടില്ല. പക്ഷേ ജനങ്ങൾക്ക് മതമുണ്ട്. ജനങ്ങളെ സെക്കുലറൈസ് ചെയ്യാൻ ശ്രമിക്കരുത്. ജനങ്ങളെ സെക്കുലറൈസ് ചെയ്യാൻ ശ്രമിച്ചതാണ് സോവിയറ്റ് യൂണിയന് പറ്റിയ പരാജയം.

മതപരമായി ജീവിക്കാനുള്ള സ്വാതന്ത്ര്യം പൗരന് രാഷ്ട്രം നിർബന്ധമായും നൽകേണ്ട അവകാശമാണ്. മൗലികാവകാശ ങ്ങളിലാണ് (Fundamentl Rights) അവ ഉൾപ്പെടുന്നത്. മൗലികാ വകാശങ്ങൾക്ക് കീഴെയാണ് നിർദ്ദേശകതത്ത്വങ്ങൾ (Directive Priciples). നിർദേശക തത്വമായിട്ടാണ് ഏകീകൃത സിവിൽ കോഡിനു ള്ള അഭിലാഷം നമ്മുടെ ഭരണ ഘടനയിൽ ഏഴുതി ചേർക്കപ്പെട്ടത്. ആ വാചകം ഇങ്ങനെയാണ്.

***ഇന്ത്യയിലുടനീളം പൗരന്മാർക്ക് ഏകീകൃത സിവിൽ കോഡ് ഉറപ്പ് വരുത്താൻ രാഷ്ട്രം ശ്രമിക്കുന്ന താണ്*** The state will endeavour to secure for citizen a uniform civil code trough the territory of India. ഭരണ ഘടനയുടെ 44–ാം വകുപ്പായിട്ടാണ് ഈ വാചകം എഴുതിചേർത്തത്. ഭരണ ഘടനയുടെ ഈ അഭിലാഷം നിർവഹിക്കേണ്ടത് രാഷ്ട്രത്തിന്റെ നിയമ നിർമ്മാണ സഭകളാണ്. കോടതികളല്ല. നിയമ നിർമാണ സഭകൾ ജനസമ്മതിയോടെ അതിനായി യത്നിക്കണമെന്നുമാണ് നിർദേശം. അതിനാൽ സുപ്രിം കോടതികളിൽ മുസ്‌ലിം വ്യക്തി നിയമവുമായി ബന്ധപ്പെട്ട കേസുകൾ വരുമ്പോൾ ഒരു ഭരണ ഘടനാ ബാദ്ധ്യത എന്ന നിലക്ക് സുപ്രിം കോടതി ഏക സിവിൽ കോഡിനെ കുറിച്ച് രാഷ്ട്രത്തോട് അഭ്യർഥന നടത്താറുണ്ട്. അത്തരത്തിൽ സദുദ്ദ്യേശപരമായ ഒരു പരാമർശമായി നമുക്ക് ഈ പരാമർശത്തേയും കാണാം. ഇവിടെ നമ്മുടെ മഹാന്മാരായ ഭരണ ഘടനാ ശിൽപ്പികൾ ഉദ്ദേശിച്ചതും അക്ഷരങ്ങളിൽ എഴുതപ്പെട്ടതും ഏക സിവിൽ കോഡ് വരണ മെന്നല്ല. ഏകീകൃത സിവിൽ കോഡ് വരണമെന്നാണ്. ഏക സിവിൽ കോഡ് എന്നാണെങ്കിൽ Single Cvil Code, എന്നോ One Civil Code എന്നോ Sole Civil Code എന്നോ അവർക്ക് പറയാമായിരുന്നു. Uniform എന്ന പദത്തിനർഥം ഒരുഗണത്തിന്റെ രൂപത്തിലുള്ള ഐക്യം, സമാനത എന്നൊക്കെയാണ്. എല്ലാം ഒന്നാക്കൽ എന്നല്ല. വ്യക്തി നിയമങ്ങ ൾക്ക്, സ്വഭാവത്തിലോ സത്തയിലോ ഉള്ള ഏകതാനത എന്നാണ് ഉദ്ദേശിച്ചതെങ്കിൽ ഒരിക്കലും യൂണിഫോം എന്ന വാക്ക് പ്രതിഭാശാലികളും നിയമവിശാരദന്മാരുമായ നമ്മുടെ ഭരണ ഘടനാ ശിൽപ്പികൾ ഉപയോഗിക്കില്ലായിരുന്നു. മത സംസ്ക്കാര ങ്ങൾക്ക് അനുസൃതമായി ഐക്യ രൂപമുള്ള അനേകം സിവിൽ കോഡുകൾ ഉണ്ടാവുന്നത് കൊണ്ട് എന്താണ് പ്രശ്നം? അതിൽ നീതിയുടെ താൽപര്യങ്ങൾ ഹനിക്കപ്പെടുന്നുണ്ടോ എന്നതാണ് വിഷയം. നാനാത്വത്തിൽ ഏകത്വം എന്നത് ഭാരതത്തിന്റെ അങ്ങേയറ്റം ജനാധിപത്യപരമായ ഒരു പരികൽപ്പന തന്നെയാണ്. ഇവിടെ പൗര നിയമങ്ങളുടെ ഏകീകൃതത്വം എന്നത് കൊണ്ട് Uniformity of Civil Codes എന്നാണ് ഭരണ ഘടനാ ശിൽപ്പികൾ ഉദ്ദേശിച്ചത് എന്ന് വ്യക്തം. വൈവിധ്യങ്ങളോടു ള്ള സഹജമായ ഭാരതീയ സഹിഷ്ണുത ഇവിടെയും പ്രകടമാണ്. അസഹിഷ്ണുത ജനാധിപത്യ വിരുദ്ധതയാണ്.

## വിവാഹം: സാക്രമെന്റും എഗ്രിമെന്റും (കോൺട്രാക്റ്റ്)

ഇസ്‌ലാമിലെ വിവാഹ നിയമം ചർച്ച ചെയ്യുന്നതിന് മുമ്പായി വിവാഹം, വിവാഹമോചനം എന്നീ സങ്കൽപ്പങ്ങളിൽ ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിൽ അടിസ്ഥാനപരമായ ചില അന്തര ങ്ങൾ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. എല്ലാമത നിയമങ്ങളും കെട്ടിപ്പടുത്തത് ഈ ആധാരശില കളിലാണ്. ഇതിൽ ഏകീകൃത സിവിൽ നിയമത്തിന് വേണ്ടി നിലകൊള്ളുന്ന യുക്തിവാദി സുഹൃത്തുക്കൾ ഏത് പക്ഷത്ത് നിൽക്കുന്നു എന്നും വ്യക്തമാക്കേ ണ്ടതുണ്ട്. മറ്റു മതങ്ങളിൽ വിവാഹം ഒരു സാക്രമെന്റ് ആണ്. കഴിഞ്ഞ ദിവസം എന്ത്യൻ എക്സ്പ്രസിൽ Marriage under Hindu Law: Sacrament not Contract ( the Hindu 2107 jan 29) എന്ന ഒരു ലേഖനമുണ്ട്. ദ ഹിന്ദു, ടൈംസ് ഓഫ് ഇന്ത്യ എന്നീ പത്രങ്ങളിൽ ഡൽഹി ഹൈക്കോടതിയുടെ ഈ വിധിന്യായം വാർത്തയായി വരികയുണ്ടായി. ഹരിറാം എന്ന യാളുടെ മരണത്തിന് ശേഷം ജോലി ആനുകൂല്യങ്ങൾ ലഭിക്കാൻ വേണ്ടി രണ്ടാം ഭാര്യ നൽകിയ ഹരജിയിൽ കോൺട്രാക്റ്റ് മുഖേന വിവാഹിത യായ അവരുടെ വിവാഹത്തിന് നിയമസാധുതയില്ല എന്ന് പറഞ്ഞ് ഡൽഹി ഹൈക്കോടതി അവരുടെ ഹർജി തള്ളിക്കളയുകയുണ്ടായി. ആ അവസരത്തിലാണ് ഹിന്ദുമത വിവാഹം സാക്രമെന്റ് ആണ് ഒരിക്കലും കോൺട്രാക്റ്റ് അല്ല എന്ന് ഒരിക്കൽ കൂടി കോടതി ഓർമിപ്പിച്ചത്. അതായത് അലംഘനീയവും വേർപെടുത്താൻ പറ്റാത്തതും മതപരമായ ചടങ്ങു കളിലൂടെ നിലവിൽ വരുന്നതുമായ ഒരു വിശുദ്ധ ബന്ധമാണ് അവർക്ക് വിവാഹം. പുരോഹിത സാന്നിദ്ധ്യ ത്തിൽ ദൈവികമായ അധികാര ത്തോടെ നടക്കുന്ന വിവാഹം മനുഷ്യന് വേർപെടുത്താൻ അനുവാദമോ അധികാരമോ ഇല്ല എന്നാണ് സങ്കൽപ്പം. എന്നാൽ ഇസ്‌ലാമിൽ അതൊരു സാക്രമെന്റ് അല്ല. എഗ്രിമെന്റ് അഥവാ കോൺട്രാക്റ്റ്, കരാർ ആണ്. ഇതാണ് മൗലികമായ വ്യത്യാസം. ഇതിൽ യുക്തിവാദികൾ ഏത് പക്ഷത്ത് നിൽക്കുന്നു എന്നതാണ് എന്റെ ചോദ്യം.

വിശദീകരിക്കാം. ഉദാഹരണത്തിന് ക്രിസ്തു മതത്തെ യെടുക്കാം. വിവാഹം ക്രിസ്തു മതത്തിൽ പരിമിതമായ ഒരു അനുവാദം മാത്രമാണ്. ബ്രഹ്മ ചര്യമാണ് മതപരമായ മാതൃകാ ജീവിതം. ക്രിസ്തുമതത്തിൽ വിവാഹം ഒരു സാക്രമെന്റ് അഥവാ കൂദാശയാണ്. മാമോദീസ, മൂറോന്നഭിഷേകം, കുമ്പസാരം,

കുർബാന, വിവാഹം, പൗരോഹിത്യം, അന്ത്യകൂദാശ. ഈ ഏഴു കൂദാശകളിലൊന്നാണ് വിവാഹ കൂദാശ. കൂദാശയിലൂടെ അഥവാ ദൈവിക സാന്നിദ്ധ്യത്തിൽ പുരോഹിതന്റെ കാർമികത്വത്തിൽ സ്ഥാപിതമാവുന്ന വിവാഹ ബന്ധം വിച്ഛേദിക്കാൻ മനുഷ്യന് അനുവാദമില്ല. ബൈബിളിൽ ഇതിന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾ കാണാം. ***'ചാരിത്ര ലംഘനം എന്ന കാരണത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിയാക്കുകയാണ്. അങ്ങനെ ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചരിക്കുന്നു.'*** ***(മത്തായി 5:32)*** ബൈബിൾ മറ്റൊരു വചനത്തിൽ ഇങ്ങനെ കാണാം. ***'അതിനാൽ പിന്നീട് അവർ രണ്ടല്ല, ഒരു ശരീരമാണ്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.'*** ***(മാർകോസ് 10:9)*** വിവാഹം ഒരു സാക്രമെന്റ് ആയതിനാൽ ക്രിസ്തു മതത്തിൽ വിവാഹ മോചനം സാദ്ധ്യമല്ല. ക്രിസ്തുമതത്തിൽ വിവാഹം വേർപെടുത്താൻ പറ്റാത്ത കൂദാശയാണെങ്കിൽ ഹിന്ദു മതത്തിൽ വിവാഹം വിച്ഛേദിക്കാൻ പറ്റാത്ത ഒരു സംസ്കാരമാണ്. ധർമാർഥ കാമ മോക്ഷത്തിനായാണ് രണ്ടു വ്യക്തികൾ വിവാഹത്തിൽ ഏർപ്പെടുന്നത്. മനുഷ്യന് ഈശ്വരസാക്ഷാത്ക്കാരത്തിനായി 16 സംസ്ക്കാരങ്ങൾ ഹിന്ദുമതത്തിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. ഗർഭാധാനം, ജാതക കർമം, നാമകരണം, ഉപനയനം, സമാവർത്തനം, വിവാഹം, സന്യാസം, വാനപ്രസ്ഥം, അന്ത്യേഷ്ടി മുതലായവയാണ് ആ സംസ്കാരങ്ങൾ. ഷോഡശ സംസ്ക്കാരങ്ങൾ എന്നാണ് അവ അറിയപ്പെടുന്നത്. അഗ്നി ദേവനെ സാക്ഷിയാക്കി ദേവഗണങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന ഹിന്ദു വിവാഹം ഒരു സംസ്ക്കാരമാണ്. അത് വിച്ഛേദിക്കാൻ പാടില്ലാത്ത വിശുദ്ധ ബന്ധമാണെന്നാണ് സങ്കൽപ്പം.

എന്നാൽ ഇസ്ലാമിൽ വിവാഹം ഒരു സാക്രമെന്റ് അല്ല, അതൊരു എഗ്രിമെന്റ് (കോൺട്രാക്റ്റ് ) അഥവാ ഒരു കരാർ ആണ്. ഇസ്ലാമിലെ വിവാഹത്തിന്റെ വളരെ ശ്രദ്ധേയമായൊരു പ്രത്യേകതയാണിത്. വിശുദ്ധ ഖുർആൻ വിവാഹത്തെ പറ്റി വിഭാഗീയമായ ഒരു സങ്കൽപ്പമല്ല അവതരിപ്പിക്കുന്നത്. നോക്കൂ മനുഷ്യ വർഗത്തിൽപ്പെട്ട സ്ത്രീക്കും പുരുഷനും അവർ ഏത് മതത്തിൽ പെട്ടവരായിരുന്നാലും ഭാര്യാഭർത്താക്കന്മാരായി പരസ്പരം ശാന്തി പകർന്ന് കൊണ്ട് ഇണക്കത്തോടെ ജീവിക്കാൻ കഴിയും എന്ന സാർവജനീന സങ്കൽപ്പമാണ് വൈവാഹിക ജീവിതത്തെ പറ്റി ഖുർആൻ അവതരിപ്പിക്കുന്നത്. നരവംശ ശാസ്ത്രപരമായി ദൈവത്തിന്റെ മഹത്തായ ഒരു ദൃഷ്ടാന്തമായിട്ടാണ് മനുഷ്യ ദാമ്പത്യങ്ങളെ ഖുർആൻ കാണുന്നത്. ഇസ്ലാമിക വിവാഹങ്ങളെ മാത്രമല്ല എല്ലാ വിവാഹങ്ങളേയും ദാമ്പത്യ ജീവിതത്തെയും പരിപാവനമായാണ് ഇസ്ലാം കരുതുന്നത്. ഖുർആൻ പറയുന്നു:

***നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ (വാരിയെല്ലിൽ നിന്നല്ല) അവൻ ഇണകളെ സൃഷ്ടിച്ചു എന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. നിങ്ങൾ അവരോട് കൂടി ചേർന്ന് മനസ്സമാധാനം കൈവരുത്തുവാൻ വേണ്ടിയാണത്. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും*** (മവദ്ദത്ത്ൻ വ റഹ്മത്ത്ൻ) ***ഉണ്ടാക്കുകയും ചെയ്തു എന്നതും. ചിന്തിക്കുന്ന ജനതക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. (30:22)***

മനുഷ്യനെ ഇണകളാക്കി സൃഷ്ടിച്ച ദൈവം അവരെ കാണാചരടുകൊണ്ട് ബന്ധിച്ച് ആ ഇണക്കത്തെ ദൃഢപ്പെടുത്തിയിരിക്കുന്നു എന്ന് അല്ലാഹു അഭിമാനപൂർവം പ്രസ്താവിക്കുന്നു. ഭൂമിയിൽ നടക്കുന്ന ഹിന്ദു മുസ്ലിം ക്രൈസ്തവരായ എല്ലാ മതസ്ഥരുടേയും ഈശ്വരവിശ്വാസമില്ലാത്ത നിരീശ്വര വിശ്വാസികളിലും ദാമ്പത്യ ജീവിതം സ്നേഹവാത്സല്യങ്ങളുടെ ദൈവിക അനുഗ്രഹത്താൽ സമ്പന്നമാണ് എന്നത് ഈ ഖുർആൻ വചനത്തി ന്റെ ഉത്തമ ദൃഷ്ടാന്തമാണ്. നിർഭാഗ്യവാനായ മനുഷ്യനാണ് തന്റെ പിഴവുകൾകൊണ്ട് വിവാഹ ബന്ധത്തെ അലങ്കോലമാക്കിത്തീർക്കുന്നത്. സ്നേഹവും കാരുണ്യവും. എന്തൊരു ഉദാത്തമായ രണ്ട് പദങ്ങളാണവ. ബഹുഭൂരിപക്ഷം മനുഷ്യരിലും നാം കാണുന്ന സ്നേഹ വാത്സല്യങ്ങൾ ദൈവം മനുഷ്യന് നൽകിയ അനുഗ്രഹമാണ്.

മതപരമായ ആദർശപ്പൊരുത്തമുള്ളവരെ വിവാഹം കഴിക്കണമെന്നത് ഇസ്ലാമിൽ കർശനമായി പാലിക്കുന്ന വ്യവസ്ഥയാണ്. എങ്കിലും ചില സന്ദർഭങ്ങളിൽ വിശാലമായ ഇസ്ലാം മതം വിവാഹത്തിന്റെ സാർവ ജനീനതയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറയുന്നു.

***സത്യവിശ്വാസിനികളിൽ നിന്നുള്ള ചാരിത്രവതികളും നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്രവതികളും അവരുടെ വിവാഹ മൂല്യങ്ങൾ നിങ്ങൾ അവർക്ക് നൽകുന്നതായാൽ (വിവാഹം ചെയ്യുന്നതിന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു). (അൽമാഇദ: 5: 6)***

എന്നാൽ വൈവാഹിക ജീവിതത്തെ ഏറ്റവും ശാന്തിപൂർണമാക്കാനും ആത്മീയ സാന്ദ്രമാക്കാനുമുള്ള നിസ്തുലമായ അദ്ധ്യാപനങ്ങൾ കൂടി ഇസ്ലാം നൽകുന്നു. വധൂവരന്മാരെ തിരഞ്ഞെടുക്കുന്നത് മുതൽ അത് ആരംഭിക്കുന്നു. ദാമ്പത്യ ജീവിതത്തിന്റെ നാനാ വശങ്ങളിലേക്കും വെളിച്ചം വീശുന്ന ഉപദേശങ്ങൾ റസൂൽ തിരുമേനി (സ)യുടെ ചര്യയെന്ന നിലക്ക്

നൽകി കൊണ്ടാണ് മിക്ക മുസ്‌ലിം വിവാഹ ചടങ്ങുകളും ആരംഭിക്കുന്നത്. അതുകൊണ്ട് മുസ്‌ലിം സമൂഹത്തിൽ പൊതുവേ ദാമ്പത്യ ജീവിതം സംഘർഷരഹിതമാണ്. എന്നാലും വിവാഹ മോചനം നിയമം മൂലം അംഗീകരിച്ച ഒരു മതമായിട്ടും വിവാഹ മോചന നിരക്ക് മുസ്‌ലിം സമുദായത്തിൽ താരതമ്യേന കുറവാണ്. ആധുനിക കാലത്ത് വിവാഹ മോചന നിരക്ക് വർധിച്ചുവരുന്നത് ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അഭിലഷണീയമല്ല.

### വിവാഹ മോചനം

ഇസ്‌ലാമിൽ വിവാഹ മോചനം അങ്ങേയറ്റം മാനവീയവും നീതി പൂർവകവുമായ ഒരു സവിശേഷ പ്രക്രിയയാണ്. ത്വലാഖ് ചൊല്ലിയതിന് ശേഷവും ഭാര്യാ ഭർത്താക്കന്മാരുടെ വേർപിരിയൽ നിലവിൽ വരണമെങ്കിൽ അനുരഞ്ജന ശ്രമത്തോടു കൂടിയതും ദമ്പതികൾക്കിടയിൽ ഉടലെടുത്ത ഭിന്നിപ്പ് ഇല്ലാതാക്കാൻ പ്രായോഗികമായി നിരവധി ഉപാധികളുള്ളതുമായ ഒരു നിശ്ചിത സമയം കഴിയേണ്ടതുണ്ട്. ഇദ്ദ: കാലം എന്നാണ് അത് അറിയപ്പെടുന്നത്. കാത്തിരിപ്പ് കാലം എന്നാണ് അതിനർഥം. അതിനെ പറ്റി പിന്നീട് പറയാം.

വിവാഹ മോചനത്തെ സ്വയം ദുർബലപ്പെടുത്തി വേർപിരിയാൻ തയ്യാറെടുക്കുന്ന ദമ്പതികളെ അനുരഞ്ജനത്തിന്റെ മാർഗത്തിലേക്ക് ആനയിക്കുന്നതാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമത്തിന്റെ പ്രത്യേകത. അതേ സമയം ദാമ്പത്യം ഒരിക്കലും ശാന്തത നൽകാത്ത ദുസ്സഹമായ ഒരു അഗ്നി കുണ്ഡമായി എരിഞ്ഞുതീരാൻ അനുവദിക്കാതെ ഇസ്‌ലാം ദമ്പതിമാരെ പരാജയപ്പെട്ട ദാമ്പത്യത്തിൽ നിന്ന് വിമോചിതരാക്കുന്നു. ഇസ്‌ലാമിന്റെ ഏറ്റവും കൂടുതൽ വിമർശന വിധേയമായിട്ടുള്ളത് അതിന്റെ വിവാഹ മോചന നിയമങ്ങളാണ്. വിവാഹം യാതൊരു നിലക്കും വേർപെടുത്താൻ പറ്റാത്ത ഒരു ദൈവിക ബന്ധമാണ് എന്ന സമൂഹത്തിന്റെ മുൻവിധിയാണ് അതിന് ഒന്നാമത്തെ കാരണം. ഇസ്‌ലാമിന്റെ വിവാഹ നിയമങ്ങൾ വിമർശകന്മാർ സൂക്ഷ്മവും നിഷ്പക്ഷവുമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. ഇസ്‌ലാമിന്റെ ഏറ്റവും ആധികാരിക പ്രമാണമായ വിശുദ്ധ ഖുർആൻ തന്നെ മനുഷ്യന്റെ വൈവാഹിക ജീവിതത്തെ സംബന്ധിച്ചും ത്വലാഖിനെ സംബന്ധിച്ചും വ്യക്തമായ മാർഗനിർദേശം നൽകിയിട്ടുണ്ട്. മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യ ബന്ധങ്ങൾക്ക് ഏറ്റവും കുറഞ്ഞ ആഘാതമേൽപ്പിച്ചുകൊണ്ടുള്ള രീതിയിലാണ് ഇസ്‌ലാം വിവാഹ മോചന നിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ത്വലാഖ്, മുത്ത്വലാഖ് എന്നിവ വിശദീകരിക്കുന്നതിന് മുമ്പായി ഇസ്‌ലാമിലെ വിവാഹം ഇതര മതങ്ങളിലെ വിവാഹ സമ്പ്രദായവുമായി താരതമ്യം ചെയ്ത് മനസ്സിലാക്കേണ്ടതുണ്ട്.

വിഭിന്നങ്ങളായ വ്യക്തിത്വങ്ങൾ ദാമ്പത്യചരടിൽ ബന്ധിക്കപ്പെടുമ്പോൾ ഐക്യത്തോടൊപ്പം തന്നെ പലപ്പോഴും ജീവിത വീക്ഷണങ്ങളിൽ ഭിന്നതകളും വൈരുദ്ധ്യങ്ങളും ഉടലെടുക്കുക സ്വാഭാവികമാണ്. പൊരുത്തക്കേടുകളുടേയും അസ്വാരസ്യങ്ങളെയും ഏകോപിപ്പിച്ച് ഇണക്കത്തോടും പരസ്പര സ്നേഹത്തോടും കൂടി മുന്നോട്ടു പോകുന്ന കലയാണ് വൈവാഹിക ജീവിതം. വിവാഹ മോചനത്തിന്റെ കാരണങ്ങൾ നിരവധിയാണ്. വ്യക്തികളുടെ മാനസികാവസ്ഥകളും അഭിരുചിയും സമീപനങ്ങളും വ്യത്യസ്തമായിരിക്കുന്നത് പോലെ വിവാഹ മോചനത്തിലേക്ക് നയിക്കുന്ന ഭിന്നതകളുടെ കാരണങ്ങളും വ്യത്യസ്തമാണ്. വിവാഹ മോചനം ഇസ്‌ലാമിൽ അങ്ങേയറ്റം നിർഭാഗ്യകരമായ ഒരു വ്യക്തി ദുരന്തമാണ്.

***അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരമായ കാര്യമാണ് വിവാഹമോചനം. (അബൂദാവൂദ്)*** എന്നാണ് റസൂൽ തിരുമേനി (സ) അതിനെ പറ്റി പറഞ്ഞത്. മറ്റൊരിക്കൽ അവിടുന്ന് അരുളി: ***'വിവാഹ മോചനവേളയിൽ അല്ലാഹുവിന്റെ സിംഹാസനം വിറകൊള്ളും' (ഖുർതുബി)*** താൻ വരിച്ച ഭാര്യയിലും ഭർത്താവിലും തൃപ്തി കണ്ടെത്താത്ത സ്ത്രീ പുരുഷന്മാരെ പറ്റി റസൂൽ തിരുമേനി(സ) പറഞ്ഞത്. ***'നിങ്ങൾ വിവാഹം കഴിക്കുക. ആസ്വാദനത്തിന് വേണ്ടി രുചി നോക്കി നടക്കുന്ന സ്ത്രീ പുരുഷന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.' (ദാറുഖുത്നി)***

വൈവാഹിക ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത വിധം അകൽച്ചയും വെറുപ്പും വിദ്വേഷവുമാണ് ദമ്പതിമാർക്കിടയിൽ വർധിച്ചു വരുന്നതെങ്കിൽ ഇസ്‌ലാം വിവാഹ മോചനം അനുവദിച്ചു കൊണ്ട് അവർക്ക് ആശ്വാസം നൽകുന്നു. ത്വലാഖ് എന്ന പദത്തിനർഥം കെട്ടഴിച്ചു സ്വതന്ത്രമാക്കുക എന്നതാണ്. അവരുടെ ജീവിതം ഭൂമിയിലെ നരകമാക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അവർക്ക് വേർപിരിയാം. ഇത് മറ്റുമതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിന്റെ ഏറ്റവും പുരോഗമനപരവും യാഥാർഥ്യ ബോധവുമുള്ള ഒരു മതമാക്കി മാറ്റിതീർക്കുന്നു. വിവാഹ മോചനം ഒരു പാപമല്ല എന്നാണ് ഇസ്‌ലാമിന്റെ നിലപാട്. അനിവാര്യഘട്ടങ്ങളിൽ വിവാഹ മോചനം ആവശ്യവുമാണ് എന്ന യാഥാസ്ഥിതികമല്ലാത്ത പുരോഗമനപരമായ ഒരു നിലപാടാണ് ഇസ്‌ലാമിനുള്ളത്. വിവാഹ മോചനം ഒരു യാഥാർഥ്യമായി നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം അംഗീകരിച്ചിരിക്കുന്നു. മതേതരമായ നമ്മുടെ സിവിൽ സമൂഹങ്ങൾക്ക് പോലും വിവാഹത്തെ സംബന്ധിച്ച ഈ കാഴ്ച്ചപാട് ഇനിയും ഇത്രത്തോളം വളർന്നിട്ടില്ല

എന്നതാണ് വാസ്തവം. തത്ത്വത്തിൽ നാം സിവിൽ വ്യവഹാരങ്ങളിൽ ഏർപ്പെടുമ്പോൾ ഉണ്ടാക്കുന്നത് പോലുള്ള ഒരു കരാർ തന്നെയാണ് വിവാഹം. അത് ദിവ്യമായി തീരുന്നത് അത് സംബന്ധിച്ച ധർമ സംഹിതകൾ പാലിക്കുമ്പോഴാണ്. ചടങ്ങു കൊണ്ടും ആചാരം കൊണ്ടുമല്ല.. കരാർ പാലിക്കാൻ അതിലേർപ്പെടുന്ന ഇരു കക്ഷികളും ബാധ്യസ്ഥരാണ്. കരാറിലെ നിബന്ധനകൾ പങ്കാളികൾ ലംഘിക്കുമ്പോൾ കരാർ ദുർബലപ്പെടുകയും കരാർ റദ്ദാക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇസ്‌ലാമിൽ വിവാഹം ഒരു സാധാരണ കരാറല്ല. അതിന്റെ ദൃഢതയെ സംബന്ധിച്ചും വിശ്വസ്ഥതയെ സംബന്ധിച്ചും ഉണർത്തിക്കൊണ്ട് ഖുർആൻ ***'അതൊരു ഉറച്ച കരാർ (മീസാക്കൻ ഖലീളാ)'*** എന്നാണ് പറയുന്നത്. ഖുർആൻ ചോദിക്കുന്നു:

***നിങ്ങൾ പരസ്പരം ഒട്ടിചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽ നിന്ന് ഉറച്ച കരാർ (വിവാഹകരാർ = മീസാക്കൻ ഖലീളാ) വാങ്ങുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങനെ തിരിച്ചു വാങ്ങും? (4:22)*** സാധാരണ സെക്കുലർ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പറയുന്നത് പോലെ Voluntary Un ഇഛാധിഷ്ഠിത ബന്ധം ആണ്.

## ഖുല:(സ്ത്രീകൾക്കുള്ള വിവാഹ മോചനാവകാശം)

ഇവിടെ ശ്രദ്ധേയമായ കാര്യം വിവാഹ മോചനത്തിനുള്ള അവകാശം പുരുഷനുള്ളത് പോലെ ഇസ്‌ലാം സ്ത്രീകൾക്കും അനുവദിക്കുന്നു എന്നതാണ്. പുരുഷൻ നിർവഹിക്കുന്ന വിവാഹ മോചനത്തിന് ത്വലാഖ് എന്ന് പറയുമ്പോൾ സ്ത്രീ മുൻകൈയെടുത്ത് നിർവഹിക്കുന്ന വിവാഹ മോചനത്തിന് ഇസ്‌ലാമിക കർമ ശാസ്ത്രത്തിലെ സാങ്കേതിക നാമം **ഖുൽഅ് അഥവാ ഖുല:** എന്നാണ്.

***അല്ലാഹുവിന്റെ നിയമ പരിധകളെ പാലിക്കാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നു വെങ്കിൽ അപ്പോൾ എന്ത് നൽകിക്കൊണ്ട് അവൾ (ഭാര്യ) വിവാഹ മോചനം നേടുന്നുവോ അതിലവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമ പരിധികളാണവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്. (2:230)***

നിർഭാഗ്യകരമെന്ന് പറയട്ടെ ഇന്ത്യൻ ശരീഅത്ത് നിയമം മുസ്‌ലിം സ്ത്രീകൾക്ക് വിവാഹ മോചനം ചെയ്യാൻ അഥവാ ഖുല ചെയ്യാൻ അനുവദിക്കുന്നില്ല.

1937 ലെ മുസ്‌ലിം പേഴ്സണൽ ലോ അപ്ലിക്കേഷൻ ആക്റ്റ് പ്രത്യേകമായി ഭാര്യയുടെ ഭാഗത്ത് നിന്നുള്ള വിവാഹ മോചനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആസാം, ബിഹാർ, മേഘാലയ, ഒറിസാ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലുള്ള മുസ്‌ലിം വിവാഹം, വിവാഹ മോചന രജിസ്ട്രേഷൻ നിയമത്തിൽ ഖുല രജിസ്റ്റർ ചെയ്യാനുള്ള അനുവാദവുമുണ്ട്. എന്നാൽ ഇന്ത്യയിലെ മുസ്‌ലിം വ്യക്തി നിയമത്തിൽ ഭർത്താവിന്റെ സമ്മതമില്ലാതെ ഭാര്യക്ക് ഖുല അനുവദിക്കുന്നില്ല. സ്വാഭാവികമായും പലപ്പോഴും അവളെ ചൂഷണം ചെയ്യാനും പീഡിപ്പിക്കാനും ഈ അവസരം ഉപയോഗിക്കുന്നു. മാത്രമല്ല അവളിൽ നിന്ന് അന്യായമായ നഷ്ടപരിഹാരം വസൂലാക്കുകയും ചെയ്യുന്ന അവസരങ്ങൾവരെ ഇന്ത്യയിൽ ഉണ്ടാവുന്നു. ഇന്ത്യയിലെ നിയമങ്ങൾ അത്യന്തം ഉദാരവും സ്ത്രീപക്ഷവുമായ ഇസ്‌ലാമിലെ ഖുലാ നിയമത്തെ സ്ത്രീവിരുദ്ധമാക്കി തീർത്തിരിക്കുന്നു എന്ന് പറഞ്ഞാൽ തെറ്റാവില്ല. വിവാഹ മോചിതയാകുന്ന ഭാര്യക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളെല്ലാം ലഭിക്കാതിരിക്കത്തക്ക വിധം അതിനെ ഇന്ത്യൻ ശരീഅത്ത് നിയമം വികലമാക്കിയിരിക്കുകയാണ്.

റസൂൽ തിരുമേനി (സ) ഖുൽഅ് ചെയ്യാൻ സ്ത്രീകളെ തടസ്സമില്ലാതെ അനുവദിച്ചതായി കാണാം. സൽസ്വഭാവിയായിരുന്നെങ്കിലും വിരൂപനായ സാബിത്ത്ബ്നു ഖൈസ് (റ)യിൽനിന്ന് വിവാഹ മോചനം നേടിയ ജമീല ബിൻത് സുനൂലിന്റെ ചരിത്രം ഹദീസുകളിൽ രേഖപ്പെട്ടു കിടക്കുന്നു. ഖുല:യും ത്വലാഖ് പോലെ വെറുക്കപ്പെട്ട ഒന്നാണെന്ന് റസൂൽ തിരുമേനി (സ) ഉപദേശിച്ചിരുന്നു.

പരാജിതരായ ദാമ്പത്യ പങ്കാളികൾ വിവാഹ മോചനത്തിലൂടെ സ്വതന്ത്രരാകുക എന്നത് ആധുനികവും പുരോഗമനപരവും വ്യക്തി സ്വാതന്ത്ര്യത്തിലധിഷ്ഠിതവുമായ ഒരു പരികൽപ്പനയാണ്. പ്രകൃത്യാ ഭർത്താവ് മരിച്ചത് മൂലമുണ്ടാകുന്ന വൈധവ്യത്തോടു പോലും വളരെ പരുഷമായ നിലപാട് സ്വീകരിച്ചിരുന്ന പാരമ്പര്യ സമൂഹമാണ് നമ്മുടേത്. ഈശ്വര ചന്ദ്രവിദ്യാസാഗർ, രാജാറാം മോഹൻ റോയി മുതലായ മഹാന്മാരായ നമ്മുടെ സാമൂഹ്യ നവോത്ഥാന നായകന്മാരാണ് ഭർത്താവ് മരിച്ച വിധവകൾക്കെതിരായ നമ്മുടെ സമൂഹത്തിൽ നടന്ന അത്യാചാരങ്ങൾക്ക് അറുതി വരുത്തിയത്. അത്തരമൊരു പാരമ്പര്യ സ്മൃതികളുള്ള സമുഹത്തിൽ ഭർതൃ ബന്ധം സ്വയം വിച്ഛേദിച്ച് വിധവയായി മാറുന്ന സ്ത്രീയോട് ഒരിക്കലും സമൂഹ മനസ്സാക്ഷി അനുഭാവ പൂർവം പ്രതികരിക്കില്ല എന്ന കാര്യം ഉറപ്പാണ്. അവൾക്ക് പുനർ വിവാഹം ഒരു കീറാമുട്ടിയാണ്. വിഭാര്യരും വിവാഹമുക്തകളുള്ളതുമായ മുസ്‌ലിം സമൂഹത്തിൽ അത് ഏറെക്കുറെ എളുപ്പമാണ്. (തുടരും)

www.alislam.org

ഭാഗം – 5

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### ഇസ്ലാമിക സന്ദേശം യസ്റബ് നിവാസികൾക്ക്:..

ഖുറൈശികൾ ഞങ്ങളെ സ്വതന്ത്രമായി മറ്റുള്ളവരോട് സംസാരിക്കാൻ പോലും അനുവദിക്കാതായി. എന്നിരുന്നാലും തബ്ലീഗ് ചെയ്യാൻ ലഭിക്കുന്ന ഒരവസരവും അല്ലാഹുവിന്റെ റസൂലും ഞങ്ങളും പാഴാക്കിയിരുന്നില്ല. ഖുറൈശികളുടെ എതിർപ്പ് കാരണം സാധാരണ ദിനങ്ങളിൽ ഞങ്ങൾ ജനങ്ങളെ കൂടുതലായി സമീപിച്ചിരുന്നില്ല. എന്നാൽ ഹജ്ജ് വേളയിൽ പുറത്ത് നിന്ന് കൂട്ടം കൂട്ടമായി വരുന്ന ജനങ്ങളെ അല്ലാഹുവിന്റെ റസൂലും ഞങ്ങളും സമീപിച്ചുകൊണ്ട് ഇസ്ലാമിക തബ്ലീഗ് ചെയ്തിരുന്നു.

ഒരിക്കൽ മക്കയിൽ നിന്ന് 250 മൈൽ (400 കി.മീ) അകലെയുള്ള യസ്റബ് എന്ന പട്ടണ ത്തിൽ നിന്ന് ഹജ്ജിനായി ആറ് പേർ വന്നു. അല്ലാഹുവിന്റെ റസൂൽ അവരെ സമീപിച്ച് കൊണ്ട് അവർക്ക് തബ്ലീഗ് ചെയ്തു. ഏകനായ അല്ലാഹുവാണ് നമ്മെ സൃഷ്ടിച്ചതെന്നും അവൻ മാത്രമാണ് ആരാധനക്കർഹൻ എന്നും പറഞ്ഞുകൊണ്ട് അവരെ ദൈവീക വചനങ്ങൾ കേൾപ്പിച്ചു. അതിലവർ വളരെയധികം ആകൃഷ്ടരായി. ഏതാനും ദിവസത്തെ താമസത്തിനും ഹജ്ജിനും ശേഷം അവർ തിരിച്ച് യസ്റബിലേക്ക് പോകുന്നതിന് മുമ്പായി അല്ലാഹുവിന്റെ റസൂൽ, വീണ്ടും അവരെ കാണുകയും നിങ്ങൾ നിങ്ങളുടെ നാട്ടിൽ ചെന്ന് സ്വന്തം സഹോദരങ്ങൾക്കും നാട്ടുകാർക്കും ഈ കാര്യങ്ങളൊക്കെ പറഞ്ഞ് കൊടുക്കേണമെന്നും, മക്കയിൽ ഒരു നബി വന്നിട്ടുണ്ടെന്ന കാര്യം അവരെ അറിയിക്കണമെന്നും അവരെ ഉപദേശിക്കുകയുണ്ടായി.

### ഒന്നാം അഖബ ബൈഅത്ത്

തങ്ങൾ എല്ലാതരത്തിലുമുള്ള ദ്രോഹനടപടികൾ കൈകൊണ്ടിട്ടും മുസ്ലിങ്ങളുടെ എണ്ണം വർധിക്കുന്നതല്ലാതെ കുറയുന്നില്ല എന്ന കാര്യം മക്കക്കാർ മനസ്സിലാക്കിയിരുന്നു. അത്കൊണ്ട് മുസ്ലിങ്ങളെ ഇല്ലാതാക്കാനുള്ള തന്ത്രം അവർ മെനഞ്ഞ് കൊണ്ടേയിരുന്നു. അവരുടെ ദ്രോഹനടപടികൾ സഹിച്ച് കൊണ്ട് വീണ്ടും ഒരു വർഷം കടന്ന് പോയി. ഹജ്ജ് കാലം വീണ്ടും വന്നു. അറബ് രാജ്യങ്ങളിൽ നിന്ന് സാധാരണ പോലെ ജനങ്ങൾ ഹജ്ജിനായി കൂട്ടം കൂട്ടമായി എത്തി. ഈ വർഷവും യസ്റബിൽ നിന്ന് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ആളുകൾ എത്തിയിരുന്നു. അവർ മക്കയുടേയും മീനയുടേയും മദ്ധ്യത്തിലുള്ള അഖബ എന്ന് പേരുള്ള ഒരു സ്ഥലത്തായിരുന്നു തമ്പടിച്ചിരുന്നത്.

അല്ലാഹുവിന്റെ റസൂൽ അവരെ ചെന്ന് കണ്ടു. അവർ പന്ത്രണ്ട് പേരുണ്ടായിരുന്നു. അതിൽ അഞ്ച് പേർ കഴിഞ്ഞ വർഷം തിരുമേനിയുടെ ഉപദേശങ്ങളും തബ്ലീഗും ലഭിച്ചവരായിരുന്നു. അല്ലാഹുവിന്റെ റസൂൽ അവർക്കെല്ലാവർക്കും ഇസ്ലാമിന്റെ സന്ദേശം എത്തിക്കുകയും ദൈവീക വചനങ്ങൾ കേൾപ്പിക്കുകയും ചെയ്തു. അതോടെ ആ പന്ത്രണ്ട് പേരും ബൈഅത്ത് ചെയ്ത് ഇസ്ലാമിൽ പ്രവേശിച്ചു. ഇസ്ലാമിക ചരിത്രത്തിൽ ഇതിനെ 'ബൈഅത്ത് അഖബ' എന്നാണ് വിളിക്കുന്നത്. അഖബ എന്ന വാക്കിന്റെ അർഥം ഉയർന്ന മലമ്പാത എന്നാണ്. ഈ പന്ത്രണ്ട് പേർ തിരിച്ച് അവരുടെ നാട്ടിലേക്ക് പോകുന്നതിന് മുമ്പായി, ഞങ്ങളെ ദീൻ പഠിപ്പിക്കാനും തബ്ലീഗ് പ്രവർത്തനങ്ങൾക്കുമായി ഒരാളെ അയച്ച് തരണമെന്ന് അല്ലാഹുവിന്റെ റസൂലിനോട് അപേക്ഷിച്ചു. അതനുസരിച്ച് മസ്അബ് ബിൻ ഉമൈർ എന്ന വളരെ സാത്വികനായ ചെറുപ്പക്കാരനെ അല്ലാഹുവിന്റെ റസൂൽ അവരോടൊപ്പം യസ്റബിലേക്ക് അയച്ചു.

### രണ്ടാം അഖബ ബൈഅത്ത്

അല്ലാഹുവിന്റെ അനുഗ്രഹവും മസ്അബ് ബിൻ ഉമൈറിന്റെ പരിശ്രമവും കൊണ്ട് ചെറിയ ഒരു സമയത്തിനകം തന്നെ യസ്റബിൽ എല്ലായിടത്തും എല്ലാ ഗോത്രങ്ങൾക്കിടയിലും ഇസ്ലാം ഒരു ചർച്ചാ വിഷയമായി മാറി. പതിമൂന്ന് വർഷം കൊണ്ട് മക്കയിൽ സാധിക്കാഞ്ഞതു ചെറിയ സമയം കൊണ്ടു യസ്റബിൽ സാധിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യസ്റബിൽ വളരെ പെട്ടെന്ന് തന്നെ ഇസ്ലാം വ്യാപിക്കാൻ തുടങ്ങി. പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം ഹജ്ജിനായി യസ്റബിൽ നിന്ന്

നൂറുക്കണക്കിന് ആളുകളാണ് മക്കയിൽ എത്തിയിരുന്നത്. അതിൽ എഴുപത് പേർ ഇസ്‌ലാംമതം സ്വീകരിച്ചവരോ സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരോ ആയിരുന്നു. അവിടുത്തേക്ക് പോയ അവരുടെ ആദ്യ മുബല്ലിഗ് മസ്അബ് ബിൻ ഉമൈറും എത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഒത്തുചേർന്ന അതേ അഖബ എന്ന സ്ഥലത്ത് വെച്ച് തന്നെ ഖുറൈശികളെ ഭയന്ന് അർദ്ധരാത്രിക്ക് ശേഷം അല്ലാഹുവിന്റെ റസൂലുമായി കൂടികാഴ്ച നടത്താൻ തീരുമാനിക്കപ്പെട്ടു. കൃത്യസമയം ഓരോ ആളും ഈരണ്ടാളുമായി പാത്തും പതുങ്ങിയും എത്തി. അല്ലാഹുവിന്റെ റസൂൽ തന്റെ എളാപ്പ അബ്ബാസിനൊടൊപ്പമാണ് വന്നത്.

എത്തിയ ഉടനെ തന്നെ അബ്ബാസ് എല്ലാവരോടുമായി, നമ്മിൽ ഏറ്റവും ബഹുമാനിതനും ഏറ്റവും പ്രിയപ്പെട്ടവനും ഏറ്റവും കൂടുതൽ സംരക്ഷിക്കപ്പെടേണ്ടതുമായ ആൾ അല്ലാഹുവിന്റെ റസൂലാണെന്നും ഇത്രയും കാലം ഞങ്ങൾ ആ കർത്തവ്യം ഏറ്റെടുത്ത് കൊണ്ട് സാധിക്കുന്നതെല്ലാം ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. തുടർന്ന് അദ്ദേഹം പറഞ്ഞു, ഇനി മുതൽ ഇവിടെ തുടരാൻ പ്രയാസമാണ്. മക്കയിലെ ഖുറൈശികൾ തിരുമേനിയെ അപകടപ്പെടുത്താൻ പല പദ്ധതികളും നടപ്പിലാക്കിയേക്കും. അതുകൊണ്ട് അല്ലാഹുവിന്റെ റസൂൽ ഇവിടം വിട്ട് നിങ്ങളുടെ അടുക്കൽ വരാൻ താൽപര്യപ്പെടുന്നു. അപ്രകാരം അല്ലാഹുവിന്റെ റസൂലിനെ തങ്ങളുടെ നാട്ടിലേക്ക് കൊണ്ടുപോകാൻ താൽപര്യപ്പെടുന്നുണ്ടെങ്കിൽ നിങ്ങളുടെ മേൽ വളരെ വലിയ ഉത്തരവാദിത്വമായിരിക്കും ഉണ്ടാവുക.

അബ്ബാസിന്റെ വാക്കുകൾ കേട്ട ശേഷം യസ്‌റബിൽ നിന്ന് വന്ന ഒരു ഗോത്രനേതാവ് പറഞ്ഞു, അബ്ബാസ്, താങ്കൾ പറഞ്ഞത് ഞങ്ങൾ കേട്ടു. അല്ലാഹുവിന്റെ റസൂലിന് ഞങ്ങളോട് എന്താണ് പറയുവാനുള്ളത് എന്ന് കൂടി കേൾക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതുപ്രകാരം അല്ലാഹുവിന്റെ റസൂൽ ഖുർആന്റെ ഏതാനും ആയത്തുകൾ ഓതിയ ശേഷം ഇസ്‌ലാമിനെ കുറിച്ച് ചില കാര്യങ്ങൾ ചുരുക്കി വിവരിച്ചു. അതിന് ശേഷം പറഞ്ഞു, നിങ്ങൾ നിങ്ങളുടെ വീട്ടുകാരേയും കുടുംബക്കാരേയും സംരക്ഷിക്കുന്നത് പോലെ ആവശ്യം വരുമ്പോൾ എനിക്ക് വേണ്ടിയും ചെയ്യണം. അപ്പോൾ യസ്‌റബിൽ നിന്നും വന്നിട്ടുള്ള എല്ലാവരും ഞങ്ങൾ ഞങ്ങളുടെ ജീവനും ധനവും മാനവും ത്യാഗം ചെയ്തുകൊണ്ട് അങ്ങയെ സംരക്ഷിക്കുന്നതാണെന്ന് ഏകസ്വരത്തിൽ പറയുകയുണ്ടായി. അതിന് ശേഷം ആ വന്ന, ആത്മാർഥരും ഇസ്‌ലാമിന് വേണ്ടി ജീവൻ ത്യാഗം ചെയ്യാൻ പോലും സന്നദ്ധരായിട്ടുള്ള 70 പേരും ഓരോരുത്തരായി അല്ലാഹുവിന്റെ റസൂലിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് കൊണ്ട് ഇസ്‌ലാമിൽ പ്രവേശിക്കുകയുണ്ടായി. ഇതിനെ ഇസ്‌ലാമിക ചരിത്രത്തിൽ ബൈഅത്ത് അഖബ സാനിയ (രണ്ടാം അഖബ ബൈഅത്ത്) എന്ന് വിളിക്കുന്നു. മൂസാനബി തന്റെ സമുദായത്തിൽ പന്ത്രണ്ട് നഖീബു (മുന്നറിയിപ്പുക്കാർ, മേൽനോട്ടക്കാർ) മാരെ നിയമിച്ചിട്ടുള്ളതു പോലെ ഈ ബൈഅത്തിന് ശേഷം അല്ലാഹുവിന്റെ റസൂൽ 12 നഖീബുമാരെ നിശ്ചയിക്കുകയുണ്ടായി. അതിനായി അവരോട് തന്നെ നാമനിർദേശം ചെയ്യുവാൻ പറയുകയും അല്ലാഹുവിന്റെ റസൂൽ അത് അംഗീകരിക്കുകയും ചെയ്തു.

ഞാൻ ഇപ്പോൾ വൃദ്ധനായിരിക്കുന്നു. എന്റെ ആരോഗ്യം ക്ഷയിച്ചിരിക്കുന്നു. എന്നാൽ ഞാൻ ഭൂതകാലത്തേക്ക് തിരിഞ്ഞു നോക്കുമ്പോൾ അന്ന് അർദ്ധരാത്രി അഖബയിൽ നടന്ന ബൈഅത്ത്, ഖുറൈശികളെ ഭയന്ന് പാത്തും പതുങ്ങിയും വന്ന് ചെയ്ത ആ ബൈഅത്ത്, ഒരു സാധാരണ സംഭവമല്ലായിരുന്നു. അത് ഇസ്‌ലാമിന്റെ ഒരു പുതിയ യുഗപ്പിറവിയായിരുന്നു. അന്ന് അർധരാത്രി അഖബയിൽ ഇസ്‌ലാമിന്റെ പുതിയ സൂര്യനായിരുന്നു ഉദിച്ചുയർന്നത്. ഇസ്‌ലാമിന്റെ പൊൻപുലരിയായിരുന്നു അത്.

## ഖുറൈശികളുടെ മുറുമുറുപ്പ് യസ്‌റബ്കാരോടും

ബൈഅത്തിന് ശേഷം എല്ലാവരും തന്നെ ആ കൂരിരുട്ടിൽ വളരെ പതുക്കെ അവരവരുടെ താമസ സ്ഥലത്തേക്ക് മടങ്ങി. ഖുറൈശികളുടെ ചാരന്മാർ നാലുപാടും കറങ്ങി നടക്കുന്നുണ്ടെന്നും യാതൊന്നും അവരറിയരുതെന്നും ഹദ്റത്ത് അബ്ബാസ് എല്ലാവരേയും ഓർമപ്പെടുത്തിയിരുന്നു. അഖബയിൽ സമ്മേളിച്ചതും എഴുപത് പേർ ബൈഅത്ത് ചെയ്തതും യസ്‌റബ്കാരുമായി ഉണ്ടായ ചർച്ചകളും ഖുറൈശികൾ ആരും ഒന്നും അറിഞ്ഞില്ലെന്നായിരുന്നു ഞങ്ങളെല്ലാം ധരിച്ചത്. എന്നാൽ അവർ പലതും അറിഞ്ഞു. അതുകാരണം അവർ രാവിലെ തന്നെ യസ്‌റബ്കാരുടെ താമസസ്ഥലത്ത് ചെന്ന്, നിങ്ങളുമായുള്ള ഞങ്ങളുടെ ബന്ധം വളരെ പുരാതനമാണെന്നും ഞങ്ങളത് തകർക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നും, എന്നാൽ നിങ്ങൾ മുഹമ്മദു (സ) മായി കഴിഞ്ഞ ദിവസം രാത്രി എന്തോ ചില നീക്ക്പോക്കുകളും രഹസ്യധാരണകളും ഉണ്ടാക്കിയതായി ഞങ്ങൾക്കറിയാൻ സാധിച്ചു എന്നും അതെന്താണെന്ന് ഞങ്ങൾക്കറിയണമെന്നും അവർ ആവശ്യപ്പെടുകയുണ്ടായി. യസ്‌റബിലെ ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങളിലെ ബിംബാരാധകരായവർക്ക് തലേ ദിവസം രാത്രി നടന്ന സംഭവം തികച്ചും അജ്ഞാതമായിരുന്നു. അവർ പരിപൂർണ്ണമായും ഈ കാര്യം നിഷേധിച്ചുകൊണ്ട് അങ്ങനെ ഒരു സംഭവം നടന്നതേ ഇല്ല എന്നും ഇത് തികച്ചും മക്കക്കാരായ നിങ്ങളുടെ സംശയമാണെന്നും പറഞ്ഞു. മാത്രവുമല്ല യസ്‌റബിലെ

യസ്റബ് ഒരു മലയോര പ്രദേശമാണെങ്കിലും മറ്റ് അറബ് പ്രദേശങ്ങളെ അപേക്ഷിച്ച് മഴ കൂടുതൽ ലഭിക്കുന്നത് കൊണ്ടും ഇവിടുത്തെ മണ്ണ് കൃഷിക്ക് താരതമ്യേന യോജിച്ചത് കൊണ്ടും ജനങ്ങൾ വളരെ മുമ്പേ തന്നെ കൃഷിയുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടു ജീവിക്കുന്നവരായിരുന്നു. എന്നാൽ മക്കക്കാരുടെ കണ്ണിൽ കൃഷി ഒരു വിലകുറഞ്ഞ തൊഴിലും കച്ചവടം ഒരു മഹനീയ ജീവിത മാർഗവുമാണ്. ആ നിലയിൽ യസ്റബ്കാരെ നിലവാരമില്ലാത്തവരും വിലകുറഞ്ഞവരുമായിട്ടാണ് മക്കക്കാർ കണ്ടിരുന്നത്. ഞാൻ തുടർന്ന് വിവരിക്കുന്ന ചില കാര്യങ്ങൾ കേൾക്കുമ്പോൾ നിങ്ങൾക്കിതിന്റെ പൊരുൾ നന്നായി മനസ്സിലാകും.

## മുസ്‌ലിമീങ്ങളുടെ ഒഴുക്ക് യസ്റബിലേക്ക്

യസ്റബ് നിവാസികൾ അഖബ ബൈഅത്ത് ചെയ്ത് തിരിച്ച് പോയ ശേഷം അധികം വൈകാതെ തന്നെ സാധിക്കുന്നവരോട് യസ്റബിലേക്ക് പൊയ്കൊള്ളാൻ ഞങ്ങൾക്ക് അല്ലാഹുവിന്റെ റസൂൽ അനുവാദം നൽകി. അങ്ങിനെ മുസ്ലീങ്ങൾ പതുക്കെ പതുക്കെ ചെറു ചെറു സംഘങ്ങളായി യസ്റബിലേക്ക് പലായനം ചെയ്ത് തുടങ്ങി. മക്കയിൽ നിന്നും ഇത്തരത്തിൽ ഹിജ്റത്ത്ചെയ്തവരെ മുഹാജിറുകൾ എന്നും, യസ്റബിൽ അവർക്കെല്ലാ വർക്കും അഭയം നൽകുകയും സഹായം നൽകുകയും ചെയ്ത യസ്റബ് നിവാസികളെ അൻസാർ (സഹായികൾ) എന്നുമാണ് വിളിക്കുന്നത്. മുഹാജിറുകളായ ഞങ്ങളെ അൻസാറുകളായ യസ്റബ്കാർ എല്ലാതരത്തിലും സഹായിച്ചു. ഞങ്ങൾക്ക് പാർക്കാൻ ഇടം നൽകി. കഴിക്കാൻ ഭക്ഷണം നൽകി. ഞങ്ങളുടെ ആവശ്യമറിഞ്ഞ് എല്ലാ സഹായവും നൽകി. ചരിത്രത്തിൽ അതിന് തുല്യമായ മറ്റൊരു ഉദാഹരണം കാണിക്കുവാനുണ്ടാവുകയില്ല.

മുമ്പ് തന്നെ ഒരിക്കൽ അല്ലാഹു ദിവ്യദർശനത്തിലൂടെ, ഇവിടെ നിന്ന് പലായനം ചെയ്ത് മറ്റൊരു സ്ഥലത്ത് കുടിയേറിപ്പാർക്കേണ്ടി വരുമെന്ന് റസൂലിനെ അറിയിച്ചിരുന്നു. ആ സ്ഥലം ധാരാളമായി ഈത്തപ്പഴതോട്ടങ്ങളും വെള്ളത്തിന്റെ ഉറവകളും ഉള്ള ഒരു പ്രദേശമായിരിക്കുമെന്നും അല്ലാഹു സൂചിപ്പിച്ചിരുന്നു. ആ പ്രദേശം യമാമയോ ഹജറോ ആയിരിക്കാമെന്ന് അല്ലാഹുവിന്റെ റസൂൽ അനുമാനിച്ചു. എന്നാൽ യസ്റബിൽ ഇസ്‌ലാമിക സന്ദേശം കൂടുതലായി പ്രചരിക്കുകയും ആളുകൾ ഇസ്‌ലാമിൽ ആകൃഷ്ടരാവുകയും ചെയ്യാൻ തുടങ്ങിയപ്പോൾ ആ പ്രദേശം യസ്റബ് ആണെന്നും തന്റെ നിഗമനം തെറ്റായിരുന്നുവെന്നും അല്ലാഹുവിന്റെ റസൂലിന് മനസ്സിലായി.

## യസ്റബ് എന്ന ആശാ കേന്ദ്രം

മക്കയിൽ നിന്ന് ഏകദേശം 250 നാഴിക (400 കി.മി) വടക്ക് മാറിക്കിടക്കുന്ന, അറേബ്യയിലെ ഹിജാസ് പ്രദേശത്തെ പൗരാണിക പട്ടണമാണ് യസ്റബ്. ചെങ്കടലിന്റെ കിഴക്കെ കരയിൽ നിന്നും 50 മൈൽ കിഴക്ക് മാറി സ്ഥിതിചെയ്യുന്ന ഈ പട്ടണം ചെറിയ ചെറിയ മലകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. പിൽകാലത്ത് ബിംബാരാധകരായ മക്കക്കാരും ഇവിടെ കുടിയേറിപ്പാർത്തവരടക്കമുള്ള ഞങ്ങൾ മുസ്ലീങ്ങളും തമ്മിലുണ്ടായ അതിഘോരമായ യുദ്ധം നടന്ന ഉഹ്ദ് മലയും ഇതിൽ ഉൾപ്പെടുന്നു.

മക്കയിൽ നിന്ന് ശാമി (സിറിയ)ലേക്കുള്ള മരുഭൂമിയിലൂടെയുള്ള പാതയിൽ നിന്നും അധികം അകലത്തിലല്ലാതെ നിലകൊള്ളുന്ന ഈ പട്ടണത്തെ കച്ചവടസംഘങ്ങൾ ഇടത്താവളമായി ഉപയോഗിക്കുന്നത്കൊണ്ട് പൗരാണികകാലം മുതൽ മക്ക യസ്റബ് നിവാസികൾ പരസ്പരം പരിചിതരും സ്നേഹ ബന്ധം പുലർത്തുന്നവരുമായിരുന്നു.

പ്രമാണിയും ഗോത്രതലവനും പിൽകാലത്ത് മുനാഫിക്കുകളു (കപട വിശ്വാസികൾ)ടെ നേതാവുമായ അബ്ദുല്ലാഹ് ബിൻ അബിബിൻ സുലൂൽ, അത്തരത്തിൽ വല്ല ധാരണയും ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാൻ അറിയാതിരിക്കുമോ എന്ന് കൂടി പറഞ്ഞപ്പോൾ ഖുറൈശികൾക്ക് സമാധാനമായി. അവരത് വിശ്വസിക്കുകയും അവിടെ നിന്ന് മടങ്ങുകയും ചെയ്തു.

അതിന് കുറച്ച് സമയത്തിന് ശേഷം തന്നെ യസ്റബിൽ നിന്ന് വന്നവർ സ്വദേശത്തേക്ക് പുറപ്പെടുകയും ചെയ്തു. എന്നാൽ അവർ പുറപ്പെട്ട് പോയ ശേഷം, യസ്റബ് നിവാസികൾ മുഹമ്മദു(സ)മായി എന്തോ ചില രഹസ്യധാരണകൾ നടത്തി എന്നതിന് നിഷേധിക്കാനാവാത്ത ചില തെളിവുകൾ ഖുറൈശികൾക്ക് ലഭിച്ചത് കാരണം യസ്റബ്കാരെ പിടികൂടാനായി ഖുറൈശികളിൽപ്പെട്ട ചിലയാളുകൾ അവരുടെ പിറകെ ഓടി.പക്ഷേ അവരെല്ലാം തന്നെ ബഹുദൂരം പിന്നിട്ടതുകൊണ്ട് അവരുടെ സംഘത്തെ പിടിക്കാനായില്ല. എന്നാൽ യസ്റബ്കാരിൽപ്പെട്ട സഅദ് ബിൻ ഉബാദ എന്തോ ചില കാരണങ്ങളാൽ പുറകിലായിപ്പോയതു കാരണം അദ്ദേഹത്തെ പിടികൂടുകയും ബലാൽക്കാരമായി തിരിച്ച് മക്കയിൽ കൊണ്ടുവന്ന് മക്കയിലെ പാറക്കെട്ടുകളും കല്ലുകളും നിറഞ്ഞ പ്രദേശത്ത് വെച്ച് അതികഠിനമായി ഭേദ്യം ചെയ്യുകയും മുടിപിടിച്ച് കല്ലിൽ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചി ഴക്കുകയുമുണ്ടായി. വിവരമറിഞ്ഞ അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽപ്പെട്ട ചിലർ സഅദിനെ ഖുറൈശികളിൽ നിന്നും രക്ഷിക്കുകയാണ് ചെയ്തത്.

## ദിവ്യദർശനവും പലായനവും

മുസ്‌ലീമിങ്ങൾക്ക്, ഖുറൈശികളുടെ എതിർപ്പും മർദനങ്ങളും മറ്റ് ദ്രോഹ നടപടികളും കാരണം ഇനി മക്കയിൽ തുടരാനാവുകയില്ല എന്ന് ഏറെ കുറെ മനസ്സിലായി. അതിന്

## ഉമറും യസ്റബിലേക്ക്

അല്ലാഹുവിന്റെ റസൂലിന്റെ അനുമതിയോടെ, മക്കക്കാരുടെ എതിർപ്പുകളും ദ്രോഹ നടപടികളും കാരണം മുസ്ലീങ്ങൾ യസ്റബിലേക്ക് പാലായനം ചെയ്യാൻ തുടങ്ങിയപ്പോൾ റസൂലിന്റെ കൽപനയോടെ ഉമറും യസ്റബിലേക്ക് പുറപ്പെടാൻ തീരുമാനിച്ചു. പുറപ്പെടുന്നതിനു മുമ്പായി ഏതാനും സ്നേഹിതന്മാരോടൊപ്പം പരിശുദ്ധ കഅബയിൽ പോയി ഉമർ ആദ്യം ത്വവാഫ് ചെയ്തു. അതിന് ശേഷം മക്കാ മുശ്രിക്കുകളോടായി പറഞ്ഞു ഓ, മുശ്രിക്കുകളേ, കേട്ടുകൊള്ളുവിൻ, ഇന്ന് ഞാൻ ഇവിടെനിന്ന് പോവുകയാണ്, നിങ്ങളിൽ ആർക്കെങ്കിലും എന്നോട് എതിരിടേണമെന്നുണ്ടെങ്കിൽ, എന്നെ തടയേണമെന്നുണ്ടെങ്കിൽ വരൂ, കഅബ അങ്കണത്തിന് വെളിയിൽ. അവിടെ വെച്ച് നമുക്ക് കാണാം. പിന്നീട് എന്നെ കുറിച്ച്, ഉമർ ഒളിച്ചോടി എന്ന് പറഞ്ഞു പോകരുത്. എന്നാൽ ഉമറിനെ നേരിടാൻ ധൈര്യ മുള്ള ഒരൊറ്റ ആളും അവിടെ ഉണ്ടായിരുന്നില്ല. ഒരാൾ പോലും മുന്നോട്ട് വന്നില്ല. അങ്ങനെ ശത്രുക്കളുടെ മുന്നിലൂടെ ഉമറും യസ്റബിലേക്ക് യാത്രയായി.

## മുഹാജിറിന്റെ വേഷത്തിൽ ഞാനും

ഒരു ദിവസം ഞാനും അല്ലാഹുവിന്റെ റസൂലിന്റെ അനുവാദത്തോടെ യസ്റബിലേക്ക് പുറപ്പെടാൻ തീരുമാനിച്ചു. എന്നോടൊപ്പം മറ്റ് ആറ് പുരുഷന്മാരും രണ്ട് സ്ത്രീകളും മൂന്ന് കുട്ടികളും യാത്രക്കായി ഒരുങ്ങി. അല്ലാഹുവിന്റെ റസൂൽ എന്നെ പന്ത്രണ്ടു പേരടങ്ങുന്ന ഈ ചെറുസംഘത്തിന്റെ അമീറായി നിയമിച്ചു. ആ നിമിഷങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം അസാധാരണങ്ങളായിരുന്നു.പല പല ചിന്തകൾ എന്റെ ഹൃദയത്തിലൂടെ കടന്നു പോയി. ഞാൻ എന്നെ കുറിച്ചോർത്തു. ഞാൻ ആരായിരുന്നു. ഉമയ്യയുടെ നിസ്സഹായനായ ഒരടിമ. ആർക്കും വേണ്ടാത്ത, എല്ലാവരുടേയും ആട്ടും തുപ്പും ചീത്ത വാക്കും മർദനവും സഹിക്കാൻ വിധിക്കപ്പെട്ട കറുത്തവൻ. ഇന്ന് ഒരുചെറു സംഘത്തിന്റെ താണെങ്കിലും എന്നെ അല്ലാഹുവിന്റെ റസൂൽ അമീറാക്കിയിരിക്കുകയാണ്. എന്റെ ജീവിതത്തിൽ എത്ര വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. എത്ര വലിയ സ്ഥാനമാനങ്ങളാണു ഇസ്ലാം എനിക്കു നൽകിയതു. ഇത് തന്നെയല്ലേ വിപ്ലവം. ഇത് വിപ്ലവമല്ലെങ്കിൽ മറ്റെന്താണ് വിപ്ലവം. 250 മൈൽ (നാന്നൂറ് കിലോമീറ്റർ) ഞങ്ങൾക്ക് മണലാരണ്യത്തിലൂടെ താണ്ടണം. എങ്കിൽ മാത്രമേ ലക്ഷ്യസ്ഥാനത്ത് എത്തുകയുള്ളൂ. കണ്ണെത്താ ദൂരത്ത് മണൽപരന്നു കിടക്കുക യാണ്. മുകളിൽ സൂര്യൻ കത്തിജ്ജ്വലിക്കുന്നുമുണ്ട്. ഇടക്കിടെ സൂര്യതാപം ഏൽപിക്കാൻ ഉതകുന്ന തരത്തിലുള്ള ഉഷ്ണകാറ്റും പിന്നെ പൊടികാറ്റും ഉണ്ട്. ഇതെല്ലാം അറേബ്യയിൽ ഉള്ളതും ഞങ്ങൾക്കെല്ലാം പരിചയമുള്ളതുമാണ്. എന്നിരുന്നാലും ഞങ്ങളോടൊപ്പമുള്ള സ്ത്രീകളും കുട്ടികളും കഷ്ടപ്പെട്ടു പോകുമോ എന്നാണ് എന്റെ ഭയം. എത്ര വേഗത്തിൽ നടന്നാലും ലക്ഷ്യത്തിലെത്താൻ ഒൻപതോ പത്തോ ദിവസം വേണ്ടി വന്നേക്കാം.

ഞങ്ങൾ യാത്ര തുടർന്നു. യാത്രയിൽ പല ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നെങ്കിലും ഞങ്ങളിൽ ആരും മാനസികമായി തളർന്നില്ല. കൂടെ ഉണ്ടായിരുന്ന കുട്ടികൾക്ക് അസുഖം പിടിപെട്ടു. അവിടേയും അല്ലാഹുവിന്റെ അപാരമായ സഹായം ഉണ്ടായി. അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല. നടന്ന് നടന്ന് ഞങ്ങളിൽ ഒരാളുടെ കാൽ പൊട്ടി വ്രണമായി. എന്നിട്ടും, കൂടെയുള്ളവർ അറിഞ്ഞാൽ എല്ലാവർക്കും മാനസികമായ ബുദ്ധിമുട്ട് ഉണ്ടാകുമല്ലോ എന്ന് കരുതി അയാൾ എന്നേയോ മറ്റാരെയുമോ അറിയിച്ചില്ല. പക്ഷേ എനിക്ക് കാര്യം മനസ്സിലായപ്പോൾ, യാതൊന്നും

ഞങ്ങൾ അവിശ്വാസികളുടെ മർദനങ്ങളും ദ്രോഹ നടപടികളും കാരണം അവിടെ കഴിഞ്ഞ് കൂടാനാവാതെ ജീവനും കൊണ്ട് സ്വന്തം നാട്ടിൽനിന്ന് ഓടുകയാണ്. കാണുന്നവർക്ക് ഞങ്ങൾ ഉള്ളതെല്ലാം ഇട്ടെറിഞ്ഞ് വെറും കൈയ്യോടെ പുറപ്പെട്ടതാണെന്ന് തോന്നുമെങ്കിലും, ജീവനേക്കാൾ വിലപിടിച്ചതും ഇരുലോകത്തിലേക്ക് വെച്ച് ഏറ്റവും വിലയേറിയതുമായ ധനം ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്നു. നിങ്ങൾക്കറിയുമോ അതെന്താണെന്ന്? അല്ലാഹു മുഴുലോകത്തിനുമായി അയച്ച കാരുണ്യത്തിന്റെ സന്ദേശമാണത്. ഇസ്ലാം എന്ന സന്ദേശം. അതിന്റെ സംരക്ഷണത്തിനായി, അതിനെ ഹൃദയത്തിൽ പേറിക്കൊണ്ട് സുരക്ഷിതസ്ഥാനം തേടി ഓടുകയാണ് ഞങ്ങൾ. അതിനാൽ എന്നെ സംബന്ധിച്ചിടത്തോളം ഒരിക്കലും മറക്കാനാവാത്ത യാത്രയാണിത്. ലോകം നിലനിൽക്കുന്ന കാലത്തോളം ഞങ്ങളുടെ കാൽപാദങ്ങൾ മരുഭൂമിയിലെ മണലിൽ തീർത്ത അടയാളങ്ങൾ നിലനിൽക്കുകതന്നെ ചെയ്യും.

സംഭവിച്ചിട്ടില്ല എന്ന് കാണിക്കാനായി അയാൾ ഞങ്ങളേക്കാൾ വേഗത്തിൽ നടക്കാൻ തുടങ്ങി. പക്ഷേ അവസാനം അയാളുടെ സ്ഥിതി അതീവ ഗുരുതരമായി തീർന്നു. പിന്നീട് അയാൾ കുറെ വേച്ച് വേച്ച് നടക്കാൻ ശ്രമിച്ചെങ്കിലും തീരെ നടക്കാൻ വയ്യാതായി. അവസാനം ഞാൻ അദ്ദേഹത്തെ എന്റെ തോളിൽ താങ്ങികൊണ്ട് യാത്ര തുടർന്നു. ഇത്രയൊക്കെ ആയിട്ടും ഞങ്ങൾ യാത്ര നിർത്തിയില്ല. തുടർന്ന് കൊണ്ടേയിരുന്നു. അങ്ങനെ അല്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ യാത്ര വല്ലാതെ നീണ്ടുപോകുമാ യിരുന്നു. അവസാനം ഞങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതരായി യസ്റബിൽ എത്തി.

എന്റെ കഥ കേൾക്കുന്ന നിങ്ങൾക്ക് ഈ യാത്ര സാധാരണ യാത്രയായി തോന്നിയേക്കാം. ഞാൻ ഈ യാത്രക്ക് ശേഷവും യസ്റബിൽ നിന്ന് മക്കയിലേക്കും തിരിച്ചും പല തവണ യാത്ര ചെയ്തിട്ടുണ്ട്. മറ്റ് ആയിരക്കണക്കിനാളുകൾ ഈവഴിയിൽ യാത്രചെയ്യുന്നു മുണ്ടാകാം. പക്ഷെ ഇത് എന്നെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത അനുഭവമായിരുന്നു. ഞങ്ങൾ അവിശ്വാസികളുടെ മർദനങ്ങളും ദ്രോഹനടപടികളും കാരണം അവിടെ കഴിഞ്ഞ് കൂടാനാവാതെ ജീവനും കൊണ്ട് സ്വന്തം നാട്ടിൽനിന്ന് ഓടുകയാണ്. കാണുന്നവർക്ക് ഞങ്ങൾ ഉള്ളതെല്ലാം ഇട്ടെറിഞ്ഞ് വെറും കൈയ്യോടെ പുറപ്പെട്ടതാണെന്ന് തോന്നുമെങ്കിലും, ജീവനേക്കാൾ വിലപിടിച്ചതും ഇരുലോകത്തിലേക്ക് വെച്ച് ഏറ്റവും വിലയേറിയതുമായ ധനം ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്നു. നിങ്ങൾക്കറിയുമോ അതെന്താണെന്ന്? അല്ലാഹു മുഴുലോകത്തിന്നുമായി അയച്ച കാരുണ്യത്തിന്റെ സന്ദേശമാണത്. ഇസ്ലാം എന്ന സന്ദേശം. അതിന്റെ സംരക്ഷണത്തിനായി, അതിനെ ഹൃദയത്തിൽ പേറിക്കൊണ്ട് സുരക്ഷിതസ്ഥാനം തേടി ഓടുകയാണ് ഞങ്ങൾ. അതിനാൽ എന്നെ സംബന്ധിച്ചിടത്തോളം ഒരിക്കലും മറക്കാനാവാത്ത യാത്രയാണിത്. ലോകംനില നിൽക്കുന്ന കാലത്തോളം ഞങ്ങളുടെ കാൽപാദങ്ങൾ മരുഭൂമിയിലെ മണലിൽ തീർത്ത അടയാളങ്ങൾ നിലനിൽക്കുക തന്നെ ചെയ്യും. അതൊരിക്കലും നശിക്കുകയില്ല. ഇത് ഒരു പുതിയ യുഗത്തിലേക്കുള്ള കാൽവെപ്പായിരുന്നു. ഒരു പുതിയ കാലഘട്ടത്തിന്റെ ആരംഭമായിരുന്നു. ഇസ്ലാം നിലനിൽക്കുന്ന കാലത്തോളം, മുസ്ലിങ്ങൾ ഈ ഭൂതലത്ത് ജീവിക്കുന്നിടത്തോളം ഞങ്ങളുടെ കാൽപാദങ്ങൾ ആ മണലിൽ തീർത്ത അടയാളങ്ങളിൽ നിന്ന് പിൽകാലത്ത് വരുന്നവർ പലതും ഗ്രഹിക്കും പലതും പഠിക്കും തീർച്ച.

## റസൂലിനെകുറിച്ചുള്ള വേവലാതിയും ഉൽകൺഠയും

ബിംബാരാധകരായ മക്കക്കാർ പലതരത്തിലും മുസ്ലീങ്ങളെ യസ്റബിലേക്ക് പലായനം ചെയ്യുന്നതിൽ നിന്നും തടയാൻ ശ്രമിച്ചുകൊണ്ടിരുന്നെങ്കിലും മുസ്ലിങ്ങൾ യസ്റബിലേക്ക് യാത്രയായികൊണ്ടിരുന്നു. കൈയ്യിലെടുക്കാൻ പറ്റുന്നത് മാത്രം എടുത്തുകൊണ്ട് മറ്റെല്ലാം അവിടെ തന്നെ ഉപേക്ഷിച്ചാണ് എല്ലാവരും യാത്രയായത്. മുസ്ലിങ്ങളുടെ ഈ കൂട്ടത്തോടെയുള്ള പലായനവും പുതിയ സ്ഥലത്തുള്ള കുടിയേറ്റവും മുസ്ലിങ്ങളെ ശക്തി പ്രാപിക്കാൻ സഹായിച്ചേക്കാം എന്ന ഭയം നിമിത്തമായിരുന്നു അവർ തടഞ്ഞുകൊണ്ടിരുന്നത്. അവസാനം മക്കയിൽ അല്ലാഹുവിന്റെ റസൂലും അബൂബക്കറും അലിയും ഏതാനും ചില അടിമകളായ മുസ്ലിങ്ങളും മാത്രം ബാക്കിയായി. മറ്റെല്ലാവരും യസ്റബിൽ എത്തി. ഞങ്ങളിൽ എല്ലാതരത്തിലും ശക്തരായ ഹംസയും ഉമറും യസ്റബിൽ എത്തിച്ചേർന്നിട്ടുണ്ട്.

മക്കയിലെ ശാരീരിക പീഡനങ്ങളിൽ നിന്നും തൽക്കാലം രക്ഷപ്പെട്ട് പുതിയ സുരക്ഷിതസ്ഥാനത്ത് ഞങ്ങൾ എത്തിയെങ്കിലും അല്ലാഹുവിന്റെ റസൂലിനെ ഓർത്ത്, റസൂലിന്റെ സുരക്ഷയെ ഓർത്ത് ഞങ്ങൾക്ക് വേവലാതിയായിത്തുടങ്ങി. അല്ലാഹുവിന്റെ റസൂൽ ഇന്ന് വരും, നാളെയെത്തും എന്ന് കരുതി ഞങ്ങൾ ഓരോ ദിവസവും തള്ളിനീക്കി. റസൂലിന്റെ സുരക്ഷയെ കുറിച്ചുള്ള ചിന്ത മക്കയിൽ ഞങ്ങൾ അനുഭവിച്ച ശാരീരിക പീഡനത്തെക്കാളും വലിയ മാനസീക പീഡനമായി മാറി. അല്ലാഹുവിൽ നിന്നുള്ള കൽപന ലഭിക്കാത്തത് കൊണ്ടായിരിക്കാം ഞങ്ങളുടെ എല്ലാമെല്ലാമായ, ഈ ലോകത്തേക്ക് വെച്ച് ഏറ്റവും പ്രിയങ്കരനായ ഞങ്ങളുടെ ജീവനേക്കാൾ എത്രയോ മടങ്ങ് അമൂല്യമായ അല്ലാഹുവിന്റെ റസൂൽ ഞങ്ങളുടെ അടുക്കലേക്ക് വരാത്തത് എന്ന് കരുതിയെങ്കിലും ഞങ്ങൾക്ക് മനസ്സമാധാനം തികച്ചും നഷ്ടപ്പെട്ടു. (തുടരും)

### കടപ്പാട് & അവലംബം


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ

3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.

4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.

5. താരീഖുൽ അമ്പിയാ, വ സ്വഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.


6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ ് ഖാൻ സാഹിബ്. റബ്വ.

7. ദീപാച്ച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)

8. അൽ ഫസൽ ഉറുദു ദിന പത്രങ്ങൾ .. റബ്വ

കുറിപ്പുകൾ

# ഇന്ത്യയുടെ ആകാശക്കുതിപ്പ്



## മുസാഫിർ

2017 ഫെബ്രുവരി 15 ന് ഇന്ത്യയിലെ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിലെ വിക്ഷേപണത്തറയിൽ നിന്ന് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO-Indian Space Reseach Organisation) നിർമിച്ച് വിക്ഷേപിച്ച PSLV റോക്കറ്റ് 104 ഉപഗ്രഹങ്ങൾ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചപ്പോൾ അത് 120കോടി ജനങ്ങളുടെ ആത്മാഭിമാനമായി മാറി.ലോകത്ത് ആദ്യമായാണ് നൂറിലധികം ഉപഗ്രഹങ്ങൾ ഒരുമിച്ച് വിക്ഷേപിക്കുന്നത്. ഇതിന് മുമ്പ് റഷ്യ 37 ഉപഗ്രഹങ്ങൾ ഒന്നിച്ച് വിക്ഷേപിച്ചിരുന്നു. ആ റിക്കാർഡാണ് നമ്മുടെ ഭാരതം തിരുത്തിയത്. ഉപ്രഗ്രഹങ്ങൾ അധികം ചെറിയ വലിപ്പത്തിലുള്ളവയാണ്. 104 എണ്ണത്തിന്റെയും ആകെ ഭാരം 1378 കിലോ ഗ്രാം മാത്രം. ഇന്ത്യ സ്വയം വികസിപ്പിച്ചെടുത്ത പ്രധാന ഉപഗ്രഹമായ കാർട്ടോസാറ്റിന്റെ ഭാരം 714 കിലോഗ്രാം ആണ്. ബാക്കി 103 ഉപഗ്രഹങ്ങളും വളരെ ചെറിയ നാനോ ഉപഗ്രഹങ്ങളാണ്. വിക്ഷേപിച്ചവയിൽ രണ്ട് നാനോ ഉപഗ്രഹങ്ങൾ ഇന്ത്യയുടെതാണ്. മറ്റ് 101 ഉപഗ്രഹങ്ങൾ വിദേശ രാജ്യങ്ങളുടേതാണ്. അതിൽ 96 ഉപഗ്രഹങ്ങൾ അമേരിക്കയിലെ വിവിധ സ്ഥാപനങ്ങളിലേതാണ്.  യു എ ഇ, ഇസ്റയേൽ, ഖസാഖിസ്ഥാൻ, നെതർലാന്റ്, സ്വിസ്റ്റർലന്റ് എന്നീ രാജ്യങ്ങളുടെ ഉപഗ്രഹങ്ങളും കൂട്ടത്തിലുണ്ട്. 500 കിലോ മീറ്റർ ഉയരമുള്ള ഭ്രമണ പഥത്തിൽ നിന്ന് ഉപഗ്രഹങ്ങൾ ഒരു തവണ ഭുമിയെ ചുറ്റാൻ 90 മിനിറ്റാണ് എടുക്കുക. 12

മിനിറ്റ് കൊണ്ടാണ് ISRO ഈ ഉപഗ്രങ്ങളെല്ലാം വിക്ഷേപിച്ചത്. കൂട്ടിയിടി ഒഴിവാക്കാൻ ജോഡികളായി ഇരുവശങ്ങളിലേക്കുമാണ് വിക്ഷേപണം നടത്തിയത്.

ഭൂമിയിലെ ഏതൊരു വസ്തുവിന്റേയും സ്ഥാനം കൃത്യമായി നിർണയി ക്കാനാവുന്ന ഗ്ലോബൽ പൊസിഷനിംങ്ങ് സിസ്റ്റം ഇന്ത്യ തദ്ദേശീയമായി സ്വയം വികസിപ്പിച്ച് ഉപഗ്രഹം മുഖേന കഴിഞ്ഞ വർഷമാണ് സാധ്യമാക്കിയത്. ഇത്‌വരെ 176 വിദേശ ഉപഗ്രഹങ്ങൾ അടക്കം 226 ഉപഗ്രഹങ്ങൾ ISRO വിജയകര മായി ഭ്രമണ പഥത്തിലെത്തിച്ചു കഴിഞ്ഞു. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രം ആ വഴിക്ക് വൻ സാമ്പത്തിനേട്ടവും ഉണ്ടാക്കിയിരിക്കുകയാണ്.

അറിവിന്റെ കേദാരമായ ബഹിരാകാശം വിശുദ്ധ ഖുർആന്റെ ഏറ്റവും ഇഷ്ടപ്പെട്ട ഒരു വിജ്ഞാന വിഷയമാണ്. നമ്മുടെ തലക്ക് മുകളിൽ മൂകവിവൃതമായി നിൽക്കുന്ന ആകാശത്തെ നിരീക്ഷിക്കാനും സഞ്ചാരം നടത്താനും അറിവ് കരസ്ഥമാക്കാനും വിശുദ്ധ ഖുർആനെ പോലെ മനുഷ്യ സമൂഹത്തെ ഉദ്ബോധനം ചെയ്ത് പ്രോത്സാഹിപ്പിച്ച മറ്റൊരു ഗ്രന്ഥവുമില്ല. ഭൂമിയിൽ നിന്നുള്ള സാങ്കേതികമായ നിയന്ത്രണാധികാരമില്ലാതെ നിങ്ങൾക്ക് അത് നിർവഹിക്കാൻ സാദ്ധ്യമല്ല എന്ന് ഉണർത്തിക്കൊണ്ടുള്ള ഖുർആന്റെ ഒരു ആഹ്വാനം നോക്കുക.

***'ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ (സമ്പന്നരും, സാധാരണക്കാരുമായവർ) ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നു പോയിക്കൊള്ളുക. നിയന്ത്രണാധികാരമില്ലാതെ ( ഇല്ലാ ബി സുൽത്താൻ Except Authority ) നിങ്ങൾക്ക് കടന്നു പോകാൻ സാദ്ധ്യമല്ല. (സൂറ: റഹ്മാൻ,55:34)***

നമ്മുടെ രാജ്യം ആ മേഖലയിൽ നേട്ടങ്ങളുണ്ടാക്കി നമുക്ക് സമ്മാനിക്കുമ്പോൾ നന്ദിപൂർവം ദൈവസ്മരണയാണ് നമ്മിലത് ഉണർത്തുന്നത്. വാസ്തവത്തിൽ അറിവിനോടുള്ള മനുഷ്യന്റെ ഒരിക്കലും അടങ്ങാത്ത അദമ്യമായ ദാഹം ശമിപ്പിക്കാനാണ് ഈ രംഗത്തെ ഗവേഷണങ്ങൾക്കുള്ള മുഖ്യ പ്രചോദനം. പെട്ടെന്ന് ലാഭം കൊയ്യുന്ന പണക്കൊതിയന്മാർക്ക് മുതൽ മുടക്കാൻ പറ്റിയ ഇടമല്ല ബഹിരാകാശം. ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം ഗവേഷണങ്ങൾ മനുഷ്യ രാശിക്ക് നൽകുന്ന സദ്ഫലങ്ങൾ വിവരണാതീതമാണ്. കൃത്രിമ ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള ടെലിവിഷൻ, ടെലിഫോൺ, ഇന്റർ നെറ്റ് മുതലായ വാർത്താ വിനിമയ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് കാരണം സ്പേസ് സയൻസാണ്. അത്പോലെ ജിയോ പൊസിഷനിങ്ങ്, കാലാവസ്ഥ പ്രവചനം, ഭൂമിയിലെ വിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള ഭൗമസർവേകൾ മുതലായ ശാസ്ത്ര നേട്ടങ്ങളും മെഡിക്കൽ, വ്യവസായ കാർഷിക രംഗത്തുള്ള നിരവധി ഉപകരണങ്ങൾ എയ്റോനോട്ടിക്സ്, ലാപ്പ്ടോപ്പ്, വൈഫൈ ട്രാസ് മിറ്റിംങ്ങ് സിസ്റ്റം, അത് പോലെ നോൺസ്റ്റിക്ക് മൈക്രോ വേവ് ഓവൻ മുതലായ വീട്ടുപകരണങ്ങൾ, ന്യൂട്രീഷൻ സമ്പന്നമായ ബേബി ഫുഡുകൾ മുതലായ നിരവധി ഭക്ഷ്യവസ്തുക്കൾ എന്നിവയെല്ലാം ബഹിരാകാശ ശാസ്ത്രത്തിന്റെ വിദൂര ഫലങ്ങളാണ്. ഇത്തരം ഗവേഷണങ്ങങ്ങളും കണ്ടെത്തലുകളുമാണ് മനുഷ്യ സമൂഹത്തിന്റെ ഭൗതിക രംഗത്ത് വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തിയത്. അത് മാത്രമല്ല അന്താരാഷ്ട്ര സഹകരണ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സംഘർഷലഘൂകരണത്തിനും ബഹിരാകാശ ശാസ്ത്രം പോലെ സഹായകരമായ മറ്റൊന്നില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന രാജ്യങ്ങളുടെ വിവരങ്ങൾ പരസ്പരം കൈമാറാതെയും സഹായിക്കാതെയും സ്പെയ്സ് സയൻസിൽ ലോകത്തിലെ ഒരു രാജ്യത്തിനും മുന്നോട്ടു പോകാൻ കഴിയില്ല.

ബഹിരാകാശത്ത് സഞ്ചരിക്കാനും നിരീക്ഷിക്കാനും നിരന്തരം ഉദ്ബോധിപ്പിച്ചു കൊണ്ടിരിക്കുന്ന ഒരു വിശുദ്ധ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അത് മുസ്‌ലിംകളുടെ കയ്യിലുണ്ടായിരുന്നിട്ടും മദ്ധ്യകാല ഘട്ടത്തിലെ ഐതിഹാസികമായ വിജ്ഞാന പാരമ്പര്യത്തിന്റെ നേരവകാശികളായിരുന്നിട്ടും ആധുനിക മുസ്‌ലിം ലോകം സ്പേയ്സ് സയൻസിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു സമൂഹമാണ്. ഒരു മൊട്ടു സൂചി പോലും പരസഹായം കൂടാതെ സ്വയം നിർമ്മിക്കാനുള്ള ശാസ്ത്ര വളർച്ച മുസ്‌ലിം രാജ്യങ്ങൾക്കില്ല എന്ന് പറഞ്ഞാൽ അത് അതിശയോക്തിയാകില്ല. ഈ അവസ്ഥ അവരുടെ പരാശ്രയത്വത്തിന്റെ പരാധീനത വ്യക്തമാക്കുന്നു.

നമ്മുടെ തൊട്ട് അയൽ രാജ്യമായ പാകിസ്താനെ നോക്കൂ. സ്പേയ്സ് സയിൻസിൽ പാകിസ്താൻ നമ്മെക്കാൾ വളരെ പിന്നിലാണ്. ഈ രംഗത്ത് തുടക്കം കുറിച്ച ഏഷ്യൻ രാജ്യങ്ങളിലൊന്നാണ് പാകിസ്താൻ. ഇന്ത്യയെക്കാൾ 8 വർഷം മുമ്പാണ് അവർ സ്പേയ്സ് പ്രോഗ്രമിംങ്ങ് തുടങ്ങിയത്. പാകിസ്താന്റെ എക്കാലത്തേയും വലിയ ഭൗതിക ശാസ്ത്രജ്ഞനും വിശ്വപ്രശസ്തനായ നോബൽ സമ്മാന ജേതാവും അഹ്മദിയുമായ പ്രൊഫ. അബ്ദുസ്സലാമായിരുന്നു പാകിസ്താൻ ബഹിരാകാശ ശാസ്ത്രത്തിന്റെയും പിതാവ്. 1957 ൽ സോവിയറ്റ് യൂണിയൻ ലോകത്ത് ആദ്യമായി ബഹിരാകാശത്തേക്ക് സ്പുട്നിക്ക് വിക്ഷേപിച്ച കാലം. പാകിസ്താന്റെ പുരോഗതിക്കും ക്ഷേമത്തിനും ബഹിരാകാശ രംഗത്ത് മുന്നേറ്റം നടത്തേണ്ടതിന്റെ ആവശ്യം അന്നത്തെ പാകിസ്താൻ പ്രസിഡണ്ട് ഫീൽഡ് മാർഷൽ അയ്യൂബ് ഖാനെ അബ്ദുസ്സലാം

ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അങ്ങനെയാണ് 1961 സുപാർക്കോ (SUPARCO -Space and Upper Atmosphere Resech Commission) എന്ന പേരിൽ പാകിസ്താൻ ബഹിരകാശ ഗവേഷണ സ്ഥാപനം ആരംഭിക്കുന്നത്. സുപാർക്കോയുടെ സ്ഥാപക ഡയറക്ടറും ആദ്യത്തെ അഡ്മിനിസ്ട്രേറ്ററും അബ്ദുസ്സലാം സാഹിബ് തന്നെയായിരുന്നു. രാഷ്ട്രീയക്കാർക്ക് കുടുതൽ കൈകടത്താൻ സാദ്ധ്യമല്ലാത്ത രീതിയിലുള്ള ശാസ്ത്രത്തിന് വേണ്ടി മാത്രം സമർപ്പിക്കപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമായിരുന്നു അത്. അടിസ്ഥാനപരമായി ന്യൂക്ലിയർ സയന്റിസ്റ്റായിരുന്ന സലാം സാഹിബ് ആണവോർജ്ജം സമാധാന ആവശ്യങ്ങൾക്ക് വേണ്ടിമാത്രം ഉപയോഗിക്കണമെന്ന ശക്തമായ നിലപാടുള്ള വിശ്വപ്രശസ്തനായ സമാധാന വാദിയുമായിരുന്നു. ആറ്റം ഫോർ പീസ് എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. അണുശാസ്ത്രത്തിന്റെ സൈനികവത്ക്കരണത്തിന്ന് അദ്ദേഹം എല്ലാ കാലത്തും എതിരായിരുന്നു.

ആഗോള ഭൗതിക ശാസ്ത്ര രംഗത്തെ അദ്വിതീയനും അധൃഷ്യ വ്യക്തിത്വത്തിന്നുടമയുമായ അബ്ദുസ്സലാം സാഹിബ് തുടക്കത്തിൽ തന്നെ തന്റെ അന്തർ ദേശീയ സ്വാധീനം ഉപയോഗിച്ച് 4 പാകിസ്താനി ശാസ്ത്രജ്ഞരെ നാസയിലേക്ക് പഠന പരിശീലനത്തിനയക്കുകയുണ്ടായി. വികസിത രാജ്യങ്ങളിലെ ശാസ്ത്ര സമൂഹവുമായുള്ള ബന്ധം ഉപയോഗിച്ച് പാകിസ്താൻ ബഹിരാകാശ രംഗം ഒരു കുതിച്ച് ചാട്ടത്തിന് തയ്യാറെടുക്കുകയായിരുന്നു. 1962 ൽ ഖര ഇന്ധന മുപയോഗിച്ചു കൊണ്ടുള്ള ആദ്യത്തെ റഹ്ബാൻ 1 റോക്കറ്റ് പാകിസ്താൻ നാസയുടെ സഹായത്തോടെ വിജയകരമായി തൊടുത്തുവിടുകയുണ്ടയി. ഇന്ത്യ അന്ന് റോക്കറ്റ് വിക്ഷേപിച്ചിട്ടുണ്ടായിരുന്നില്ല. ഇസ്റായേലിനും ജപ്പാനും ശേഷം ആദ്യം റോക്കറ്റ് വിക്ഷേപിക്കുന്ന ഏഷ്യൻ രാജ്യവും പാകിസ്താനായിരുന്നു. ആകാശത്ത് കൂടുതൽ ഗവേഷണങ്ങൾക്ക് പണം മുടക്കി അറിവിന്റെ മേഖല വിപുലപ്പെടുത്തുകയാണ് പുരോഗതി ആഗ്രഹിക്കുന്ന വിവേകമുള്ള ഏതൊരു ആധുനിക രാജ്യവും ചെയ്യുക. അത് വഴി രാജ്യത്തിന്റെ സമസ്ത മേഖലകളും പുരോഗതിയിലേക്ക് നയിക്കപ്പെടുന്നു. ആ ലക്ഷ്യത്തിലേക്കെത്താൻ അല്ലാഹു പാകിസ്താന് സമ്മാനിച്ച് ഒരു മഹാ പ്രതിഭയായിരുന്നു പ്രൊഫ. അബ്ദുസ്സലാം സാഹിബ്. നിർഭാഗ്യവതിയായ പാകിസ്താന് മത യാഥാസ്ഥിതികത്വം ബാധിച്ച ജിഹാദികളുടെ പറുദീസയായി മാറുകയായിരുന്നു വിധി. പാകിസ്താൻ ഈയൊരു കുതിപ്പിന്ന് തയ്യാറെടുക്കുമ്പോഴാണ് അനേകം ദുർമോഹങ്ങളും ദുരാഗ്രഹങ്ങളുമായി സുൽഫിക്കർ അലി ഭൂട്ടോ പാകിസ്താൻ പ്രധാന മന്ത്രി പദത്തിലേക്ക് കടന്നു വരുന്നത്. അദ്ദേഹം പാകിസ്താനിലെ ശാസ്ത്ര വികസന രംഗത്തെ രാഷ്ട്രീയവത്ക്കരിക്കുകയും സൈനികവത്ക്കരിക്കുകയും ചെയ്തു. ന്യൂക്ലിയർ ബോംബ് നിർമാണത്തിനായി പാകിസ്താൻ ശാസ്ത്ര രംഗത്തെ പരിവർത്തിക്കുകയുണ്ടായി. ബഹിരാകാശ ഗവേഷണങ്ങൾക്ക് പകരം ആണവ മിസൈലിനുള്ള ഗവേഷണങ്ങളാണ് പിന്നീട് പാകിസ്താനിൽ നടന്നത്. പാകിസ്താൻ ശാസ്ത്ര രംഗത്ത് എന്തെങ്കിലും ഒരു മുന്നേറ്റം നടത്താൻ ശേഷിയുള്ള ഒരേയൊരു ശാസ്ത്ര പ്രതിഭയായിരുന്നു പ്രൊഫ. അബ്ദുസ്സലാം. അദ്ദേഹം ഉൾപ്പെട്ട അഹ്മദിയ്യാ ജമാഅത്തിനെ 1974ൽ പാകിസ്താൻ പാർലമെന്റ് അമുസ്ലിം ന്യൂനപക്ഷമാക്കി പ്ര ഖ്യാപിച്ചു. പിന്നീട് കാര്യങ്ങളെല്ലാം കുഴഞ്ഞു മറിഞ്ഞു. വർഗീയ വാദികളായ ജിഹാദികൾക്ക് പ്രാമുഖ്യമുള്ള പാകിസ്താൻ രാഷ്ട്രീയത്തോടുള്ള പ്രതിഷേധസൂചകമായി സലാം സാഹിബ് പാകിസ്താൻ വിടുകയും പിന്നീട് ഐക്യരാഷ്ട്ര സഭയുമായി സഹകരിച്ച് പ്രവർത്തിക്കുകയും നോബേൽ സമ്മാനിതനാവുകയുമാണുണ്ടായത്. സ്വന്തം നാടിന് നോബേൽ സമ്മാനം വാങ്ങിച്ചു കൊടുത്ത മഹനായ ആ ശാസ്ത്ര പ്രതിഭയുടെ നാമം സ്കൂൾ പാഠപുസ്തകങ്ങളിൽ നിന്ന് പോലും പാകിസ്താൻ നീക്കം ചെയ്തു. അത്തരത്തിൽ മതാന്ധത ബാധിച്ച ഒരു നാട് എങ്ങനെ ശാസ്ത്ര രംഗത്ത് മുന്നേറും? ഒരു പാകിസ്താൻ മാത്രമല്ല എല്ലാ മുസ്‌ലിം നാടുകളും പൊതുവേ ശാസ്ത്രത്തോട് കാണിക്കുന്ന ഈ അലസവും ഉദാസീനവുമായ ഈ സമീപനം മാറ്റേണ്ടുതുണ്ട്. സർദോന്മുഖമായി മുസ്‌ലിം സമൂഹത്തെ ബാധിച്ച ജീർണ്ണത തന്നെയാണ് ഇവിടെയും പ്രശ്നമായി നിൽക്കുന്നത്.

## അനുസ്മരണം



കരുനാഗപ്പള്ളി ജമാഅത്തിലെ മണ്ണാരയ്യത്ത് വീട്ടിൽ പരേതനായ എ അബ്ദുർറഹീമിന്റെ മകൻ ഹാഷിം (37) 19 ജനുവരി 2017 ന് നിര്യാതനായി. (ഇന്നാലില്ലാഹി..) മാതാവ്: നുസ്രത്ത് സാഹിബ. സഹോദരിമാർ: നാജിയ സാഹിബ, ഷിഫാ സാഹിബ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

- എ. അബ്ദുൽ റഷീദ്

Published on 7.03. 2017

Pages 44

Vol: 89 Issue. 3

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2015-17

Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com